LIGHTED TO LIGHTEN
പ്രകാശനായ
പ്രകാശിതഃ

# മലങ്കര സഭാതാരക

MALANKARA SABHA THARAKA

January 2023 Volume 131 Issue 01 വില: 8.50



## പുതുവർഷം: പ്രകാശത്തിലേക്കുള്ള ഉണർത്തുപാട്ട്



**അഭിവന്ദ്യ മാർത്തോമ്മ മെത്രാപ്പോലീത്താ, അഭിവന്ദ്യ തോമസ് മാർ തിമഥിയോസ് എപ്പിസ്കോപ്പ,
സഭാ സെക്രട്ടറി റവ. സി. വി. സൈമൺ, മുതലായവർ തിരുവനന്തപുരത്ത് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഒരുക്കിയ
ക്രിസ്തുമസ് വിരുന്നു സൽക്കാരത്തിൽ പങ്കെടുക്കാൻ എത്തിയപ്പോൾ.**




**നിരണം – മാരാമൺ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ക്രമീകരിച്ച മാർത്തോമ്മാ സഭാ ദിന പൊതു പരിപാടി ഗോവ ഗവർണർ
ശ്രീ. പി. എസ്. ശ്രീധരൻ പിള്ള അഭിവന്ദ്യ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ സാന്നിധ്യത്തിൽ ഉദ്ഘാടനം ചെയ്യുന്നു**



**Pontifical Council for Promoting Christian Unity സെക്രട്ടറി മോസ്റ്റ് റവ. ബ്രയൻ ഫറേൽ L.C. സഹപ്രവർത്തകരോടൊപ്പം
അഭിവന്ദ്യ മാർത്തോമ്മാ മെത്രാപ്പോലീത്തായെ സന്ദർശിച്ചപ്പോൾ. അഭിവന്ദ്യ ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ
മെത്രാപ്പോലീത്ത, അഭിവന്ദ്യ തോമസ് മാർ കൂറിലോസ് എന്നിവർ സമീപം**




**തിരുവല്ല വാരിക്കാട് സി.എസ്. ഐ. ബെഥേൽ ആശ്രമത്തിലെ ശതാബ്ദി
ആഘോഷങ്ങൾ അഭിവന്ദ്യ മാർത്തോമ്മാ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു**



**ചരൽക്കുന്നിൽ നടന്ന മാർത്തോമ്മാ വാർഷിക
വൈദിക സമ്മേളനം അഭിവന്ദ്യ മെത്രാപ്പോലീത്ത
ഉദ്ഘാടനം ചെയ്യുന്നു**

പ്രകാശനായ
പ്രകാശിതഃ

# മലങ്കര സഭാതാരക

പുസ്തകം 131 ലക്കം 01 ജനുവരി 2023



## ഉള്ളടക്കം

04 മെത്രാപ്പോലീത്തായുടെ കത്ത്

08 വിചാരദീപ്തി

09 എഡിറ്റോറിയൽ

10 മനുഷ്യഹൃദയങ്ങളിലെ അഗ്നിജ്വാലകൾ
റവ. ഷൈമോൻ ഏലിയാസ്

14 ശ്വാസം മുട്ടുന്ന ലോകത്തിലെ ബദൽ ദർശനങ്ങൾ
റവ. അലക്സ് മൈലച്ചൽ

18 പുതുവർഷത്തിന്റെ പുണ്യം
ഡോ. സിറിയക് തോമസ്

20 നിത്യമാം പ്രകാശമേ വഴി നടത്തുക
തോമസ് അലക്സാണ്ടർ

22 May the light in you not be darkened
Ginju Elsa Mathew

24 ജീവിക്കുന്ന സഭ
റവ. കുര്യൻ തോമസ് മല്ലപ്പള്ളി

27 The time has come for you to wake up from your sleep...
Andrew M. Idichandy

29 വാർദ്ധക്യത്തിലെ മാനസിക പ്രശ്നങ്ങൾ
റവ. ഡോ. ഡാനിയേൽ മാമ്മൻ

33 ജ്ഞാനം വിളിച്ചു പറയുന്ന അനുഭവങ്ങൾ
റവ. റെജി ഡാൻ കെ. ഫിലിപ്പോസ്

35 മറവി ഒരു രോഗമോ...
റവ.സുരേഷ് വർഗ്ഗീസ്

37 മഴ നനയുമ്പോൾ
റവ.ഡോ. രഞ്ജൻ നെല്ലിമൂട്ടിൽ

38 പാപിനി
ചാക്കോ ഇട്ടിച്ചെറിയ

## പത്രാധിപസമിതി

ചെയർമാൻ: **റൈറ്റ് റവ. ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പാ**
ചീഫ് എഡിറ്റർ: **റവ. ഡോ. രഞ്ജൻ ജോൺ നെല്ലിമൂട്ടിൽ**
മാനേജർ: **റവ. ഡോ. റ്റി. റ്റി. സഖറിയ**
**പത്രാധിപസമിതി:** റവ. പി. ജെ. വർഗ്ഗീസ്, ശ്രീ. തോമസ് അലക്സാണ്ടർ (സാം ചെമ്പകത്തിൽ)
ഡോ. മാത്യൂസ് ജോർജ്ജ് ചുനക്കര, ഡോ. മേരി ഏബ്രഹാം മാത്യൂസ്

**മാനേജിംഗ് കമ്മിറ്റി**
ഡോ. ജോൺ മാത്യു, ശ്രീ. മോഡി പി. ജോർജ്ജ് പത്തിയൂർ, ശ്രീ. റെജി ജോർജ്ജ്, യുഎസ്എ, ശ്രീ. ഷാജി തങ്കച്ചൻ, ശ്രീ. ടിറ്റി എം. വർഗ്ഗീസ്

**വരിസംഖ്യ ഇന്ത്യയിൽ**
(തപാൽ ചെലവ് ഉൾപ്പെടെ) വാർഷികം ₹ **200.00**
ആയുഷ്ക്കാലം ₹ **3500.00** (25 വർഷം)
സ്ഥിരകാലം (സ്ഥാപനങ്ങൾക്ക്) ₹ **5000.00** (40 വർഷം)
**വിദേശങ്ങളിൽ**: Air Mail Charge ₹ **1500/-**
ഒരുവർഷത്തേയ്ക്ക് (വരിസംഖ്യ കൂടാതെ)

പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം:
**റവ. ഡോ. രഞ്ജൻ ജോൺ നെല്ലിമൂട്ടിൽ, ചീഫ് എഡിറ്റർ, സഭാതാരക, മാർത്തോമ്മാ സഭാ ഓഫീസ്, തിരുവല്ല 689 101,**
**Ph: 0469 - 2630968 (OFFICE)**
tharakachiefeditor@gmail.com • sabhatharaka@yahoo.com

സഭാതാരകയ്ക്കുള്ള വരിസംഖ്യ, മാസിക സംബന്ധമായ കത്തുകൾ, ഇവ അയയ്ക്കുമ്പോൾ സബ്സ്ക്രൈബർ നമ്പർ കാണിച്ചിരിക്കണം. പണവും, കത്തുകളും, **റവ. ഡോ. റ്റി. റ്റി. സഖറിയ, മാനേജർ, സഭാതാരക, തിരുവല്ല,** കേരളം, പിൻ: 689 101. ഫോൺ: 0469 - 2630968 (0) എന്ന വിലാസത്തിൽ അയയ്ക്കുക.

പ്രിന്റിംഗ്: മാർത്തോമ്മാ പ്രസ്സ്
Cover Design & Layout: Crayons Media, +91 9495901381

Mar Thoma Syrian Church: www.marthomasyrianChurch.org
www.tharakaonline.org



ജനുവരി 2023

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം

2022 നമ്മെ വിട്ട് കടന്നുപോകുന്നു. ആണ്ടിന്റെ ആരംഭം മുതൽ അവസാനം വരെയും അതിശയകരമായി നമ്മെ പരിപാലിച്ച ദൈവത്തിന് സ്തുതി സ്തോത്രങ്ങൾ അർപ്പിക്കാം. കോവിഡിനോടു ചേർന്നുള്ള ഒരു നവലോക ക്രമമുണ്ട് എന്ന് തോന്നിപ്പിച്ച ഒരു വർഷമായിരുന്നു 2022. എന്നാൽ ചരിത്രത്തിലെ ഏറ്റം ദുരന്തപൂർണമായ യുദ്ധങ്ങൾക്കും പലായനങ്ങൾക്കും സാക്ഷ്യം വഹിച്ച ഒരു വർഷം കൂടിയായിരുന്നു അത്. ദേശീയതകൾ തമ്മിലുള്ള സംഘർഷവും, ജാതി-വംശ-ലിംഗ ഭേദങ്ങളുടെ പേരിലുള്ള ചേരിതിരിവും വർദ്ധിച്ചു. തെക്കേ സുഡാൻ, അഫ്ഗാനിസ്ഥാൻ, സിറിയ, ബംഗ്ലാദേശ്, ശ്രീലങ്ക, ഉക്രൈൻ എന്നീ പ്രദേശങ്ങളിൽനിന്നുള്ള അഭയാർത്ഥി പ്രവാഹം വർധിച്ചു വരുന്നതോടൊപ്പം ഇന്ത്യ പോലുള്ള വികസ്വര രാജ്യങ്ങളിൽ നിന്നും യുവതലമുറ വികസിത രാജ്യങ്ങളിലേക്ക് കുടിയേറുന്നതും ഒരു യാഥാർഥ്യമായി നിലനിൽക്കുന്നു. രാഷ്ട്രീയ അരക്ഷിതാവസ്ഥയും, സാമ്പത്തിക കെടുകാര്യസ്ഥതയും, യുദ്ധങ്ങളും, പ്രകൃതി ദുരന്തങ്ങളും സൃഷ്ടിച്ച വിനാശത്തിന്റെ വക്രത്തിൽ നിന്നും രക്ഷപെടാനുള്ള മനുഷ്യരുടെ നെട്ടോട്ടത്തിനു നേർ സാക്ഷികളാണ് നാം. ദേശ, രാഷ്ട്ര അതിരുകളെ ഭേദിച്ചുള്ള അതിജീവനത്തിന്റെ ഈ യാത്ര നീതി ബോധത്തിലുറച്ച വിഭവ വിതരണം സാദ്ധ്യമാകേണ്ട ഒരു ലോകക്രമത്തെ സ്വപ്നം കാണുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. 2023 എന്ന പുതുവർഷത്തിലേക്ക് ദൈവം തന്റെ കരുണയാൽ നമ്മെ പ്രവേശിപ്പിക്കുന്നു. കാലഗണനക്രമത്തിൽ ഒരുവർഷം കൂടി ചേരുന്നു എന്നതിനപ്പുറമായി തീരുമാനങ്ങളിലെയും ദർശനങ്ങളിലെയും പുതുമകളിലാണ് പുതുവർഷത്തിന്റെ സാംഗത്യം. കാലങ്ങളെയും സമയങ്ങളെയും ചരിത്രഗതിയെയും നിയന്ത്രിക്കുന്ന ദൈവം നമ്മോടു കൂടെ. എല്ലാവർക്കും സമൃദ്ധമായ ജീവനെ പ്രദാനം ചെയ്യുന്ന ഒരു ലോകം സാധ്യമായേ മതിയാകൂ. ദൈവരാജ്യത്തിന്റെ കാതലായ സന്ദേശം അതത്രെ. അത്തരം ഒരു ലോകമാകട്ടെ പുതുവർഷത്തിന്റെ പ്രത്യാശ.

'ഭൂമിയുടെ അറ്റത്തോളം നിങ്ങൾ എന്റെ സാക്ഷികളാകുവീൻ' എന്ന യേശു കർത്താവിന്റെ വലിയ നിയോഗം ഏറ്റെടുത്ത് ഭാരതത്തിലേക്ക് വന്ന വി.തോമസ് അപ്പോസ്തോലനെ അനുസ്മരിക്കുന്ന ദിനമാണല്ലോ ഡിസംബർ മാസം 21-ാം തീയതി. മലങ്കര മാർത്തോമ്മാ സുറിയാനി സഭ എല്ലാവർഷവും ഈ പ്രത്യേക ദിവസം സഭാദിനമായി കൊണ്ടാടുകയും അപ്പോസ്തോലനിലൂടെ മലങ്കര സഭയിൽ തെളിക്കപ്പെട്ട സുവിശേഷദീപം അണയാതെ കാക്കുവാൻ പ്രതിജ്ഞാബദ്ധരാകുകയും ചെയ്യുന്നു. 2022 ലെ സഭാദിനം പ്രാർത്ഥനാ ദിനമായി വേർതിരിച്ച് മദ്ധ്യസ്ഥ പ്രാർത്ഥനയോ പ്രാർത്ഥനാ ശൃംഖലയോ ക്രമീകരിക്കുന്നതിന് മിക്ക ഇടവകകളും ക്രമീകരണം ചെയ്തു എന്നത് സന്തോഷകരമാണ്. നിരണം-മാരാമൺ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ഭദ്രാസനത്തിലെ ഇടവകകളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു പ്രത്യേകസമ്മേളനം നിരണം യെരുശലേം മാർത്തോമ്മാ പള്ളിയിൽ വെച്ച് നടത്തി. ഗോവ സംസ്ഥാന ഗവർണർ ബഹു. ശ്രീ. പി. എസ്. ശ്രീധരൻ പിള്ളയും ചങ്ങനാശേരി ആർച്ച് ബിഷപ്പ് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം തിരുമേനിയും വിശിഷ്ടാതിഥികളായി സംബന്ധിച്ചു. നിരണം-മാരാമൺ ഭദ്രാസന ചുമതലക്കാരെയും, നിരണം യെരുശലേം മാർത്തോമ്മാ ഇടവക കൈസ്ഥാന സമിതിയേയും അഭിനന്ദിക്കുന്നു. സഭയുടെ പൗരാണിക തനിമയും നവീകരണ ദർശനവും ഉയർത്തിപ്പിടിച്ച് ദൗത്യ മേഖലയിൽ പുത്തൻ ഉണർവ്വോടെ പ്രവർത്തിക്കുവാനും നിയോഗങ്ങളുടെ നിറവേറലിനായി സ്വയം സമർപ്പിതരാകുവാനും ഇത്തരത്തിലുള്ള ഉദ്യമങ്ങളിലൂടെ സാധ്യമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

വലിയ വിവാദവും സംഘർഷഭരിതവുമായ വിഴിഞ്ഞം സമരം ഒടുവിൽ ഒത്തുതീർപ്പായി എന്നത് ഏറെ ആശ്വാസകരമാണ്. മുഖ്യമന്ത്രിയും സമരസമിതിയുമായി നടത്തിയ ചർച്ചയെ തുടർന്നാണ് 140 ദിവസങ്ങൾ പിന്നിട്ട സമരം അവസാനിച്ചത്. പുനരധിവാസത്തിലാണ് പ്രധാന സമവായം. തീരശോഷണം മൂലം വീട് നഷ്ടപ്പെടുന്നവർക്കുള്ള ഫ്ളാറ്റുകളുടെ നിർമ്മാണം ഒന്നര വർഷത്തിനുള്ളിൽ പൂർത്തിയാക്കുമെന്ന് സർക്കാർ

ഉറപ്പ് നൽകി. ഇത് അടിയന്തിര ആവശ്യമായി കരുതി കാലവിളംബം വരുത്താതെ നടപ്പിലാക്കുവാൻ സാധിക്കണം. വലിയ സമ്മർദ്ദങ്ങൾക്ക് മുമ്പിൽ മുട്ട് മടക്കാതെ സഹന സമരത്തിന് നേതൃത്വം നൽകിയ ലത്തീൻ കത്തോലിക്ക സഭയെ വിശേഷാൽ അനുമോദിക്കുന്നു. ജീവൻ കാത്ത്സൂക്ഷിക്കുവാൻ വേണ്ടിയുള്ള ജനങ്ങളുടെ പോരാട്ടത്തിൽ പങ്ക് ചേരുമ്പോഴാണ് സഭ യഥാർത്ഥത്തിൽ സഭയായി തീരുന്നത്.

ബഫർസോൺ സംബന്ധിച്ച തർക്കങ്ങളും ചർച്ചകളിലൂടെ പരിഹരിക്കാൻ ശ്രമിക്കുന്നതു ഉചിതമാകും. പരിസ്ഥിതിലോല മേഖല നിർണ്ണയത്തിന് തയ്യാറാക്കിയ ഉപഗ്രഹ സർവ്വേ സംബന്ധിച്ച് ജനങ്ങൾക്കുള്ള ആശങ്ക പരിഹരിക്കുവാൻ കേരള സർക്കാർ നടപടികൾ സ്വീകരിക്കേണ്ടതാണ്. കേരളം പോലെ ജനസാന്ദ്രത ഏറെയുള്ള ഒരു സംസ്ഥാനത്തു മനുഷ്യർക്കു താമസിക്കാനുള്ള ഭൂമിയുടെ പരിമിതിയും ഈ പ്രശ്നത്തെ ഏറെ സങ്കീർണ്ണമാക്കുന്നു. ജനവാസ മേഖലകളെ സംബന്ധിച്ചു കൂടുതൽ വ്യക്തത വരുത്തേണ്ടതും ആവശ്യമാണ്. ലക്ഷക്കണക്കിന് ജനങ്ങളുടെ ഭവനങ്ങളും കൃഷിയിടങ്ങളും നഷ്ടപ്പെടുവാനുള്ള സാധ്യതയുണ്ട്. ജനങ്ങളുടെ ജീവിക്കുവാനുള്ള അവകാശമാണ് ഇതിലൂടെ ലംഘിക്കപ്പെടുന്നത്. ഇത് സമൂഹത്തിൽ വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുകയും ജനങ്ങളുടെ ദൈനംദിന ജീവിതത്തെയും തൊഴിലിനേയും ബാധിക്കുകയും ചെയ്യും. ഗവൺമെന്റും കർഷകരും തമ്മിലുള്ള പോർവിളിക്കപ്പുറമായി സംഭാഷണത്തിന്റെ വാതായനങ്ങൾ തുറക്കുവാൻ സാധ്യമാകട്ടെ എന്ന് പ്രാർത്ഥിക്കാം. ജനങ്ങളുടെ ഭീതി അകറ്റുന്നതിനു സർക്കാരിന്റെ അടിയന്തര ഇടപെടൽ ഉണ്ടാകണം.

രാജസ്ഥാനിലെ കോട്ടായിൽ മെഡിക്കൽ, എഞ്ചിനീയറിംഗ് പരീക്ഷകൾക്കായി തയ്യാറെടുക്കുന്ന 14 കുട്ടികളാണ് ഈവർഷം മാത്രം ആത്മഹത്യ ചെയ്തത്. കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ 56 കുട്ടികൾ ആത്മഹത്യ ചെയ്തു. പഠനത്തിന്റെ സംഘർഷത്തോടൊപ്പം രക്ഷിതാക്കളുടെയും പഠിക്കുന്ന സ്ഥാപനത്തിന്റെയും പ്രതീക്ഷ പൂർത്തീകരിക്കാൻ സാധിക്കാത്തതാണ് ആത്മഹത്യാകാരണമായി പറയപ്പെടുന്നത്. എഞ്ചിനീയറിംഗും മെഡിസിനും മാത്രമാണ് ഉദാത്ത ജോലികൾ എന്ന് ഇന്നും കരുതുന്ന മധ്യവർഗ സമൂഹത്തിന്റെ പൊള്ളത്തരങ്ങളും മിടുക്കരായ കുട്ടികളെ അവരുടെ കഴിവുകൾ അനുസരിച്ചു അഭ്യസനം ചെയ്യിക്കുവാൻ പ്രാപ്തമല്ലാത്ത സർക്കാർ സംവിധാനങ്ങളുമാണ് ഇത്തരം സംഭവങ്ങളിലൂടെ വെളിവാക്കപ്പെടുന്നത്. വിദ്യാഭ്യാസം ജീവനോപാധിക്കുള്ള ഒരു ആയുധം മാത്രമല്ല, പ്രത്യുത ജീവന്റെ പൂർണതയിലേക്ക് നയിക്കേണ്ട അഭ്യസനമാണെന്നു നാം മനസ്സിലാക്കിയിരുന്നെങ്കിൽ നന്നായിരുന്നു. ആത്മഹത്യ ഒന്നിനും ഒരു പരിഹാരമല്ല എന്ന് എല്ലാവരും തിരിച്ചറിയേണ്ടിയിരിക്കുന്നു. അതിജീവനത്തിന്റെ ആത്മാവോടു കൂടെ ജീവനെ തിരികെ പിടിക്കുന്ന തലമുറകളെ നമുക്ക് രൂപപ്പെടുത്താം.

ജനുവരി 18 മുതൽ 25 വരെ ഐക്യ പ്രാർത്ഥന വാരമായി (Unity Octave) വേർതിരിച്ചിരിക്കുന്നു. 'നന്മ ചെയ്യുവാൻ പഠിപ്പീൻ; ന്യായം അന്വേഷിപ്പീൻ' (യെശ 1: 17) എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം. അമേരിക്കയിലെ മിനിസോട്ട കൗൺസിൽ ഓഫ് ചർച്ചസ് ആണ് ആരാധന ക്രമം ക്രമീകരിച്ചത്. നീതിരാഹിത്യവും, അസമത്വവും ഏറെ പ്രബലമായിരുന്ന ഒരു സാമൂഹിക പശ്ചാത്തലത്തിലെ പ്രവാചക വിളിയാണ് ഈ വർഷത്തെ ചിന്തയ്ക്കാധാരം എന്നത് ഏറെ ശ്രദ്ധേയം. പ്രാദേശികമായി ഐക്യ ആരാധനകൾ ക്രമീകരിക്കുന്നത് ഉചിതമാകും. ജനുവരി 22 ഞായറാഴ്ച സഭകളുടെ ദേശീയ കൂട്ടായ്മയായ നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ ദിനമായി വേർതിരിച്ചിരിക്കുന്നു. സഭകളുടെ കൂട്ടായ്മകളെ പ്രോത്സാഹിപ്പിക്കുന്ന എല്ലാ പ്രവർത്തനങ്ങളെയും പ്രത്യേകം പ്രാർത്ഥനയിൽ ഓർക്കാം.

ഇന്ത്യയിലെ ചില സംസ്ഥാനങ്ങളിൽ, പ്രത്യേകിച്ച് ഉത്തർപ്രദേശ്, ഛത്തിസ്ഗഡ് എന്നീ സംസ്ഥാനങ്ങളിൽ മതം മാറ്റം ആരോപിച്ചു ചില പള്ളികൾക്കുനേരെ അക്രമങ്ങൾ അഴിച്ചു വിട്ടു എന്നത് ഒട്ടും ആശാസ്യമായ വാർത്തയല്ല. ഛത്തിസ്ഗഡിൽ ഒരു ഗ്രാമത്തിലെ ഇരുനൂറോളം വരുന്ന ക്രൈസ്തവ വിശ്വാസികളെ മുഴുവൻ തങ്ങളുടെ ഗ്രാമത്തിലെ ഭവനങ്ങളിൽ നിന്നും പുറത്താക്കിയെന്നത് ഏറെ വേദനാജനകം. ഏതു മതത്തിലും പ്രത്യയശാസ്ത്രങ്ങളിലും വിശ്വസിക്കുവാനുള്ള മനുഷ്യന്റെ മൗലിക അവകാശത്തെ ഹനിക്കുന്നതു ശരിയോ എന്ന് എല്ലാവരും ചിന്തിക്കണം. അബലരായ ജനങ്ങളുടെ അവകാശങ്ങളിൽമേൽ പ്രബലരായ ആളുകൾ കൈകടത്തുമ്പോൾ പോലീസും ഗവണ്മെന്റ് ഏജൻസികളും നോക്കുകുത്തികളാകുന്ന പ്രത്യേക സാഹചര്യങ്ങളാണ് നമുക്കു മുമ്പിലുള്ളത്.

കഴിഞ്ഞ ചില ആഴ്ചകളായി ഫിഫാ വേൾഡ് കപ്പ് ലോകജനതയുടെ തന്നെ ശ്രദ്ധ ആകർഷിക്കുകയായിരുന്നുവല്ലോ. വേൾഡ് കപ്പ് മത്സരങ്ങളുടെ ആവേശം കേരളത്തിന്റെ കൊച്ചു ഗ്രാമങ്ങളിലും പ്രകടമായിരുന്നു. വിദ്വേഷങ്ങളാലും വർഗ്ഗീയ-സാമുദായിക സംഘർഷങ്ങളാലും കലുഷിതമായ വർത്തമാന കാലത്തു ഫുട്ബോൾ തുടങ്ങിയ കായിക മത്സരങ്ങൾ മനുഷ്യരെ കൂടുതൽ ഒരുമിപ്പിക്കുവാൻ സഹായിക്കുന്നു എന്നതൊരു യാഥാർഥ്യമാണ്. ആഗോള കായിക മത്സരങ്ങളിൽ പാശ്ചാത്യ രാജ്യങ്ങൾ മുൻകാലങ്ങളിൽ ആധിപത്യം പുലർത്തിയിരുന്നെങ്കിലും ഈ വർഷത്തെ വേൾഡ് കപ്പ് ഫുട്ബോളിൽ ആഫ്രിക്കൻ - തെക്കേ അമേരിക്കൻ രാജ്യങ്ങൾ ശ്രദ്ധേയമായ പ്രകടനങ്ങൾ കാഴ്ചവെച്ചു. വേൾഡ് കപ്പ് ലഭിച്ച അർജന്റീനയെ വിശേഷാൽ അനുമോദിക്കുന്നു. തുടർ വർഷങ്ങളിൽ ഒളിമ്പിക്സ്, ഫിഫാ വേൾഡ് കപ്പ് തുടങ്ങിയ ആഗോള മത്സരങ്ങളിൽ ഇന്ത്യയും മികച്ച പ്രകടനം അവതരിപ്പിക്കും എന്ന് നമുക്ക് പ്രതീക്ഷിക്കാം.

റോമൻ കത്തോലിക്കാ സഭയുടെ പൊന്തിഫിക്കൽ കൗൺസിൽ ഫോർ ക്രിസ്ത്യൻ യൂണിറ്റി സെക്രട്ടറി ബിഷപ്പ് ബ്രിയാൻ ഫാറെലും എക്യുമെനിക്കൽ സ്റ്റഡീസ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഫാ. ഹയാനിൻതേ ഡെസ്റ്റിവേലെയും നമ്മുടെ സഭാ ആസ്ഥാനം സന്ദർശിക്കുകയും സൗഹൃദ സംഭാഷണത്തിലേർപ്പെടുകയും ചെയ്തത് ഏറെ ഹൃദ്യമായ അനുഭവമായിരുന്നു. മലങ്കര കത്തോലിക്കാ സഭയുടെ തിരുവല്ല ആർച്ച് ബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത, നമ്മുടെ ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ, ക്രിസ്ത്യൻ കോൺഫറൻസ് ഓഫ് ഏഷ്യ ജനറൽ സെക്രട്ടറി ഡോ. മാത്യൂസ് ജോർജ് ചുനക്കര എന്നിവരും സഭയുടെ ഔദ്യോഗിക ചുമതലക്കാരോടൊപ്പം തദവസരത്തിൽ സന്നിഹിതരായിരുന്നു. സഭകളുടെ പരസ്പര സഹവർത്തിത്വത്തിനും കൂട്ടായ സാക്ഷ്യനിർവഹണത്തിനും ഇത്തരം സന്ദർശനങ്ങൾ സഹായകരമാകും എന്നതിന് സംശയമില്ല. അതിഥികൾ നമ്മുടെ സഭാ മ്യൂസിയം സന്ദർശിക്കുകയും ചെയ്തു.

ചെങ്ങന്നൂർ-മാവേലിക്കര ഭദ്രാസനത്തിലെ തുമ്പമൺ ശ്രേയസ് ചാരിറ്റബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ സ്രോതസ് എന്ന നാമധേയത്തിൽ ആരംഭിക്കുന്ന കരുതൽ പദ്ധതിയുടെ പുതിയ മുഖമായ അസിസ്റ്റഡ് ലിവിംഗ് ഹോമിന്റെയും, ആറാട്ടുപുഴ തരംഗം മിഷൻ ആക്ഷൻ സെന്ററിൽ മാർ ക്രിസോസ്റ്റം പാലിയേറ്റിവ് സെന്ററിനായി പുതുതായി നിർമിച്ച കെട്ടിടത്തിന്റെയും കൂദാശ നിർവ്വഹിച്ചു. ചെങ്ങന്നൂർ - മാവേലിക്കര ഭദ്രാസന അദ്ധ്യക്ഷനായ അഭിവന്ദ്യ തോമസ് മാർ തിമൊഥെയോസ് എപ്പിസ്ക്കോപ്പായുടെ ജന്മദിനത്തിൽ (ഡിസംബർ 13 ന്) ഈ കൂദാശകൾ നിർവ്വഹിക്കുവാൻ സാധിച്ചു എന്നതൊരു പ്രത്യേകതയാണ്. ഈ സ്ഥാപനങ്ങളിലൂടെ സാധ്യമാകുന്ന ശുശ്രൂഷകൾ ദൈവനാമമഹത്വത്തിനായിത്തീരട്ടെയെന്ന് പ്രാർത്ഥിക്കുന്നു. അഭിവന്ദ്യ തിരുമേനിയെയും ഭദ്രാസന ചുമതലക്കാരെയും, പ്രസ്തുത സ്ഥാപനങ്ങളുടെ ഭാരവാഹികളെയും പ്രവർത്തകരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

നമ്മുടെ തെക്കൻതിരുവിതാംകൂർ മിഷൻ ആരംഭിച്ചിട്ട് ഇപ്പോൾ 100 വർഷങ്ങൾ പിന്നിടുന്നു. തിരുവനന്തപുരം-കൊല്ലം ഭദ്രാസനം വൈവിധ്യമാർന്ന പരിപാടികളോടെ ശതാബ്ദി ആഘോഷങ്ങൾ ക്രമീകരിച്ചിരിക്കുകയാണ്. ഈ ചരിത്രസംഭവത്തിന്റെ സ്തോത്ര സൂചകമായി കാട്ടാക്കട ക്രിസ്ത്യൻ കോളേജ് മൈതാനത്തിൽ ഡിസംബർ മാസം 30-ാം തീയതി സ്നേഹസംഗമമായി ഒത്തുചേർന്നു. ഇത് ഒരു ദേശത്തിന്റെ, ഒരു ജനതയുടെ, ചരിത്രഗതിയുടെ ഓർമ്മപ്പെടുത്തലും, ഒരു നൂറ്റാണ്ട് നീളുന്ന അവരുടെ വിശ്വാസയാത്രയുടെ അടയാളപ്പെടുത്തലുമാണ്. നവീകരണ ദർശനമുൾക്കൊണ്ട മാർത്തോമ്മാ സഭയുടെ സുവിശേഷമുന്നേറ്റത്തിന്റെയും ദൗത്യ നിർവ്വഹണത്തിന്റെയും അനുഗ്രഹിത ഫലമാണ് തെക്കൻ തിരുവിതാംകൂർ മിഷൻ. സ്നേഹസംഗമം കേവലം ഒരു ഒത്തുചേരലിനപ്പുറം ദൗത്യപരമായ പുത്തൻ ലക്ഷ്യങ്ങളിലേക്കുള്ള പ്രയാണത്തിന് ആക്കം കൂട്ടുന്ന അവസരമായിത്തീരട്ടെയെന്ന് പ്രാർത്ഥിക്കുകയും എല്ലാ ആശംസകളും അറിയിക്കുകയും ചെയ്യുന്നു.

നമ്മുടെ സഭാംഗമായ ശ്രീ. എം. തോമസ് മാത്യു സാറിന്റെ 'ആശാന്റെ സീതായനം' എന്ന കൃതി കേന്ദ്ര സാഹിത്യ അക്കാദമിയുടെ സാഹിത്യ നിരൂപണത്തിനുള്ള അവാർഡിന് അർഹമായി. ആശയാവിഷ്ക്കാരം കൊണ്ടും ഭാഷാ ശൈലികൊണ്ടും വ്യത്യസ്തത പുലർത്തുന്ന ശ്രീ. എം. തോമസ് മാത്യു സാറിലൂടെ സാഹിത്യ ലോകത്തിന് ലഭിച്ചിട്ടുള്ള സമഗ്ര സംഭാവനകൾ വളരെ വലുതാണ്. തിരുവല്ലായുടെ മുൻ എം. എൽ. എ. യും നമ്മുടെ സഭാംഗവുമായ അഡ്വ. എലിസബത്ത് മാമ്മൻ മത്തായി കേരള സംസ്ഥാന വനിതാ കമ്മീഷൻ അംഗമായി ചുമതലയിൽ പ്രവേശിച്ചു. ഇരുവരെയും സഭയുടെ പേരിലുള്ള അഭിനന്ദനങ്ങൾ അറിയിക്കുന്നു. തിരുവല്ല എസ്. സി. എസ്. ഹയർ സെക്കൻഡറി സ്ക്കൂളിലെ നാഷണൽ സർവ്വീസ് സ്ക്കീം യൂണിറ്റ് പത്തനംതിട്ട ജില്ലയിലെ ഏറ്റവും മികച്ച എൻ. എസ്. എസ് യൂണിറ്റ് എന്ന അവാർഡിനും, അദ്ധ്യാപകൻ ശ്രീ. സെൻമോൻ വി. ഫിലിപ്പ് പത്തനംതിട്ട ജില്ലയിലെ ഏറ്റവും മികച്ച പ്രോഗ്രാം കോർഡിനേറ്റർ എന്ന പദവിക്കും, ഏബൽ ഫിന്നി എന്ന വിദ്യാർത്ഥി ജില്ലാതലത്തിൽ മികച്ച വോളണ്ടിയർ എന്ന സ്ഥാനത്തിനും അർഹരായി. സഭയുടെ പേരിലുള്ള അഭിനന്ദനങ്ങൾ അറിയിക്കുന്നു.

വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജ്, റീഹാബിലിറ്റേഷൻ സെന്റർ എന്നിവിടങ്ങളിൽ ചികിത്സയിലായിരുന്ന ദിവ്യശ്രീ. റജി തോമസ് കശ്ശീശ്ശാ അവിടെയുള്ള ചികിത്സ പൂർത്തീകരിച്ച് ചുനക്കരയിലുള്ള സ്വഭവനത്തിലെത്തി. നാട്ടിലേക്ക് വരുന്നതിന് മുമ്പ് വീൽചെയറിന്റെ സഹായത്തോടെ വെല്ലൂർ മാർത്തോമ്മാ പള്ളിയിൽ വിശുദ്ധകുർബ്ബാന അനുഷ്ഠിക്കുന്നതിന് അച്ചന് സാധിച്ചു. ദൈവം നല്കിയ അതിശയകരമായ വിടുതലിനെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. പ്രാർത്ഥന കൊണ്ടും മറ്റ് സഹായങ്ങൾ കൊണ്ടും അച്ചന് കൈത്താങ്ങൾ നല്കിയിട്ടുള്ള അനേകരുണ്ട്. ഏവരോടുമുള്ള നന്ദി അറിയിക്കുന്നു. ഡിസംബർ 15 മുതൽ അച്ചനെ നമ്മുടെ കറ്റാനം സെന്റ് തോമസ് മിഷൻ ആശുപത്രിയുടെ ചാപ്ലയിനായി നിയമിച്ചിരിക്കുന്നു. തുടർന്നും അച്ചനെ നമുക്ക് പ്രാർത്ഥനയിലോർക്കാം.

നമ്മുടെ സഭയിലെ സീനിയർ വൈദികരായിരുന്ന റവ. സി. ജി. തോമസ് (ഇറവങ്കര), റവ. പി. ജി. മാത്യു (കുമ്പഴ), റവ. വർഗ്ഗീസ് എം. തോമസ് (മാത്ര) എന്നിവർ കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. അവരുടെ ധന്യവും ശ്രേഷ്ഠവുമായ ജീവിതത്തെ ഓർത്ത് ദൈവത്തെ സ്തുതിക്കാം. സഭയിലൂടെ ദൈവം ഭരമേല്പിച്ച

ശുശ്രൂഷകൾ അനുഗ്രഹിതമായി നിർവ്വഹിക്കുവാൻ അവരിലൂടെയും അവരുടെ കുടുംബങ്ങളിലൂടെയും സാധ്യമായി. ദുഖാർത്തരായ കുടുംബാംഗങ്ങളെ ദൈവം ആശ്വസിപ്പിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. സഭയുടെ അനുശോചനം അറിയിക്കുന്നു.

ജനുവരി മാസത്തിൽ ആരാധനക്ക് നല്കപ്പെട്ടിരിക്കുന്ന ചിന്താവിഷയങ്ങളും വായന ഭാഗങ്ങളും സഭയുടെ ദൗത്യം, സഭാ മക്കളുടെ ജീവിത സാക്ഷ്യം ഇവയെ സംബന്ധിക്കുന്നവയാണ്. നവ വത്സര ദിനം കൂടിയായ ജനുവരി ഒന്നാം തീയതി ഞായറാഴ്ച്ച ബാഹ്യ കേരള മിഷൻ ദിനമായി വേർതിരിച്ചിരിക്കുന്നു. 'സകല ജനതകൾക്കും വേണ്ടിയുള്ള സുവിശേഷം' എന്നതാണ് ചിന്താവിഷയം (വി. മത്തായി 28:16-20). സ്വർഗാരോഹണം ചെയ്ത കർത്താവ് തന്റെ ശിഷ്യർക്കു നൽകിയ നിയോഗം ആണ് അന്നത്തേക്കുള്ള ഏവൻഗേലിയോനിന്റെ ഇതിവൃത്തം. സഭയുടെ സുവിശേഷ ദൗത്യത്തിന്റെ ശക്തീകരണമാണ് അന്നേ ദിവസം സംഭവിക്കേണ്ടത്. ലോകാവസാനത്തോളം കൂടെയിരിക്കുന്ന ദൈവസാന്നിധ്യമാണ് അതിനു ശിഷ്യസമൂഹത്തെ പ്രചോദിപ്പിക്കുന്നത്. ദൈവസാന്നിധ്യം ആവശ്യപ്പെടുന്ന വിശുദ്ധിയും, യഹോവയുടെ ഉപകരണങ്ങൾ ചുമക്കുന്നവർ എന്ന ബോധ്യവും ശിഷ്യരെ സ്വാധീനിക്കണം. വിശുദ്ധ പൗലോസിനെപ്പോലെ, സുവിശേഷം അറിയിക്കുന്നതിനെക്കുറിച്ചുള്ള ബോധ്യം ഉണ്ടാവുകയും വേണം. സുവിശേഷത്തിന്റെവ്യാപനത്തിനു വേണ്ടി വിളിക്കപ്പെട്ട നമ്മുടെ സഭയുടെ സമർപ്പണം പുതുക്കുന്ന ദിനമായി പുതുവർഷത്തിലെ ആദ്യ ഞായറാഴ്ച തീരട്ടെ.

ജനുവരി എട്ടാം തീയതി ഞായറാഴ്ച്ച ലഹരി വിരുദ്ധദിനമായി ആചരിക്കുന്നു. 'ശരീരം വിശുദ്ധിയിൽ കാക്കപ്പെടേണ്ട ദൈവമന്ദിരം' എന്ന വിഷയം ആണ് ധ്യാനിക്കുന്നത്. തന്റെ ശരീരത്തെ അശുദ്ധ ഭക്ഷണം കൊണ്ട് മലിനീകരിക്കുകയില്ല എന്നു ദൃഢനിശ്ചയം ചെയ്ത ദാനിയേൽ സദാകാലത്തേക്കും ഉള്ള സജീവ മാതൃകയാണ്. തന്റെ ശരീരം എന്ന മന്ദിരത്തെ വിശുദ്ധിയിൽ കാത്തവന് ബാബിലോണിലെ വിരുദ്ധ സാഹചര്യത്തിലും ദേവാലയ ബോധ്യവും ദൈവ ബോധവും നിലനിർത്താൻ കഴിഞ്ഞു. സുവിശേഷ ഭാഗം (ലുക്കോസ് 11:33-36) കണ്ണിനെക്കുറിച്ചും കാഴ്ചയെക്കുറിച്ചുമാണ് പരാമർശിക്കുന്നത്. ഓരോരുത്തരുടെയും കാഴ്ചപ്പാടുകൾ ആണ് അവരുടെ കാഴ്ചകളെ നിയന്ത്രിക്കുന്നത്. ഉള്ളിലെ വെളിച്ചമാണ് ജീവിതത്തെ ദീപ്തമാക്കുന്നത്. ദൈവം നിയന്ത്രിക്കുന്ന മൂല്യബോധത്തോടെ ചുറ്റുപാടുകളെ കാണാൻ ദൈവം നമ്മെ സഹായിക്കട്ടെ. അപ്പോൾ നമ്മുടെ ശരീരങ്ങൾ ദൈവം വസിക്കുന്ന മന്ദിരങ്ങളായി ഭവിക്കും.


ജനുവരി പതിനഞ്ചാം തീയതി ഞായർ 'ഫലകരമായ ക്രിസ്തീയ ജീവിതം' എന്നതാണ് ധ്യാനവിഷയം (യോഹ 15: 1-11). ഫലംകായിക്കാൻ കൊമ്പുകൾ മുന്തിരിവള്ളിയിൽ തന്നേ ഇരിക്കേണ്ടതുണ്ട്. സത്യ മുന്തിരിവള്ളിയായ ക്രിസ്തുവിനോട് ഒട്ടിച്ചു ചേർക്കപ്പെട്ട ലതകൾ ആണ് നാം എല്ലാവരും. ദൈവികമായ വലിയ ലക്ഷ്യങ്ങൾ ഓരോ ജീവിതത്തെക്കുറിച്ചും ദൈവത്തിനുണ്ട്. അതിന് അനുയോജ്യമായ സാഹചര്യങ്ങൾ ദൈവം ഒരുക്കുന്നുണ്ട്. കൂടുതൽ ഫലപ്രാപ്തിക്കു വേണ്ടി ചെത്തി വെടിപ്പാക്കുന്ന പ്രക്രിയയും ദൈവത്തിൽ നിന്നും നാം അനുഭവിച്ചേക്കാം. സൽഫലങ്ങൾ പുറപ്പെടുവിക്കാൻ സഹായിക്കുന്ന പരിശുദ്ധാത്മാവിനെയും ദൈവം നൽകിയിരിക്കുന്നു. സജീവമായ ദൈവബന്ധത്തിൽ ഫലംകായിക്കപ്പെടാൻ നമുക്ക് ഇടയാകട്ടെ.

ജനുവരി ഇരുപത്തിരണ്ടാം തീയതി എക്യൂമെനിക്കൽ ഞായറായി നാം ആചരിക്കുന്നു. 'സഭകളുടെ ഐക്യം - ദൈവിക താല്പര്യം' എന്നതാണ് ചിന്താവിഷയം. കർത്താവിന്റെ ശരീരം ആയ സഭ ഭിന്നിച്ചിരിക്കാൻ പാടില്ല. വ്യത്യസ്ത ശക്തീകരണങ്ങളും സാംസ്കാരിക പശ്ചാത്തലങ്ങളും ബാഹ്യരൂപത്തിൽചില വൈവിധ്യങ്ങൾക്ക് കാരണമാകാം എങ്കിലും സത്തയിലും ലക്ഷ്യത്തിലും ക്രിസ്തു സഭ ഒന്നായിരിക്കേണ്ടതാണ്. ഏറെ വെല്ലുവിളികൾ ഉയരുന്ന ഇക്കാലത്തു, സഭകളുടെ ഐക്യത്തിലൂടെ മാത്രമേ സംഗതമായ ക്രിസ്തീയ സാക്ഷ്യം നിർവഹിക്കുവാൻ കഴിയൂ. ലോകം യേശുവിനെ വിശ്വസിക്കുന്നതിന് ഐക്യം ആവശ്യമെന്നു കർത്താവിന്റെ മഹാ പുരോഹിത പ്രാർത്ഥന വ്യക്തമാക്കുന്നു (യോഹ 17: 18 - 26).

മാസാവസാന ഞായറാഴ്ച്ച ജനുവരി ഇരുപത്തി ഒൻപതാം തീയതി 'ദൈവീക കരുതലിൽ ഉള്ള ആശ്രയം' എന്ന ധ്യാനമാണു ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ദൈവത്തിന്റെ കരുതലിലും സന്ധാരണത്തിലും വിശ്വസിക്കുന്നവർ ആകുലപ്പെടേണ്ടതില്ല എന്നു യേശു പറഞ്ഞു (മത്തായി 6:19-34). ഭീഷണിമുഴക്കി ഇസ്രായേലിനെ ഭ്രമിപ്പിച്ച സെൻഹെരീബിന്റെ കൈയിൽ നിന്ന് തന്റെ ജനത്തിന് ദൈവം വിടുതൽ അയച്ചത് അത്ഭുതകരമായാണ്. ദൈവത്തിന്റെ ബലമുള്ള കരങ്ങൾക്കു കീഴെ താണിരിക്കുന്നവർ തക്ക സമയത്തു ഉയർത്തപ്പെടും. ദൈവരാജ്യത്തിന്റെ മൂല്യക്രമങ്ങളിലും സന്ധാരണവ്യവസ്ഥയിലും വിശ്വസിക്കുന്നവർ ലോകക്രമങ്ങൾ നൽകുന്ന മുൻഗണനയല്ല സ്വീകരിക്കുക. മുമ്പേ ദൈവരാജ്യവും അതിന്റെ നീതിയും അന്വേഷിക്കുമ്പോഴാണ് ദൈവീക കരുതൽ നമുക്ക് അനുഭവമായിത്തീരുക. അതിന് ദൈവം നമ്മെ സഹായിക്കട്ടെ.

**ഏവർക്കും നവവത്സരാശംസകൾ.**

നമ്മുടെ കർത്താവേശുമ്ശിഹായുടെകൃപ
നിങ്ങളേവരോടുംകൂടെയിരിക്കട്ടെ.



പൂലാത്തീൻ
31. 12. 2022

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**

പാതകൾ അവസാനിക്കാറില്ല. ഒന്ന് മറ്റൊന്നിലേക്ക് മാറുന്നതേയുള്ളൂ. ആത്യന്തിക നന്മയും പരമമായ സത്യവും മാറ്റമില്ലാത്തതാണ്. ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു എന്ന് അരുളിയ കർത്താവ് ക്രൂശിൽ ബലിയായി അർപ്പിച്ച് നമുക്ക് കാട്ടിത്തന്നത് ആ മാർഗ്ഗമാണ്. ദൈവത്തിന്റെ നന്മയോടൊപ്പമെത്താനുള്ള സഞ്ചാരത്തെയാണ് ജീവിതം എന്നു വിവക്ഷിക്കുക. ആത്യന്തിക നന്മ ദൈവമാണ്. മുന്നോട്ടുള്ള യാത്രകളിലെ പ്രതിബന്ധങ്ങളെ തരണം ചെയ്യാൻ കഴിയാതെ ഓരോ മനുഷ്യനും ജീവിതത്തിന്റെ നാൽക്കവലയിൽ പകച്ചു നിൽക്കുന്നു. ഇവിടെ നേരിടേണ്ടിവരുന്ന പ്രതിബന്ധങ്ങളെ അതിജീവിക്കാൻ നമ്മെ സഹായിക്കുന്നത് ദൈവവചനമാണ്. ഇവിടെയാണ് പ്രശസ്ത സാഹിത്യ നിരൂപകൻ കെ.പി. അപ്പൻ നിരീക്ഷിച്ചതുപോലെ ബൈബിൾ വെളിച്ചത്തിന്റെ കവചമാകുന്നതും പാതയിലെ വിളക്കുകളാകുന്നതും.

സ്വാർത്ഥതയുടെയും ഭൗതികതയുടെയും ഒരു സംസ്കാരമാണ് ആഗോളവത്കരണം രൂപപ്പെടുത്തുന്നത്. ലോകത്തെ മുഴുവനായി ചുരുക്കി ഒരു കുടക്കീഴിലാക്കുന്ന പ്രതിഭാസം. ഇവിടെ ലാഭ-നഷ്ട കേന്ദ്രീകൃതമായ കച്ചവട സംസ്കൃതിയാണ് രൂപപ്പെടുന്നത്. മാനുഷികതയ്ക്കോ അന്യോന്യതയ്ക്കോ ലവലേശം പ്രാധാന്യം നൽകാത്ത കപടസംസ്കാരം. ഇത് സൃഷ്ടിക്കുന്ന മാനസികാവസ്ഥ അത്യാഗ്രഹത്തിന്റേതാണ്. കൂടുതൽ ആർജ്ജിക്കുകയെന്നുള്ള ജീവിത ശൈലി ഇത് രൂപപ്പെടുത്തുന്നു. ആഗോളവത്കരണം ലോകത്തെ ഒരു ആഗോളഗ്രാമമാക്കുമ്പോൾ തന്നെ മറുപുറത്ത് ചെറുതുരുത്തുകളെയും സൃഷ്ടിക്കുന്നു. ഓരോ മനുഷ്യനും ഓരോ ചെറിയ തുരുത്തുകളായി രൂപപ്പെടുന്നു എന്നതാണ് വാസ്തവം. ബഹിരാകാശത്തുണ്ടാകുന്ന പ്രതിഭാസങ്ങളും, മഞ്ഞുമലകൾക്കുണ്ടാകുന്ന രൂപവ്യത്യാസങ്ങളും, ഉയർന്നു താഴ്ന്നു നിൽക്കുന്ന കച്ചവടക്രമങ്ങളും (market system) ഹൃദിസ്ഥമാക്കുമ്പോൾ തന്നെ തന്റെ ചുവരിന് അപ്പുറമുള്ള ജീവിത യാഥാർത്ഥ്യങ്ങൾ കാണാതെ പോകുന്നത് ആഗോളവത്കരണത്തിന്റെ അനന്തര ഫലമാണ്. ഇവിടെ വികലമാകുന്ന മൂല്യക്രമങ്ങളിൽ നവമാനവികതയുടെ ഉണർത്തുപാട്ടുകൾ രചിക്കുന്ന സാമൂഹികതയുടെ പ്രവാചക ശബ്ദങ്ങളെയാണ് ലോകം തിരയുന്നത്. അടിമത്തവും ചൂഷണവും മൂലം ഇച്ഛാശക്തി നഷ്ടപ്പെട്ടവരെ മനുഷ്യത്വത്തിന്റെ പൂർണതയിലേക്ക് നടത്തുന്നത് യേശുവിലൂടെയുള്ള വിടുതലിന്റെയും സ്വാതന്ത്ര്യത്തിന്റെയും, സദ്വാർത്താ പ്രഖ്യാപനമാണ്. ബദ്ധന്മാർക്ക് വിടുതലും, അന്ധന്മാർക്ക് കാഴ്ച നല്കുവാനും പീഡിതരെ സ്വതന്ത്രരാക്കുവാനുമുള്ള ക്രിസ്തു ദർശനം പൂർണ സ്വാതന്ത്ര്യത്തിന്റെയും വിടുതലിന്റെയും സന്ദേശമത്രെ പങ്കുവയ്ക്കുന്നത്.

വിചാരദീപ്തി

# പുതു നിറവോടെ പുത്തൻ ദൗത്യത്തിനായി



ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ട്. ലോകത്തിലേക്ക് അയയ്ക്കപ്പെട്ട സഭയ്ക്ക് ഉത്ഥിതനായ കർത്താവ് നൽകിയ ഉറപ്പാണത്. ദൗത്യപാതകളെ ദീപ്തമാക്കുന്ന പരിശുദ്ധാത്മനിറവും സഭയിൽ നൽകിയിരിക്കുന്നു. പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾക്ക് ശക്തി ലഭിച്ച് എല്ലായിടങ്ങളിലും നിങ്ങൾ എന്റെ സാക്ഷികൾ ആകും എന്നുള്ള അരുളപ്പാട് സാക്ഷ്യത്തിനായുള്ള നിയോഗമാണ്. ഉത്ഥിതനായ ക്രിസ്തുവിന്റെ നിയോഗം ഉൾക്കൊണ്ട് പുതുവർഷത്തിൽ ജീവിതയാത്ര തുടരുവാൻ ഇടയാകട്ടെ.

പുതുവത്സരാശംസകൾ!

ഓരോ പുലരിയിലും
സ്നേഹത്തിന്റെ പ്രാതലൊരുക്കി
നസ്രായൻ കാത്തിരിപ്പുണ്ട്
പിൻമാറ്റങ്ങളുടെ തീരത്തു നിന്നും
ദൗത്യത്തിന്റെ ആഴങ്ങളിലേക്ക്
നിയോഗിച്ചയയ്ക്കുവാൻ...

**ഡോ. മാത്യൂസ് മാർ മക്കാറിയോസ്**
**എപ്പിസ്കോപ്പാ**



എഡിറ്റോറിയൽ

# കണ്ണുകൾ തുറക്കാം വെളിച്ചത്തിലേക്ക്

വലിയ ഒരു ഓക്ക് മരത്തിനരികെ ഇരുന്നുകൊണ്ട് ഗുരു തന്റെ ഭാണ്ഡകെട്ടഴിച്ചു. അതിശയിപ്പിക്കുന്ന സുഗന്ധമുള്ള ചന്ദനത്തടിയിൽ തീർത്ത വില്ലാണ് ആദ്യം പുറത്തെടുത്തത്. രണ്ടാമതായി ഒരു അമ്പ്. മൂന്നാമത് ലില്ലിപ്പൂവിന്റെ നിറമുള്ള ഒരു തുവാല. ആ തൂവാല കൊണ്ട് തന്റെ കണ്ണുകൾ മൂടികെട്ടുവാൻ ഗുരു ആവശ്യപ്പെട്ടു. 'പൂവിൽ നിന്നും ഞാൻ എത്ര അകലത്തിലാണ്?' അദ്ദേഹം ശിഷ്യനോട് ചോദിച്ചു. 'നൂറ് അടി' ശിഷ്യൻ ഊഹിച്ചു പറഞ്ഞു. എന്റെ അസ്ത്രവിദ്യ നീ കണ്ടിട്ടുണ്ടോ? അദ്ദേഹം തിരക്കി. മുന്നൂറ് അടി അകലത്തിൽ നിന്നു കൃത്യമായി അമ്പു കൊള്ളിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. ഒരിക്കലും ഉന്നം പിഴച്ചു ഞാൻ കണ്ടിട്ടില്ല.

അതിനു ശേഷം പാദങ്ങൾ കൃത്യമായി നിലത്തുറപ്പിച്ചു, മൂടികെട്ടിയ കണ്ണുകളോടെ ആ ഗുരു മരത്തിന്മേൽ വെച്ചിരുന്ന പൂവിലേക്കു കൃത്യമായി ഉന്നം വെച്ച് എല്ലാ ശക്തിയുമെടുത്ത് അമ്പ് തൊടുത്തുവിട്ടു. അമ്പ് ഉന്നം തെറ്റി ലക്ഷ്യസ്ഥാനത്തിനും വളരെ അകലത്തിൽ മരത്തടിയിൽ തറച്ചു നിന്നു.

ഗുരോ എന്താണ് സംഭവിച്ചത്? ശിഷ്യൻ ചോദിച്ചു.

ഈ ഏകാന്ത സ്ഥലത്തേക്ക് നമ്മൾ സഞ്ചരിച്ചെത്തിയതിനു കാരണം ഒന്നേയുള്ളൂ. എന്റെ ജീവിതജ്ഞാനം വെളിപ്പെടുത്താനായിരുന്നു. ജീവിതത്തിലെ ലക്ഷ്യങ്ങളെന്തെന്നു വ്യക്തമായി നിർവ്വചിച്ചു ഉറപ്പിക്കുകയും എവിടേക്കാണ് യാത്രയെന്ന് കൃത്യമായി അറിയുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറയുന്നതിനു വേണ്ടിയാണ് ഞാനിത് ചെയ്തത്. കാണാനാവാത്ത ഒരു ലക്ഷ്യത്തെ ഒരിക്കലും നേടാനാവില്ല. സന്തുഷ്ടിയിലും ഊർജ്ജസ്വലതയിലും അഭിനിവേശങ്ങളുടെ ധാരാളതയിലും സ്വപ്നങ്ങൾ കണ്ടു ജീവിച്ചാൽ പോരാ, ലക്ഷ്യങ്ങൾ കുറിച്ചുവെക്കാനും അത് നേടിയെടുക്കാനുമുള്ള ജീവിതത്തിന്റെ അർത്ഥവും ധർമ്മവും എന്തെന്ന് നിരന്തരം പരിശോധിക്കുകയും മിഴി തുറക്കുകയും വേണം. റോബിൻ ശർമ്മയുടെ The Monk Who Sold His Ferrari എന്ന പുസ്തകത്തിലെ മനോഹരമായ ഒരു വിവരണമാണ് ഇത്. കണ്ണിന്റെ വെളിച്ചം നഷ്ടപ്പെടുത്തുന്ന രീതിയിൽ മതങ്ങളും അവയുടെ പഠിപ്പിക്കലുകളും മാറുമ്പോൾ ഇത് വളരെ പ്രസക്തമാണ്. രാഷ്ട്രീയവും മതപരവും, സാമൂഹ്യവുമായ തിമിരം ബാധിച്ചവരായി നാം തീർന്നിരിക്കുന്നു എന്ന മുരുകൻ കാട്ടാക്കടയുടെ 'കണ്ണട' എന്ന കവിതയിലെ നിരീക്ഷണം ശ്രദ്ധേയമാണ്. ഒരു മഹാമാരിയുടെ പശ്ചാത്തലത്തിൽ ഇരുൾ മൂടിപ്പോയ ഒരുപാട് ജീവിതങ്ങളുണ്ട്. ത്യാഗപൂർണ്ണമായ വഴികളിലൂടെ വെളിച്ചത്തിന്റെ തുരുത്തുകളിലേക്ക് തോണി തുഴയുകയാണ് പലരും. വീണ്ടും മഹാമാരിയുടേയും സാമ്പത്തിക തകർച്ചയുടേയും ഭീതി അടങ്ങാത്ത ഇരുൾ വീണ ഇടവഴികളിലൂടെ മനുഷ്യർ നടക്കുന്നു. മുന്നോട്ട് പോകുവാൻ അല്പം പ്രകാശം പകരണമേ എന്ന പ്രാർത്ഥനയോടെ മുനിഞ്ഞു കത്തുന്ന കൈവിളക്കുമായാണ് യാത്ര. ഉള്ളിലെ വെളിച്ചമാണ് ഏത് കൂരിരുട്ടിലും മുന്നോട്ട് നയിക്കുന്നത്. അതിന് ദൈവമെന്ന് വിളിക്കുന്നു എങ്കിൽ ഒട്ടും അതിശയോക്തിയില്ല. ദൈവം വെളിച്ചമാണ്, അവനിൽ ഇരുൾ ഒട്ടും ഇല്ല. 'സുവിശേഷ വെളിച്ചം സകലർക്കും ശോഭിച്ചിടുവാൻ വന്നവനായ മഹിമയെഴും രക്ഷകാ, പാപികളാം ഞങ്ങൾ അന്ധത നീങ്ങി ശോഭിപ്പാൻ, ഈ സുവിശേഷം ഫലകരമാക്കീടുക'.

വെളിച്ചത്തിലേക്കുള്ള പ്രയാണം തുടരാം. ഇരുൾ നിറഞ്ഞ വഴികളിൽ പതറാതെ പ്രകാശത്തിലേക്ക് മിഴി തുറക്കാം.

*ഏവർക്കും ഐശ്വര്യപൂർണ്ണമായ ഒരു പുതുവൽസരം ആശംസിക്കുന്നു!*

ധ്യാനചിന്ത

# മനുഷ്യഹൃദയങ്ങളിലെ അഗ്നിജ്വാലകൾ

**2 ദിനവൃത്താന്തം 7:1–22**



**റവ. ഷൈമോൻ ഏലിയാസ്**
ഡയറക്ടർ, ദീനബന്ധു മിഷൻ
സെന്റർ, അക്കിക്കാവ് കുന്നംകുളം

ശലോമോനും ഇസ്രായേൽ ജനവും ആലയം സമർപ്പണം ചെയ്യാൻ ഒത്തുചേർന്നു. ഉടമ്പടിയുടെ പെട്ടകം സ്ഥാപിക്കുന്നതിന് ശാശ്വതവും ഗംഭീരവുമായ ഒരു ഘടന നിർമ്മിക്കാൻ അവർ ദീർഘകാലം കഠിനമായി പരിശ്രമിച്ചു. ഒടുവിൽ ദൈവാലയ സമർപ്പണ ദിവസം വന്നെത്തി. ആളുകൾ ഒത്തുകൂടി, 'ശലോമോൻ പ്രാർത്ഥിച്ചു'. ശലോമോൻ പ്രാർത്ഥിച്ചു തീർന്നപ്പോൾ സ്വർഗ്ഗത്തിൽ നിന്ന് അഗ്നി ഇറങ്ങി ഹോമയാഗവും ഹനനയാഗവും ദഹിപ്പിച്ചു, യഹോവയുടെ തേജസ്സ് ആലയത്തിൽ നിറഞ്ഞു' (2 ദിന. 7:1).ദൈവം ഒരു സ്ഥലത്തെയോ വ്യക്തിയേയോ മഹത്വീകരിക്കുന്നതിന്റെ ഫലം മാനുഷിക സങ്കൽപ്പങ്ങൾക്ക് ഉപരിയാണ്. ഒരു വ്യക്തിക്കു ദൈവിക പദ്ധതിയിൽ പങ്കുകാരനാകുവാൻ അവസരം ലഭിക്കുമ്പോൾ എന്താണ് സംഭവിക്കുന്നതെന്ന് ഈ ഭാഗം നമ്മെ പഠിപ്പിക്കുന്നു.



**ദൈവസാന്നിധ്യത്തിന്റെ ശുദ്ധീകരണ അഗ്നി മനുഷ്യരെ വിശുദ്ധരാക്കും.**

ദൈവം എപ്പോഴും തന്റെ സാന്നിധ്യത്തിന്റെ സൂചനയായും ജനത്തെ ശുദ്ധീകരിക്കാനും അഗ്നി ഉപയോഗിച്ചിട്ടുണ്ട്. മോശയോട് ദൈവം കത്തുന്ന മുൾപടർപ്പിലൂടെ സംസാരിച്ചു. കർമേലിലെ ഏലിയാവിന്റെ പ്രാർത്ഥനയിൽ ദൈവം ആകാശത്തിൽ നിന്ന് തീയിറക്കി യാഗവസ്തു ദഹിപ്പിച്ചു. ഏലിയാവ് ദൈവ പുരുഷനാണെന്ന് പ്രഖ്യാപിച്ചു. യെരുശലേമിലെ ആദ്യത്തെ വിശ്വാസികൾക്ക്, അവർ ഒരു വിശുദ്ധ ജനതയാണെന്ന് പ്രഖ്യാപിച്ചുകൊണ്ട്, കാറ്റിലും തീയുടെ നാവിലും ദൈവം അവരെ സന്ദർശിച്ചു. ശലോമോനും ആലയത്തിലെ ആരാധകർക്കും, ദൈവം സ്വർഗ്ഗത്തിൽ നിന്ന് അഗ്നിയായി വന്ന് ആലയത്തെ വിശുദ്ധീകരിച്ചു. ദൈവത്തോട് നീതി പുലർത്തുന്ന ആളുകൾ ലോകത്തിൽ വ്യത്യസ്തരാകാം, നിന്ദിതരാകാം എന്നാൽ ആ വ്യത്യസ്തതയും നിന്ദാ സഹനവും അവരെ വിശുദ്ധരാക്കും.

തന്റെ എല്ലാ അനുഗാമികളും ലോക മോഹങ്ങളിൽ നിന്ന് അകന്നു നിൽക്കുവാൻ യേശു ആഗ്രഹിച്ചു, പ്രാർത്ഥിച്ചു. അവരെ ലോകത്തിൽനിന്ന് എടുക്കേണം എന്നല്ല ദുഷ്ടന്റെ കൈയിൽ അകപ്പെടാതെവണ്ണം അവരെ കാത്തുകൊള്ളണമെന്നത്രെ യേശു അപേക്ഷിക്കുന്നത്. 'ഞാൻ ലോകത്തിന്റേതല്ലാത്തതുപോലെ അവരും ലോകത്തിന്റേതല്ല. സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ; നിന്റെ വചനം സത്യമാണ്. നീ എന്നെ ലോകത്തിലേക്ക് അയച്ചതുപോലെ ഞാനും അവരെ ലോകത്തിലേക്ക് അയച്ചിരിക്കുന്നു. ഞാൻ അവർക്കുവേണ്ടി എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു, അങ്ങനെ അവരും സത്യത്താൽ വിശുദ്ധീകരിക്കപ്പെടട്ടെ' (യോഹന്നാൻ 17:15–19). വിശുദ്ധീകരിക്കുക എന്ന വാക്ക് യേശു ഇവിടെ മൂന്നു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. പവിത്രമായ ഉപയോഗത്തിനായി വേർതിരിക്കുക അല്ലെങ്കിൽ വിശുദ്ധമാക്കുക എന്നാണ് ഇതിനർത്ഥം. പണ്ടു നിങ്ങളുടെ അജ്ഞാനകാലത്ത് ഉണ്ടായിരുന്ന മോഹങ്ങളെ മാതൃകയാക്കാതെ നിങ്ങളെ വിളിച്ച വിശുദ്ധനൊത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാനടപ്പിലും വിശുദ്ധരാകുവിൻ എന്ന് വിശുദ്ധ പത്രോസ് ശ്ലീഹ ഓർമിപ്പിക്കുന്നതും ഈ വിശുദ്ധിയുടെ മഹത്വത്തെ കുറിച്ചാണ്.

ദൈവത്തോട് നീതി പുലർത്തുന്നവനാണ് വിശുദ്ധൻ. അങ്ങനെയുള്ളവർ ലോക മോഹങ്ങളിൽ നിന്നും പാപത്തിൽനിന്നും മാറി ദൈവത്തോട് ചേർന്ന് തീരുമാനങ്ങൾ എടുക്കുന്നതുമൂലം ഉണ്ടാകാനിടയുള്ള നഷ്ടങ്ങളെ കുറിച്ചുള്ള ഭയത്തിൽ നിന്നും അകന്നിരിക്കും. അവർ ജീവിക്കുന്നതും സംസാരിക്കുന്നതും ചിന്തിക്കുന്നതും ഒരേ ഭാഷയിലായിരിക്കും. അവരുടെ വാക്കും പ്രവൃത്തിയും, ഭക്തിയും, യുക്തിയും, വീട്ടിലും, നാട്ടിലും, പള്ളിയിലും, പുറത്തും ഒന്നായിരിക്കും.

രണ്ട് വസ്തുക്കൾക്ക് ഒരേ ഇടം ഉൾക്കൊള്ളാൻ കഴിയില്ലെന്ന് ഭൗതികശാസ്ത്ര നിയമം പറയുന്നു. അത് നമ്മുടെ ഹൃദയത്തെ സംബന്ധിച്ച് സത്യമാണ്. ദൈവത്തിനും പാപത്തിനും ഒരുമിച്ചു വസിക്കുവാൻ കഴിയില്ല. നാം ദൈവത്തോട് നീതി പുലർത്തുമ്പോൾ നമ്മുടെ പാപം ദൈവസന്നിധിയിൽ നുറുങ്ങിയ ഹൃദയത്തോടെ ഏറ്റുപറയുകയും അങ്ങനെ ദൈവം മാത്രം നമ്മുടെ ഹൃദയത്തിൽ വസിക്കുന്നതിനു നാം ഇടം ഒരുക്കുകയും ചെയ്യുമ്പോൾ നമ്മുടെ ഹൃദയം വിശുദ്ധമായി തീരുന്നു. നമുക്ക് സ്വയം ചോദിക്കാം എന്നിൽ വിശുദ്ധി ഉണ്ടോ ? ഞാൻ ലോകമോഹത്തിൽ നിന്ന് അകന്നാണോ ജീവിക്കുന്നത് ? എന്റെ പാപങ്ങളാണോ, ക്രിസ്തു ആണോ എന്നിൽ വസിക്കുന്നത് ?

**ദൈവത്തിന്റെ ദഹിപ്പിക്കുന്ന അഗ്നി അനുഭവം ദൈവാരാധനയ്ക്ക് നമ്മെ പ്രേരിപ്പിക്കും.**

ഇസ്രായേൽജനം എന്താണ് ചെയ്തതെന്ന് ശ്രദ്ധിക്കുക. 'അഗ്നി ഇറങ്ങി യഹോവയുടെ തേജസ്സ് ആലയത്തിൽ വരുമ്പോൾ യിസ്രായേൽമക്കൾ എല്ലാവരും നോക്കിക്കൊണ്ടിരുന്നു; അവർ കൽക്കളത്തിൽ മുഖം കുനിച്ചു, യഹോവയെ നമസ്കരിച്ചു, സ്തുതിച്ചു: അവൻ നല്ലവനല്ലോ അവന്റെ ദയ എന്നേക്കും ഉള്ളത് എന്ന് ചൊല്ലി സ്തുതിച്ചു' (2 ദിന. 7:3). ആരാധന എന്നത് ദൈവത്തിന്റെ സാന്നിധ്യത്തിനും അവന്റെ വിശുദ്ധിക്കും അവന്റെ മഹത്വത്തിനും ഉള്ള പ്രതികരണമാണ്. ദൈവത്തോടുള്ള നമ്മുടെ സ്നേഹം, പ്രകടിപ്പിക്കുന്നതാണ് ആരാധന. യഥാർത്ഥ ആരാധനയിൽ ദൈവസാന്നിദ്ധ്യത്തിന്റെ ഊഷ്മളത അനുഭവപ്പെടുന്നു. ദൈവത്തിന്റെ ക്ഷമയിലൂടെ ശുദ്ധീകരണം പ്രാപിക്കുന്നു, ദൈവത്തിന്റെ ഉദ്ദേശ്യങ്ങളുടെ ജ്വലനം വെളിപ്പെടുന്നു, ദൈവശക്തിയുടെ ജ്വാല പ്രകടമാകുന്നു.

ദൈവിക ബന്ധത്തിലുള്ളവർ ദൈവവുമായി പ്രണയത്തിലായിരിക്കുന്നു, അവന്റെ മഹത്വത്തിൽ അവനെ കണ്ടുമുട്ടുന്നു. ആരാധനയിൽ ദൈവത്തെ കാണാൻ അവർ ആഗ്രഹിക്കുന്നു. ആരാധന ദൈവവുമായുള്ള ഏറ്റുമുട്ടലിലേക്ക് നയിക്കുന്നില്ലെന്ന് അവർക്കറിയാം; അത് ദൈവവുമായുള്ള കൂടിക്കാഴ്ചയാണ്. ആരാധനയിൽ ദൈവത്തെ കണ്ടുമുട്ടാൻ നമ്മൾ ആഗ്രഹിക്കുന്നുണ്ടോ? ദൈവത്തിന്റെ മഹത്വത്തോടും നന്മയോടും പ്രതികരിക്കാൻ നമ്മുടെ ഹൃദയം ശ്രമിക്കുന്നുണ്ടോ?

**ദൈവത്തിന്റെ പടരുന്ന അഗ്നി സാക്ഷ്യത്തിലേക്ക് നയിക്കും**

അഗ്നിയുടെ സ്വഭാവം ശുദ്ധീകരിക്കുന്നതും ദഹിപ്പിക്കുന്നതുമാണ്. അതിന്റെ സ്വഭാവം പടരുന്നതും

**സ്രഷ്ടാവും സൃഷ്ടിക്കപ്പെട്ട നമ്മളും തമ്മിലുള്ള ബന്ധത്തെയാണ് പ്രാർത്ഥന സൂചിപ്പിക്കുന്നത്. നാം ദൈവത്തോടൊപ്പം സമയം ചെലവഴിക്കുന്നില്ലെങ്കിൽ ദൈവവുമായി പൊരുത്തപ്പെടാൻ പ്രയാസമാണ്.**

ആണ്. ദൈവ സാന്നിധ്യ ബോധം അഗ്നിപോലെ മറ്റുള്ളവരുടെ ഹൃദയങ്ങളിലേക്ക് പടരണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ആരാധനയും സാക്ഷ്യവും തമ്മിൽ അടുത്ത ബന്ധമുണ്ട്. നമ്മുടെ സാക്ഷീകരണം ആരാധനാ സമൂഹത്തെ ഉളവാക്കുന്നു. അതേ സമയം, ആരാധന സാക്ഷ്യ ജീവിതത്തിന് പ്രചോദനം നൽകുന്നു. ക്രിസ്തുവിനെക്കുറിച്ച് മറ്റുള്ളവരോട് പറയാനുള്ള ആഗ്രഹം ആരാധന നമ്മിൽ ഉളവാക്കുന്നു.

ദൈവം ശലോമോനോട് അരുളിച്ചെയ്തു: 'എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിക്കുകയും അവരുടെ ദുഷിച്ച വഴികൾ വിട്ടുതിരിയുകയും ചെയ്താൽ, ഞാൻ സ്വർഗ്ഗത്തിൽ നിന്ന് കേൾക്കുകയും അവരുടെ പാപം ക്ഷമിക്കുകയും അവരുടെ ദേശത്തെ സുഖപ്പെടുത്തുകയും ചെയ്യും' (2 ദിന. 7:14). ഇംഗ്ലീഷ് ഭാഷയിലെ പ്രധാനപ്പെട്ട രണ്ടക്ഷര പദമാണ് IF. വ്യക്തികളുടെയും കുടുംബങ്ങളുടെയും രാഷ്ട്രങ്ങളുടെയും വിധി ആ ഒരു ചെറിയ വാക്കിനെ ആശ്രയിച്ചിരിക്കുന്നു. ആലയ സമർപ്പണ ചടങ്ങിനുശേഷം ദൈവം ശലോമോന് നൽകിയ വചനമായിരുന്നു ഈ പ്രസ്താവന.

ദൈവത്തോടുള്ള ആരാധനയ്ക്കും പങ്കാളിത്തത്തിനുമുള്ള പ്രതിബദ്ധതയുടെ പ്രതീകമാണ് ദൈവാലയം. ദൈവം ശലോമോനോട് പറഞ്ഞു, 'നീയാണ് എന്റെ ജ്വാല ലോകത്തിലേക്ക് കൊണ്ടുപോകുന്ന മനുഷ്യൻ'. കൂടാതെ, ഇസ്രായേൽ ജനതയോട്, 'നിങ്ങൾ എന്റെ ജനമാണ്. എന്റെ ക്ഷമയും രോഗശാന്തിയും പ്രഖ്യാപിക്കാനുള്ള ഉത്തരവാദിത്തം നിങ്ങളുടേതാണ്'. ദൈവത്തിന്റെ ക്ഷമയുടെയും രോഗശാന്തിയുടെയും ജ്വാല പരത്താനുള്ള ഉത്തരവാദിത്തം കേൾവിക്കാരന്റെ ചുമലിലാണ്. ദൈവം ശലോമോനോട് പറഞ്ഞതുപോലെ, നീയാണ് പുരുഷൻ, അവൻ നിങ്ങളോടും എന്നോടും പറയുന്നു, 'നീയാണ് പുരുഷൻ! നീയാണ് സ്ത്രീ!' ദൈവം ഇസ്രായേൽ ജനത്തോട് പറഞ്ഞതുപോലെ, നിങ്ങൾ ജനമാണ്, എല്ലാ ക്രിസ്തു ശിഷ്യരോടും അവൻ പറയുന്നു, 'നിങ്ങൾ എന്റെ ജനമാണ്'. തീ നമ്മുടെ മേൽ പതിക്കുമ്പോൾ മറ്റുള്ളവരിലേക്ക് അത് പകരാൻ നാം നിർബന്ധിതരാകുന്നു.

ഒരാൾ ദൈവവുമായി നല്ല ബന്ധത്തിലായിരിക്കുമ്പോൾ, ദൈവത്തിന്റെ മഹത്വത്തെയും നന്മയെയും കുറിച്ച് മറ്റുള്ളവരോട് പറയാതിരിക്കാൻ അയാൾക്ക് കഴിയില്ല. ദൈവത്തോട് സ്നേഹമുള്ള ഒരാളുടെ സ്വാഭാവികമായ വളർച്ചയാണ് ദൈവത്തിന്റെ ഉത്തമസാക്ഷിയായി അയാളെ രൂപപ്പെടുത്തുന്നത്. തങ്ങളുടെ വിശ്വാസം തീപിടിക്കുന്നതുപോലെ പങ്കുവെക്കുന്നതിൽ ഉത്സാഹികളായിരുന്ന സുവിശേഷ വീരന്മാരെക്കുറിച്ചും പൂർവ മാതാപിതാക്കളെക്കുറിച്ചും നമുക്ക് അറിവുണ്ടല്ലോ. ദൈവികബന്ധത്തിലുള്ള ഒരു വ്യക്തിക്ക് ദൈവത്തോടുള്ള അഭിനിവേശവും മറ്റുള്ളവരോട് അനുകമ്പയും ഉണ്ട്. അവർ അവനെക്കുറിച്ച് മറ്റുള്ളവരോട് പറയുന്നു.

നമുക്ക് ഒരു ആത്മീയ ഓഡിറ്റ് നടത്താം. ആരാധനയിൽ നമ്മൾ ദൈവത്തോട് പ്രതികരിക്കുകയാണോ? നമ്മൾ ക്രിസ്തുവിന്റെ വിശ്വസ്ത സാക്ഷിയാണോ?

ജ്വലനത്തിന് പ്രതികൂലമായ അന്തരീക്ഷത്തിലായിരിക്കുമ്പോൾ തീ കത്തിക്കാൻ കഴിയില്ല. നാം, ജ്വലിക്കപ്പെടാൻ, ജ്വലിക്കുന്ന വസ്തുക്കളാൽ രചിക്കപ്പെട്ടിരിക്കണം. അഗ്നിപോലെ ചൂടും വെളിച്ചവും സൃഷ്ടിക്കുന്ന ആത്മീയ പ്രതികരണം സൃഷ്ടിക്കുന്നതിനുള്ള ആത്മീയ ഘടന നാം രൂപപ്പെടുത്തണം. നമ്മുടെ ഹൃദയത്തിൽ ആത്മീയ അഗ്നി ആളിപ്പടരുന്നതിനുള്ള സൂത്രവാക്യം ദൈവം നമുക്ക് നൽകിയിട്ടുണ്ട്. ദൈവത്തിന് നമ്മുടെമേൽ പിടി കിട്ടാനുള്ള വഴി 2 ദിനവൃത്താന്തം 7:14-ൽ കാണാം. എങ്കില്... സ്വയം താഴ്ത്തുക... പ്രാർത്ഥിക്കുക...എന്റെ മുഖം അന്വേഷിക്കുവിൻ...അവരുടെ ദുഷിച്ച വഴികളിൽ നിന്ന് തിരിയുക...ആ നിയോഗ സാക്ഷാത്കാരത്തിനായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വ്യത്യസ്തമാണ്.

**A. വ്യക്തിപരമായ ഉത്തരവാദിത്തം ഏറ്റെടുക്കുക**

ദൈവവുമായി പൊരുത്തപ്പെടുക വ്യക്തിപരമായ ബന്ധം സ്ഥാപിക്കുക എന്നത് നമ്മുടെ ഉത്തരവാദിത്തമാണ്. ആ ഉത്തരവാദിത്തത്തിൽ പങ്കാളികൾ ആകുവാൻ മറ്റാർക്കും കഴിയില്ല

**B. ദൈവമുമ്പാകെ സ്വയം താഴ്ത്തുക**

സ്വയം വിനയം എന്നത് ഒരു നിലപാടിന്റെ പ്രസ്താവനയാണ്. തന്റെ സഹോദരൻ ഏശാവുമായി അനുരഞ്ജനത്തിലേർപ്പെടാൻ യാക്കോബ് സ്വയം താഴ്ത്തി. ദൈവവുമായുള്ള നമ്മുടെ ബന്ധം അനുരഞ്ജിപ്പിക്കുന്നതിനും ഇതേ നിലപാട് ആവശ്യമാണ്. സഹോദരനെ കാണുന്നതിന് മുമ്പ് യാക്കോബ് ഏഴ് തവണ നിലത്ത് വീണു. അഴുക്ക് അല്ലെങ്കിൽ മണ്ണ് എന്നർത്ഥം വരുന്ന ഹ്യൂമസ് ആണ് അപമാനം, വിനയം എന്നീ വാക്കുകളുടെ റൂട്ട് ഇവിടെ സംഗതമാണ്. നമ്മോട് ബന്ധം പുലർത്താൻ വേണ്ടി കുരിശിൽ തന്നെത്തന്നെ താഴ്ത്തിയ ക്രിസ്തുവിനെ നാം രുചിച്ചറിയണം.

**C. ദൈവത്തോടൊപ്പം സമയം ചെലവഴിക്കുക**

സ്രഷ്ടാവും സൃഷ്ടിക്കപ്പെട്ട നമ്മളും തമ്മിലുള്ള ബന്ധത്തെയാണ് പ്രാർത്ഥന സൂചിപ്പിക്കുന്നത്. നാം ദൈവത്തോടൊപ്പം സമയം ചെലവഴിക്കുന്നില്ലെങ്കിൽ ദൈവവുമായി പൊരുത്തപ്പെടാൻ പ്രയാസമാണ്. ദൈവവുമായുള്ള സംഭാഷണത്തിലല്ലെങ്കിൽ നമുക്ക് എങ്ങനെ ദൈവവുമായി വ്യക്തിപരമായ ബന്ധം സ്ഥാപിക്കുവാൻ കഴിയും?

**D. ദൈവ സാന്നിധ്യത്തിനായി കൊതിക്കുക**

ദൈവത്തോടൊപ്പമാകാനുള്ള നമ്മുടെ ആഗ്രഹത്തിന്റെ ഉദ്ദേശ്യശുദ്ധിയെയാണ് എന്റെ മുഖം അന്വേഷിക്കുന്നതിലൂടെ മനസ്സിലാക്കുവാൻ കഴിയുന്നത്. ഇവിടെ, 'എന്റെ കൈ അന്വേഷിക്കുക' എന്നല്ല പറയുന്നത് എന്നാൽ നാം പലപ്പോഴും ദൈവത്തിന്റെ കരം തേടുന്നു – അവന് നമുക്കുവേണ്ടി എന്തു ചെയ്യാൻ കഴിയും; ദൈവത്തിന്റെ മുഖം അന്വേഷിക്കുന്നതിനേക്കാൾ ദൈവവുമായി പൊരുത്തപ്പെടാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ദൈവത്തിന് നമുക്കായി എന്തുചെയ്യാൻ കഴിയും എന്ന് അന്വേഷിക്കരുത്, മറിച്ച് ദൈവത്തെ അന്വേഷിക്കുക. 'നമ്മുടെ കാര്യസാധ്യത്തിനായി മാത്രമേ നാം ദൈവത്തെ അന്വേഷിക്കുകയുള്ളൂവെങ്കിൽ, നാം ആത്മീയ വിഗ്രഹാരാധകരാണ്.'

**E. ദൈവത്തിങ്കലേക്ക് നടക്കുക**

അവരുടെ ദുഷിച്ച വഴികളിൽ നിന്ന് തിരിഞ്ഞ് നമ്മുടെ നടത്തത്തിന്റെ ദിശ നാം അറിയണം. നമ്മുടെ ദുഷിച്ച, പാപപൂർണമായ, അവിശുദ്ധ ജീവിതശൈലിയിൽ നിന്ന് തിരിഞ്ഞ് ദൈവത്തിങ്കലേക്ക് നടക്കുന്നതിനുള്ള ദൈവശാസ്ത്രപരമായ വാക്ക് മാനസാന്തരമാണ്. പശ്ചാത്താപം എന്നാൽ തിരിയുക എന്നാണ്. ഞാൻ തെറ്റായ ദിശയിലാണ് പോകുന്നതെന്ന് പറയുക എന്നതാണ്; എന്റെ ദുഷിച്ച വഴിയിൽ നിന്ന് എനിക്ക് തിരിയണം. പശ്ചാത്താപം എന്ന പ്രായോഗിക പദം ദൈവവുമായി ശരിയാകാനുള്ള ധാർമ്മികവും ആത്മീയവുമായ ഒരു പ്രവൃത്തിയെ വിവരിക്കാൻ ഉപയോഗപ്രദമാണ്. പശ്ചാത്താപം എന്നാൽ ഖേദിക്കുകയോ കരയുകയോ ഒരാളുടെ ജീവിതത്തിലെ തെറ്റുകൾക്ക് മറ്റാരെയെങ്കിലും കുറ്റപ്പെടുത്തുകയോ ചെയ്യുന്നില്ല. പശ്ചാത്താപം എന്നത് ഹൃദയത്തിന്റെ ദിശ മാറ്റുന്ന പ്രവർത്തനമാണ്. ഇത് ഒരു ആത്മീയ 'മുഖം' ആണ്. അത് വഴി മാറണമെന്ന് ആവശ്യപ്പെടുന്ന ചിന്താമാറ്റമാണ്. പശ്ചാത്താപം എന്നതിനുള്ള ഗ്രീക്ക് പദമായ മെറ്റാനോയോയുടെ അർത്ഥം 'ഒരുവന്റെ മനസ്സ് മാറ്റുക; വ്യത്യസ്തമായി ചിന്തിക്കുക; ഒരുവന്റെ ഹൃദയം പാപത്തിൽ നിന്നും ദൈവത്തിലേക്കു തിരിയുക' എന്നാണ്. പശ്ചാത്താപം ഇച്ഛയുടെ ഒരു പ്രവൃത്തിയാണ്. തിരിയാൻ നമ്മുടെ ഭാഗത്തുനിന്ന് സ്വമേധയാ ഉള്ള ഒരു തിരഞ്ഞെടുപ്പ് ആവശ്യമാണ്.

പള്ളി കെട്ടിടങ്ങളോ ലോകത്തിന്റെ സൗഭാഗ്യങ്ങളോ ആരെയും ആകർഷിക്കില്ല, എന്നാൽ ദൈവാലയത്തിൽ ആരാധിക്കുകയും ലോകത്തിൽ സാക്ഷ്യം വഹിക്കുകയും ചെയ്യുന്ന വിശുദ്ധ മനുഷ്യരുടെ ഹൃദയങ്ങളിൽ തീ ഉണ്ടാകും, അവർ ആളുകളെ ആകർഷിക്കും. അനേകരെ ദൈവത്തിങ്കലേക്കു തിരിക്കും. നമ്മുടെ ഹൃദയം അതിനായി ജ്വലിക്കുന്നുണ്ടോ?


## ജനുവരി
# താരകമാസം

മലങ്കര സഭാതാരകയുടെ വളർച്ചയ്ക്ക് മലങ്കര മാർത്തോമ്മാ സഭാംഗങ്ങളിൽ നിന്നും ലഭിക്കുന്ന എല്ലാ സഹകരണങ്ങൾക്കും നന്ദി. തുടർന്നും അതു ഞങ്ങൾ ആഗ്രഹിക്കുന്നു. നമ്മുടെ അംഗസംഖ്യയുടെ അനുപാതം അനുസരിച്ച് താരകയുടെ വരിക്കാർ വർദ്ധിക്കേണ്ടത് ആവശ്യമാണ്. ബഹു. അച്ചന്മാർ, ശുശ്രൂഷകന്മാർ, സംഘടനാഭാരവാഹികൾ, വിശേഷാൽ താരക പ്രൊമോട്ടർമാർ ഇവരുടെയെല്ലാം ആത്മാർത്ഥമായ സഹകരണം ഇതിലേക്ക് ക്ഷണിച്ചുകൊള്ളുന്നു. ജനുവരി മാസം താരകമാസമായി ആചരിക്കുമ്പോൾ പുതുതായി വരിസംഖ്യ അടച്ചും കുടിശ്ശിഖ വരുത്തിയവർ അതു പുതുക്കിയും സഭാംഗങ്ങളെ ഇതിനായി പ്രോത്സാഹിപ്പിച്ചും സഹായിക്കുമല്ലോ. പത്ത് പുതിയ വരിക്കാരെ ചേർക്കുന്ന ആളിന് താരക ഒരു വർഷത്തേക്ക് സൗജന്യമായി ലഭിക്കും. ഏറ്റവും കൂടുതൽ വരിക്കാരെ ചേർക്കുന്ന വ്യക്തിക്ക് പ്രോത്സാഹന സമ്മാനം നൽകുന്നതാണ്. മേൽവിലാസത്തിലെ മാറ്റങ്ങൾ രേഖാമൂലം എഴുതി അറിയിക്കുക.

വേദപഠനം

# ശ്വാസം മുട്ടുന്ന ലോകത്തിലെ ബദൽ ദർശനങ്ങൾ

**വെളിപ്പാട് 13:11–18, 14:1**




**റവ. അലക്സ് മൈലച്ചൽ**
മാർത്തോമ്മ തിയോളജിക്കൽ സെമിനാരി, കോട്ടയം




ദൈവം മനുഷ്യന്റെ മൂക്കിൽ ജീവശ്വാസം (breath of life) ഊതി. അവൻ ജീവനുള്ള ദേഹിയായി എന്നത് ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനമാണ്. സ്വന്തശ്വാസം മനുഷ്യനോടൊപ്പം പങ്കുവെയ്ക്കുന്ന ദൈവീക സങ്കല്പം എത്ര മനോഹരമാണ്. എന്നാൽ സമകാലീന പശ്ചാത്തലത്തിൽ ഭൂമിക്കും മനുഷ്യനും ശ്വാസം മുട്ടുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. "എനിക്ക് ശ്വാസം മുട്ടുന്നു" (I can't breath) എന്ന വാചകം നമുക്ക് സുപരിചിതമായിരിക്കുന്നു. ബ്ലാക്ക് ലൈവ്സ് മാറ്റർ എന്ന മൂവ്മെന്റിന്റെ മുദ്രാവാക്യമാണത്. എറിക്ഗാർനർ എന്ന വ്യക്തി കൊല്ലപ്പെടുന്നതിനുമുമ്പ് 11 തവണ ഈ വാചകം ആവർത്തിച്ചു. ജോർജ്ജ് ഫ്ളോയിഡ് എന്ന വ്യക്തിയുടെ കഴുത്തിൽ 8 മിനിറ്റും 46 സെക്കന്റും പോലീസിന്റെ മുട്ടുകൾ അമർന്നപ്പോൾ അദ്ദേഹം ആവർത്തിച്ച വാചകമാണ് എനിക്ക് ശ്വസിക്കാൻ കഴിയുന്നില്ല എന്നത്. ബ്രിയനോ ടെയ്ലർ, ജോർഡൻ എഡ്വേർഡ്സ്, മിഖായേൽ ബ്രൗൺ, ജാർവിൻ ആംപ്ലർ, മാനുവേൽ എല്ലിസ് എന്നിവരെല്ലാം മരണത്തിനു മുൻപ് ആവർത്തിച്ച പദമാണ് "എനിക്ക് ശ്വാസം മുട്ടുന്നു" എന്നത്. ദ ന്യൂയോർക്ക് ടൈംസ് 2020-ൽ ഉദ്ധരിച്ചതനുസരിച്ച് 70 വ്യക്തികളെങ്കിലും ഈ വാചകം ഉദ്ധരിച്ച് പോലീസ് കസ്റ്റഡിയിൽ മരിച്ചിട്ടുണ്ട്. ഈ വ്യക്തികൾ എല്ലാം തന്നെ കറുത്ത വർഗ്ഗക്കാരാണ് എന്നതിലാണ് ഇതിന്റെ ചർച്ചകൾ അടിസ്ഥാനപ്പെടുന്നത്. "എനിക്ക് ശ്വാസം മുട്ടുന്നു" എന്നതിന്റെ മറ്റൊരു തലമാണ് "നീ ശ്വസിക്കേണ്ട" (you cannot breathe) എന്നത്.

### വെളിപ്പാട് പുസ്തകത്തിന്റെ വായന

നിരന്തരം പുതിയ വായനകൾക്ക് വാതായനങ്ങൾ ഒരുക്കുന്നു എന്നതാണ് വെളിപ്പാട് പുസ്തകത്തിന്റെ സൗന്ദര്യാത്മകത. Phablo Richard എന്ന ചിലിയൻ പുരോഹിതൻ രാഷ്ട്രീയ അടിച്ചമർത്തലുകളുടെ പശ്ചാത്തലത്തിലും Allan Boeask സൗത്ത് ആഫ്രിക്കൻ വീക്ഷണത്തിലും Elisabeth Schussler Fiorenza ഫെമിനിസ്റ്റ് ദർശനത്തിലും Gregory M. Stevenson സാമ്രാജ്യത്വത്തോടുള്ള പ്രതിരോധമായും വായനകൾ രൂപപ്പെടുത്തി. സമകാലീന സാമൂഹിക-മത-രാഷ്ട്രീയ പശ്ചാത്തലത്തോട് വ്യവഹരിക്കുന്നതിന് വേദപുസ്തകവായനയെ പൊളിറ്റിസൈസ് ചെയ്യാതെ സാധിക്കുകയില്ല. റോമൻ ആധിപത്യത്തിൽ പീഢിതരായവിശ്വാസ സമൂഹത്തിന് അപ്പൊകാലിപ്റ്റിക് സാഹിത്യം പകരുന്ന പ്രതീക്ഷയും പ്രത്യാശയുമാണ് വെളിപ്പാട് പുസ്തകത്തിന്റെ വായനയെ വ്യത്യസ്തമാക്കുന്നത്.

### അപ്പൊകാലിപ്റ്റിക് സാഹിത്യ പ്രസക്തി

'അപ്പൊകാലിപ്റ്റിക്' എന്ന വാക്കിന് Unveiling അഥവാ മറനീക്കൽ എന്ന അർത്ഥമാണുള്ളത്. ഗ്രിഗറി എം. സ്റ്റീവൻസൻ അദ്ദേഹത്തിന്റെ 'A

Slaughtered Lamb' എന്ന പുസ്തകത്തിൽ അപ്പൊ കാലിപ്റ്റിസം തിന്മയോടും കഷ്ടതയോടുമുള്ള പ്രതികരണം (Apocalypse as a response to evil and suffering) എന്ന ദർശനം പങ്കുവെയ്ക്കുന്നു. Leonard L.Thomson അപ്പൊകാലിപ്റ്റിക് സാഹിത്യം പ്രതിസന്ധിയോടുള്ള പ്രതികരണമാണ് അതേ സമയം ബദൽ ദർശനവുമാണ് എന്നു സമർത്ഥി ക്കുന്നു. അപ്പൊകാലിപ്റ്റിക് സാഹിത്യം ഒരു പ്രതിരോധവുമാണ്. പീഡിതരും തിരസ്കൃതരു മായ ഒരു ജനതയുടെ പ്രതീക്ഷയും പ്രത്യാശയുമാണ് വെളിപ്പാടു സാഹിത്യം.

**സാമ്രാജ്യത്വത്തിന്റെ മറനീക്കൽ (Unveiling Empire)**

"അതു ഒന്നാമത്തെ മൃഗത്തിന്റെ മുമ്പാകെ അതിന്റെ അധികാരം എല്ലാം നടത്തി ഭൂമിയെയും അതിൽ വസിക്കുന്നവരെയും മരണകരമായ മുറിവ് പൊറുത്തുപോയ ഒന്നാമത്തെ മൃഗത്തെ നമസ് കരിക്കുമാറാക്കുന്നു" (വാക്യം 12). വെളിപ്പാട് പുസ്തകം 13-ാം അധ്യായം വായിച്ചാൽ അതിന്റെ ചരിത്ര പശ്ചാത്തലം വ്യക്തമാകും. സാമ്രാജ്യത്വത്തിന്റെ രൂപപ്പെടൽ വ്യക്തമാക്കുന്ന താണ് പ്രസ്തുത വേദഭാഗം. സമുദ്രത്തിൽ നിന്നും കയറിവരുന്ന മൃഗത്തെയും (13:1-10), കരയിൽനി ന്നുള്ള മൃഗത്തെയും (13:11-18) പരാമർശിക്കുന്നു. ദാനിയേൽ പ്രവചനം 7-ാം അധ്യായം ഈ ഭാഗവു മായി ചേർത്ത് വായിക്കാവുന്നതാണ്. അരുന്ധതി റോയിയുടെ 'The shape of the Beast' എന്ന പുസ്തക ത്തിൽ 'Outline of the Beast' എന്നൊരു അദ്ധ്യായമുണ്ട്. അതിൽ സാമ്രാജ്യത്വത്തിന്റെ രൂപകല്പനയെ പ്ര തിപാദിക്കുന്നു. സാമ്രാജ്യത്വമെന്ന വന്യമൃഗം നടപ്പി ലാക്കുന്ന ശ്വാസം മുട്ടിക്കുന്ന അനുഭവങ്ങളോ ഓരോ ബിന്ദുവായി (dots) അടയാളപ്പെടുത്താവുന്നതാണ്. "The dots have been joined and the shape of the Beast has emerged" ചക്രവർത്തി ആരാധനകൾ ഡൊമീഷ്യൻ ചക്രവർത്തിയുടെ കാലഘട്ടത്തിലാണ് രൂപപ്പെട്ടത്. അതിനായി ചക്രവർത്തിയുടെ പ്രതിമകൾ റോമൻ പ്രവിശ്യയുടെ വിവിധ ഇടങ്ങളിൽ സ്ഥാപിക്കുകയു ണ്ടായി. ശ്വാസം മുട്ടിക്കുന്ന അധികാരഘടനയുടെ സൂക്ഷ്മതലങ്ങൾ യോഹന്നാൻ ദർശിക്കുന്നു.

**റോമൻ സാമ്രാജ്യത്തിന്റെ ശ്വാസം മുട്ടിക്കുന്ന ഘടനകൾ**

ആധിപത്യഘടനയുടെ നെറ്റ്വർക്കുകൾ സൃഷ്ടി ക്കപ്പെടുന്നു. ലോകം മുഴുവൻ റോമൻ ആധിപത്യ ത്തിലാണ് എന്നും ഭൂമി മുഴുവൻ നിയന്ത്രിക്കുന്ന റോമൻ ജനതയുമാണ് എന്ന പ്രതീതി ഉളവാക്കു ന്നു. മിത്തുകൾ സൃഷ്ടിക്കപ്പെടുന്നു (Creating Myths). റോമൻ സമാധാനം (Pax-Romana) റോമൻ ദേശീയത (Roman nationalism) നിത്യമായ സമാ ധാനം (Eternal peace), നിത്യനഗരം (Eternal city) എന്നിങ്ങനെയുള്ള മിത്തുകൾ സൃഷ്ടിക്കപ്പെ ടുന്നു. റോമൻ ചക്രവർത്തിയുടെ പേരിനൊപ്പം വിക്ടോറിയ (Victoria) എന്ന വാക്ക് ചേർത്ത് ആധിപത്യത്തിന്റെ അവസാന വാക്ക് റോമൻ ചക്രവർത്തിക്ക് ചാർത്തപ്പെടുന്നു. "മൃഗത്തിന്റെ പ്രതിമ സംസാരിക്കേണ്ടതിനു മൃഗത്തിന്റെ പ്രതി മയെ നമസ്കരിക്കാത്തവരെയൊക്കെയും കൊല്ലി ക്കേണ്ടതിനും മൃഗത്തിന്റെ പ്രതിമയ്ക്കു ആത്മാ വിനെ കൊടുപ്പാൻ അതിനു ബലം ലഭിച്ചു" (വാ.15). സാമ്രാജ്യത്വത്തിന്റെ ആശയ പ്രചരണം (Imperial Propaganda) വ്യക്തമാണിവിടെ. "കർത്താ വും ദൈവവും എന്ന ലേബൽ ചക്രവർത്തിക്ക് ലഭിക്കുന്നു." പ്രതിമകൾ സൃഷ്ടിക്കപ്പെടുന്നു. കൊല്ലാനും ജീവിപ്പിക്കാനും അധികാരം മൃഗ ത്തിന് ലഭിക്കുന്നു. ഇന്ത്യൻ ഭരണഘടനയ്ക്ക് ബദലായി പുതിയ ഭരണഘടന വായിക്കുന്ന വർഗ്ഗീയ സംഘടനകളുള്ള കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നതെന്ന് മറന്നുകൂടാ. ആന്റി കൺവേർഷൻ ബിൽ, ഘർവാപ്പസി, ബീഫ് നിരോ ധനം, ആൾക്കൂട്ട ആക്രമണങ്ങൾ, ഏകീകൃത സിവിൽകോഡ്, സർവ്വകലാശാലകളുടെ കാവിവ ത്ക്കരണം Outline of the Beast രൂപപ്പെട്ടു കഴിഞ്ഞു. മൃഗം എന്നത് ഒരു വ്യക്തിയോ രാജ്യമോ അല്ല, അതൊരു ആശയസംഹിതയാണ്. കുഴലൂത്ത് ആരം ഭിച്ചുകഴിഞ്ഞു. ഇനി ബിന്ദുക്കൾ (dots) ഒരുമിപ്പിച്ചാൽ മാത്രം മതി. സമകാലീന മൃഗം (Beast) രൂപമെടുക്കും.

**സഭ എന്ന ആതിഥ്യത്തിന്റെ കൂടാരം**

അഭിവന്ദ്യ ഐസക് മാർ ഫിലക്സിനോസ് തിരു മേനിയുടെ വാക്കുകളിൽ 'The wounded body of Jesus proposes the nature of His Ecclesia in the world." ജീവ ശ്വാസം മനുഷ്യനൊപ്പം പങ്കിടുന്ന ദൈവത്തിന്റെ സ്ഥാനം അധികാരഘടനകൾ ഏറ്റെടുക്കുന്നു. മൃ ഗത്തിനു ആത്മാവിനെ കൊടുക്കാൻ അധികാരം ലഭിക്കുമ്പോൾ ശ്വാസം മുട്ടുന്ന ജീവിത പരിസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു. ഇവിടെ അറുക്കപ്പെട്ട കുഞ്ഞാ ടിന്റെ ശരീരമായ എക്ലീസിയ പ്രസക്തമാകുന്നു. മൃഗ ത്തിന്റെ തോലിനുള്ളിൽ പൊതിയപ്പെട്ടു, പൊരിവെ യിലിൽ എല്ലുനുറുങ്ങി മരിക്കേണ്ടിവരുന്നവരുടെയും, തിളച്ച എണ്ണയിൽ പൊള്ളലേറ്റവരുടെയും, കഴുത്തു ഛേദിക്കപ്പെടുന്നവരുടെയും, നാടുകടത്തപ്പെടുന്നവ രുടെയും, വന്യമൃഗങ്ങൾക്ക് എറിഞ്ഞു കൊടുക്കപ്പെട്ട വരുടെയും, ചെറിയ ക്രിസ്തു (Little Christ) എന്നു പരിഹസിക്കപ്പെട്ടവരുടെയും, രാജ്യവിരുദ്ധമതമെന്ന് (Religio illicite) എന്നു മുദ്രകുത്തപ്പെട്ടവരുടെയും അതിജീവന ഇടമായി സഭ പരിണമിക്കുന്നു. ജോർ ജ്ജിയോ അഗമ്പന്റെ 'ഹോമോസാക്കർ' എന്ന കുമിള പോലെ പൊട്ടിപ്പോകുന്ന മനുഷ്യജീവിതത്തിന്റെ ആശാകേന്ദ്രമായി സഭ മാറുമ്പോൾ അതിന്റെ പ്രസക്തി വർദ്ധിക്കുന്നു. അതിനാൽ Imperium അല്ല എക്ലിസിയ എന്നും ബസലേലിയ അല്ല എക്ലിസിയ എന്നും ഉള്ള തിരിച്ചറിവുണ്ടാകുന്നു. ആദിമസഭ അതിനാൽ

തന്നെ കേവലം മതപരമായ ഒരു മുന്നേറ്റമല്ല ഒരു നവരാഷ്ട്രീയ സമൂഹം (New political community) എന്ന വിശാല അർത്ഥം കൈവരുന്നു. സ്വപ്ന ങ്ങൾ തകർന്നു ജീവിതത്തിന്റെ അതിജീവനത്തിന് ത്രാണിയില്ലാത്തവർക്കുള്ള ആശ്രയകേന്ദ്രവും സ്വപ്ന ങ്ങൾ കാണാൻ കരുത്തു പകരുന്ന പുൽപിറ്റുക ളും ജീവന്റെ നിറവിലേക്കുള്ള വാതായനം തുറ ക്കുന്ന ഇടവും സഭയുടെ പ്രസക്തി വർദ്ധിപ്പിക്കുന്നു. അവിടെയാണ് ദൗത്യദർശനങ്ങൾ രൂപപ്പെടുന്നത്. ദൗത്യത്തിൽ തളിർക്കുന്ന സഭയ്ക്കു ജീവനുണ്ട്. സാമ്രാജ്യത്വം ശക്തി പ്രാപിക്കുന്ന കാലഘട്ടത്തിൽ സഭയുടെ (Eccelesia) ദൗത്യസരണി വിശാലവും പ്രസക്തവുമാകുന്നു. സമകാലീന ദൗത്യസരണിയി ലെ ഇടയശുശ്രൂഷയിലെ വെല്ലുവിളികൾ വിശകലന വിധേയമാക്കേണ്ടതുണ്ട്.

സഭയുടെ പുനരാവിഷ്കാരം (Reframing Ecclessia) ചക്രവർത്തി ആരാധനകൾ രൂപപ്പെടുന്ന സാമൂഹിക പരിസരങ്ങളിൽ ശരിയായ വീക്ഷണകോൺ/കാഴ്ച പ്പാട് രൂപപ്പെടുത്താൻ യോഹന്നാന് കഴിഞ്ഞു. സഭയെ പുനരാവിഷ്കരിക്കുക എന്നത് ഈ കാലഘട്ടത്തിൽ പ്രസക്തമാണ്. മരണകരമായ മുറിവ് പൊറുത്തു പോയ ഒന്നാമത്തെ മൃഗത്തെ നമസ്കരിക്കുമാറാ ക്കുന്നു (വാ.12). സാമ്രാജ്യത്വം ചക്രവർത്തി ആരാ ധനയുമായി മറനീക്കി പ്രതിഷ്ഠിക്കപ്പെടുമ്പോൾ ബദൽ ആരാധന രൂപപ്പെടുത്തുന്ന സമൂഹമാണ് സഭ. സഭ ഒരു ബദൽ ആരാധനാ സമൂഹമാണ്. വെളിപ്പാടു പുസ്തകത്തിൽ ഏഴ് ബദൽ ആരാധനാഭാഗങ്ങളുണ്ട് (4:2–11; 5:8–14; 11:15–18; 14:1–5; 15:2–4; 19:1–8). അറു ക്കപ്പെട്ട കുഞ്ഞാടാണ് ആരാധനയ്ക്ക് യോഗ്യൻ എന്നു യോഹന്നാൻ അടിവരയിടുന്നു. ദൈവജന മുള്ളിടത്താണ് ബിഷപ്പുള്ളത്. ഇടവകയുടെ പശ്ചാ ത്തലത്തിലാണ് പട്ടക്കാർ പ്രസക്തമാകുന്നത്. സഭ ക്രിസ്തുവിന്റെ ശരീരമാണ്. അത് മുറിഞ്ഞുടഞ്ഞ, പീഢിതമാക്കപ്പെട്ട, വ്രണിതമാക്കപ്പെട്ട ശരീരമാണ്. റീഫ്രയിമിംഗ് എക്ലിസിയ കാലഘട്ടത്തിന്റെ ആവ ശ്യകതയാണ്.

**അരികുകളുടെ പക്ഷം ചേരൽ (Taking flanks)**

യേശു പാളയത്തിനു പുറത്തു ക്രൂശിക്കപ്പെട്ടു (എബ്രാ.). യോഹന്നാൻ സാമ്രാജ്യത്വത്തിനു പുറത്തുനിന്നും സാമ്രാജ്യത്വത്തെ നോക്കിക്കാ ണുന്നു. Bastiaan Wielenga -യുടെ വാക്കുകളിൽ "John addresses not only victims of violence, but also those of attraction." പി.സായിനാഥിന്റെ "നീറോ യുടെ അതിഥികൾ" എന്ന ഡോക്യുമെന്ററിയിൽ അദ്ദേഹം നീറോയോടല്ല കലഹിക്കുന്നത്, പിന്നെ യോ നീറോയുടെ അതിഥികളോടാണ്. ക്രിസ്ത്യാ നികളെ തൂണിൽ കെട്ടിവെച്ചു എണ്ണയൊഴിച്ചു തീകൊളുത്തുന്നു. അതിന്റെ വെളിച്ചത്തിൽ വിരു ന്നിൽ പങ്കെടുത്ത അതിഥികളുടെ നിശബ്ദത എത്ര ക്രൂരമാണ്. വികസനത്തിന്റെയും നിയോലിബറലി സത്തിന്റെയും കാലഘട്ടത്തിൽ സാമ്രാജ്യത്തിന്റെ ആകർഷണത്തിൽ അകപ്പെടാതിരിക്കാൻ കഴിഞ്ഞി രുന്നെങ്കിൽ എന്നു ആശിക്കുന്നു. അത് നഗ്നമാക്കപ്പെ ടുന്ന/തിരസ്കരിക്കുന്നവരുടെ പ്രതീകമാകുകയും ഒപ്പം ചേരുകയുമാണ്.

**സത്യത്തിന്റെ തിരിച്ചറിവ് (Discerning Truths)**

ആധിപത്യത്തിന്റെ ക്രമങ്ങളിൽ സാമ്രാജ്യത്വ ആകർഷണതയുടെ കാഴ്ചകളിൽ അമരാതെ ശരിയായ സത്യങ്ങൾ തിരിച്ചറിയുക വെല്ലുവിളി യാണ്. ഭൂമിയിൽ നിന്നും കയറിയ മൃഗം കുഞ്ഞാ ടുപോലെയാണ് ദൃശ്യമായത്. എന്നാൽ അത് മൃ ഗമെന്നു തിരിച്ചറിയാൻ യോഹന്നാന് കഴിഞ്ഞു. "അത് ചെറിയവരും വലിയവരും സമ്പന്നന്മാരും ദരിദ്രന്മാരും സ്വതന്ത്രന്മാരും ദാസന്മാരുമായ എല്ലാവർക്കും വലം കൈമേലോ നെറ്റിമേലോ മുദ്രകിട്ടുമാറു മൃഗത്തിന്റെ പേരോ പേരിന്റെ സം ഖ്യയോ ആയ മുദ്രയുള്ളവനല്ലാതെ വാങ്ങുകയോ വിൽക്കുകയോ ചെയ്‌വാൻ വഹിയാതെയും ആകുന്നു" (വാക്യം 16,17). ഈ വാക്യം കേവലം എല്ലാവർക്കും ഒരുപോലെ എന്ന അവസ്ഥയല്ല വ്യക്തമാക്കുന്നത്. പിന്നയോ റോമൻ സാമ്രാജ്യം വളരെ കൃത്യമായി വരേണ്യവർഗ്ഗം (Upper class) എന്നും ദാസസമൂഹം (lower class) എന്നും വിഭജിക്കപ്പെട്ടിരുന്നു. അതിൽ വലിയവരും സമ്പന്നരും സ്വതന്ത്രരുമായ വരേണ്യ സമൂഹ ത്തിന് മൃഗത്തെ നമസ്കരിക്കുക ഏറെ സന്തോ ഷകരമാണ്. എന്നാൽ ചെറിയവരും ദരിദ്രരും ദാ സന്മാരുമായവർക്ക് ജീവിതം നിലനില്പിനുള്ള പ്രതിരോധമാണ്. ഈ സത്യം തിരിച്ചറിയുമ്പോൾ സഭ ആരോടൊപ്പം നിലകൊള്ളണം എന്ന ചോദ്യം പ്രസക്തമാകുന്നു. എം.എം.തോമസിന്റെ ദർശനം പ്രസക്തമാകുന്നു. 'We need a new pattern of combining Christian self-identity and secular solidarity with all human beings" നവീകരണസഭയും സുവിശേഷവി ഹിതസഭയും എന്ന ദർശനം ആതിഥ്യത്തിന്റെ ഇട ങ്ങളൊരുക്കാനുള്ള വിളിയും നിയോഗവുമാണ്.

**വിരുദ്ധങ്ങളുടെ പൊളിച്ചെഴുത്ത്**
**(Dismantling Dichotomies)**

വെളിപ്പാടുപുസ്തകത്തിന്റെ ആകമാന സന്ദേശം വി രുദ്ധങ്ങൾ പൊളിച്ചെഴുതപ്പെടുന്ന ദൈവരാജ്യ ദർശന മാണ്. "ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു" (വെളി.21:1). ഗ്രിഗറി സ്റ്റീവൻസന്റെ അഭിപ്രായ ത്തിൽ അറുക്കപ്പെട്ട കുഞ്ഞാടിലൂടെ (Slaughtered Lamb) എന്ന ദർശനത്തിലൂടെ യോഹന്നാൻ ദ്വന്ദ്വ വും വിരുദ്ധവുമായ ഘടനകളെ ബഹുലതയുടെ ആതിഥ്യ ഇടമായി രൂപപ്പെടുത്തുന്നു. പെന്തക്കുസ് തിയിൽ ബഹുലതയുടെ ആഘോഷമായി മാറുന്ന സഭ നമുക്ക് അടിസ്ഥാന ദർശനമാണ്. ബാസൽ

മിഷനും സെനാനാ മിഷനും ജാതീയതയിലൂടെ അതിരുകൾക്കതീതമായി ദൈവരാജ്യ ദർശനത്തിലൂന്നി പുതുസമൂഹത്തെ നിർമ്മിച്ചവയ്ക്ക് ഉദാഹരണമാണ്. ഉൾക്കൊള്ളലിന്റെയും സ്നേഹത്തിൽ ഒരുമയാക്കപ്പെടുന്ന ഒരു നവസമൂഹദർശനം സുവിശേഷ വിഹിത സഭയുടെ മുഖമുദ്രയായിതീരട്ടെ.

**ബദൽ ദർശനങ്ങളുടെ സമൂഹം**
**(Counter imaginative community)**

ആധിപത്യത്തിന്റെ സംഖ്യയായ അറുനൂറ്റി അറുപത്തിയാറ് സാമ്രാജ്യത്വത്തിന്റെ മറനീക്കൽ തന്നെയാണ്. 'നീറോ കൈസർ' എന്ന പേരിന്റെ ഗ്രീക്ക് അക്ഷരങ്ങളുടെ സംഖ്യയുടെ ആകെ തുകയാണ് അറുനൂറ്റി അറുപത്താറ് മുദ്രകൾ അടിമകളുടെ മുദ്ര മാത്രമല്ല; അതിനു വിപരീതമായി അധികാരത്തിന്റേതുമാണ്. ഭാഷയും സംസ്കാരവും മതവും രാഷ്ട്രീയവും ആധിപത്യഘടനയിൽ അമരുകയും പ്രതീക്ഷകൾ എല്ലാം അസ്തമിക്കുകയും ചെയ്യുന്നു. ജീവിതപരിസരങ്ങളിൽ ബദൽ ദർശനങ്ങളുടെ ഭൂമികയായി വെളിപ്പാടു പുസ്തകം മാറുന്നു. ആധിപത്യത്തിന്റെ മുദ്ര പേറി ജീവിതത്തിന്റെ എല്ലാ പ്രതീക്ഷകളുടെയും അസ്തമനം ദൃശ്യമാകുന്നതായി 13-ാം അധ്യായം വ്യക്തമാക്കുന്നു. എന്നാൽ യോഹന്നാൻ ബദൽ ദർശനം അവതരിപ്പിക്കുന്നു. "പിന്നെ ഞാൻ സീയോൻ മലയിൽ കുഞ്ഞാടും അവനോടു കൂടെ നെറ്റിയിൽ അവന്റെ നാമവും പിതാവിന്റെ നാമവും എഴുതിയിരിക്കുന്ന നൂറ്റിനാല്പത്തിനാലായിരം പേരും നിൽക്കുന്നതും കണ്ടു." എല്ലാം തീർന്നു എന്നു തോന്നുമ്പോൾ പുതിയ ബദൽ ദർശനങ്ങളുടെ കാഴ്ച ഒരുക്കുന്ന സമൂഹമാണ് സഭ. "ആ കല്ലറ സമീപം ആകകൊണ്ടു അവർ യെഹൂദന്മാരുടെ ഒരുക്കനാൾ നിമിത്തം യേശുവിനെ അവിടെ വച്ചു" (യോഹന്നാൻ 19:42). അവിടെ നിന്നും പുതിയൊരു കാഴ്ച രൂപപ്പെടുകയാണ്. "ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ മഗ്ദലക്കാരത്തി മറിയ രാവിലെ ഇരുട്ടുള്ളപ്പോൾ തന്നെ കല്ലറയ്ക്കൽ ചെന്നു" (യോഹ.20:1). "അവർ ചെന്നു കല്ലിനു മുദ്രവച്ചു കാവൽകൂട്ടത്തെ നിറുത്തി കല്ലറ ഉറപ്പാക്കി" (മത്താ.27:66). "ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം നേരം വെളുക്കുമ്പോൾ മഗ്ദലക്കാരത്തി മറിയയും മറ്റേ മറിയയും കല്ലറയ്ക്കൽ എത്തി" (മത്താ.28:1). പുതിയ ദർശനങ്ങൾ രൂപപ്പെടുത്തുന്ന സമൂഹമാണ് സഭ.

**ഉപസംഹാരം**

സാമ്രാജ്യത്വ ഘടനകൾക്ക് ഘനം വയ്ക്കുകയും അനേകർ ഇരകളാക്കപ്പെടുകയും ചെയ്യുന്ന സമകാലീന ലോകത്തിൽ നമ്മുടെ പ്രാർത്ഥനയായി "നിന്റെ രാജ്യം വരേണമേ" എന്ന നിലവിളി ഉയരട്ടെ. 'കർത്താവേ, നിന്റെ രണ്ടാമത്തെ വരവിനായി ഞങ്ങൾ നോക്കിപ്പാർക്കുന്നു.' കർത്താവിന്റെ വരവിനായി നോക്കിപ്പാർക്കുന്ന സമൂഹമാണ് സഭ. "ആമേൻ, കർത്താവായ യേശുവേ വേഗം വരേണമേ" എന്ന നിലവിളി വിശ്വാസികളുടെ സമൂഹമായ സഭയ്ക്ക് കൈമോശം വരാതിരിക്കട്ടെ. നമുക്ക് ബദൽ ദർശനങ്ങൾ പങ്കുവെയ്ക്കാം. 'യേശുവേ വരേണമേ.' പ്രാർത്ഥനയുടെ നിലവിളികൾ ഉയരട്ടെ •

**സ്നേഹകരം: പദ്ധതിയിൽ നിന്നുള്ള സാമ്പത്തിക സഹായത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു**

ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ 80-ാം ജന്മദിനത്തോടനുബന്ധിച്ച് സഭ ആരംഭിച്ച ജീവകാരുണ്യ പദ്ധതിയാണ് സ്നേഹകരം.

ഈ പദ്ധതിയിൽ നിന്നും മാരകരോഗബാധിതരായവർക്ക് സാമ്പത്തിക സഹായം നൽകുന്നതാണ്. കാൻസർ, ഹൃദ്രോഗം, കിഡ്നി സംബന്ധമായ രോഗം, എച്ച്.ഐ.വി. എന്നിവ മൂലം ഇപ്പോൾ ചികിത്സയിലായിരിക്കുന്ന രോഗികൾക്കാണ് ഈ പദ്ധതിയിൽ നിന്നും സഹായം നൽകുന്നത്. വിദഗ്ധരുടെ ഒരു കമ്മിറ്റി, അപേക്ഷകൾ പരിശോധിച്ച് അർഹരായവർക്ക് സഹായം നൽകും.

മാർത്തോമ്മാ ഇടവക വികാരിയുടെ കത്ത്/മാർത്തോമ്മാ സഭാംഗമല്ലാത്തപക്ഷം അപേക്ഷകന്റെ വീടിനു സമീപത്തുള്ള മാർത്തോമ്മാ ഇടവക വികാരിയുടെ കത്ത്, അപേക്ഷാഫാറത്തിൽ നിർദ്ദേശിച്ചിരിക്കുന്ന രേഖകൾ, എന്നിവ സഹിതം 2023 ജനുവരി 31-നകം സഭാ സെക്രട്ടറി, മാർത്തോമ്മാ സഭാ ആഫീസ്, തിരുവല്ല - 689101 എന്ന വിലാസത്തിൽ അപേക്ഷ ലഭിച്ചിരിക്കേണ്ടതാണ്. അപേക്ഷാഫാറത്തിൽ പറഞ്ഞിരിക്കുന്ന രേഖകളും വിശദമായ യഥാർത്ഥ ചികിത്സാ രേഖകളും ഇല്ലാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.

സഭാ ആഫീസിൽ നിന്നോ സഭാ വെബ്സൈറ്റിൽ നിന്നോ ലഭിക്കുന്ന പുതിയ അപേക്ഷാ ഫോറം മാത്രം ഉപയോഗിക്കേണ്ടതാണ്. അപേക്ഷാഫാറം സഭാ ആഫീസ് / വെബ്സൈറ്റിൽ ലഭ്യമാണ്. ഒരു വികാരി ഒരു സമയം മൂന്ന് അപേക്ഷകൾ വരെ മാത്രമേ ശുപാർശ ചെയ്യുവാൻ പാടുള്ളൂ.

തിരുവല്ല
10.12.2022

**റവ. സി. വി. സൈമൺ**
സഭാ സെക്രട്ടറി

# പുതുവർഷത്തിന്റെ പുണ്യം



**ഡോ. സിറിയക് തോമസ്**
മുൻ വൈസ് ചാൻസിലർ
മഹാത്മാഗാന്ധി സർവ്വകലാശാല

ലോകത്തിന്റെ കാലഗണനപ്പട്ടികയിൽ – ഇപ്പോൾ നാം അതിനെ കലണ്ടർ എന്നാണല്ലോ വിശേഷിപ്പിക്കുക – നാം ഒരു വർഷത്തെക്കൂടി പിന്നോട്ടു തള്ളി പുതിയൊരു വർഷത്തെക്കൂടി കണക്കിൽപ്പെടുത്തുന്ന കാലമാണ്. കാലമെന്നു പറയുന്നത് വലിയ അർത്ഥതലങ്ങളുള്ള ഒരു ഭാഷാപ്രയോഗമാണ്. ഇംഗ്ലീഷിൽ സമയത്തെ നാം Time എന്നും കാലത്തെ Times എന്നുമാണല്ലോ പറയുക. മരണാസന്നനായ ആളെപ്പറ്റി പറയുമ്പോൾ അദ്ദേഹത്തിന്റെ സമയം തീരാറായി എന്നു പറയുന്ന നാം തന്നെ ഒരാൾ പ്രായവും അനാരോഗ്യവും മൂലം പഴയതുപോലെ സജീവമാകാതെ വരുമ്പോൾ അങ്ങേരുടെയൊക്കെ കാലം കഴിഞ്ഞുവെന്നുമാണ് പറയുന്നത്. നിത്യതയിലേക്കു കടക്കുന്ന ആത്മീയാചാര്യന്മാരെപ്പറ്റി കാലം ചെയ്തുവെന്നു വിശേഷിപ്പിക്കുമ്പോൾ അതല്ലാത്തവരെക്കുറിച്ചു അന്തരിച്ചു എന്നാണ് പറയുക. അവർ കാലാന്തരപ്പെട്ടുവെന്നു സാരം!

ലോകം വിട്ടവരെക്കുറിച്ചു പറയുമ്പോൾ കാലത്തെ കടന്നുപോയവരെന്നും നാം വിശേഷിപ്പിക്കുന്നു. കാലം കഴിഞ്ഞാലും ഓർമ്മകളിൽ നിൽക്കുന്നവർക്ക് നാം ചാർത്തുന്ന വിശേഷണം കാലാതീതരായവർ എന്നാണ്. കാലത്തെയും അതിവർത്തിച്ച് ജനസ്മരണയിൽ നിലനിൽക്കുന്നവരെന്നർത്ഥം. ഇന്ത്യയിൽ നാം ഗാന്ധിജിയെയാണ് ആ ഗണത്തിൽപ്പെടുത്താറുള്ളത്. കാലത്തിനു ചേർന്നതിനെ കാലാനുസൃതമെന്നു പറയുന്ന നാം തന്നെയാണ് കാലപരിധികൾ പരിമിതപ്പെടുത്താത്തവയെ – ഉദാഹരണത്തിന് ചില മൂല്യ സങ്കല്പങ്ങളെ – രാജനീതി, സന്യാസധർമ്മം, ന്യായബോധം തുടങ്ങിയവയെ – കാലാതിവർത്തികളായി നിൽക്കുന്ന മാർഗ്ഗനിർദ്ദേശക തത്വങ്ങളായി കൊണ്ടാടുന്നതും കാലം എന്ന ഒറ്റവാക്കിന്റെ അർത്ഥതലങ്ങൾ നമ്മെ എത്ര അത്ഭുതപ്പെടുത്തുന്നുവെന്നു സൂചിപ്പിച്ചുവെന്നേയുള്ളൂ.

ക്രിസ്തുമസ് കാലാതീതമായി ആവർത്തിക്കപ്പെടുന്ന ഒരു ആഘോഷമാണെന്നു പറയണം. മതഭേദമെന്യേ ജാതിഭേദമോ രാജ്യഭേദമോ ഭൂഖണ്ഡഭേദമോ ഇല്ലാതെ ലോകമെങ്ങും കൊണ്ടാടുന്ന ഒരു ഉത്സവമെന്നും ക്രിസ്തുമസ്സിനെ വിശേഷിപ്പിക്കാം. ചരിത്രപുരുഷനാണ് ക്രിസ്തു. ചരിത്രം സൃഷ്ടിച്ചവനുമാണ്. ചരിത്രത്തെ മാത്രമല്ല കാലത്തെയും ഭേദിച്ചവൻ. ചരിത്രത്തെയും കാലത്തെയും തനിക്കു മുൻപും തനിക്കു ശേഷവുമെന്നു രണ്ടായി പകുക്കുവാൻ ചരിത്രത്തിൽ യേശുക്രിസ്തുവിനല്ലാതെ മറ്റാർക്കും കഴിഞ്ഞിട്ടുമില്ല. ക്രിസ്തുവിന്റെ അസാധാരണത്വവും അപരിമേയത്വവും നാം കാണുന്നതവിടെയാണ്. കാലത്തെ മാത്രമല്ല ലോകത്തിന്റെ ധർമ്മ മാനദണ്ഡങ്ങളെയും യേശു തിരുത്തിയത് പഴയനിയമത്തിന്റെ (Old Testament) സ്ഥാനത്ത് പുതിയ നിയമത്തെ (New



Testament) പ്രതിഷ്ഠിച്ചുകൊണ്ടാണ്. യെഹൂദരുടെ ധർമ്മ സങ്കല്പങ്ങളെപ്പോലും യേശു അടിമുടി മാറ്റി മറിച്ചുവെന്നതാണ് സത്യം. വേദപണ്ഡിതരെ യേശു മുൾമുനയിൽ നിർത്തി. തന്റെ പന്ത്രണ്ടാമത്തെ വയസ്സിൽ സിനഗോഗിൽ സന്നിഹിതരായിരുന്ന വേദ വിജ്ഞാനികളോടു വേദഗ്രന്ഥത്തിൽനിന്നും തന്റെ വാദമുഖങ്ങൾക്കുള്ള യുക്തികളുന്നയിച്ചുകൊണ്ട് "നിങ്ങൾ ഇതൊന്നും വായിച്ചിട്ടില്ലയോ" എന്ന ചോദ്യമുയർത്തി അവൻ അവരെ അന്ധാളിപ്പിക്കുകയും ഉത്തരമില്ലാത്തവരാക്കുകയും ചെയ്തുവെന്നും വേദപുസ്തകത്തിൽത്തന്നെ നാം വായിക്കുന്നുണ്ടല്ലോ. പകയുടെയും വൈരാഗ്യത്തിന്റെയും തത്വങ്ങൾക്കു മുൻതൂക്കമുണ്ടായിരുന്ന "പഴയനിയമ"ത്തെയാണ് യേശു "ക്ഷമയുടെയും സ്നേഹത്തിന്റെയും പുതിയ നിയമത്തെ" പകരം പ്രതിഷ്ഠിച്ചു അത്ഭുതം കാട്ടിയത്.

പ്രതികാരത്തിന്റെ പ്രമാണത്തെ ക്രിസ്തു ക്ഷമയുടെ ആത്മീയത ഉയർത്തിയാണ് പ്രതിരോധിച്ചത്. സഹോദരനോട് എത്ര തവണ ക്ഷമിക്കണമെന്നു ചോദിച്ച പരീശനോട് "ഏഴ് എഴുപതു പ്രാവശ്യ"മെന്നു പറയാൻ യേശുവിനു ഒരു നിമിഷമേ വേണ്ടിവന്നുള്ളു. വലിയ തുകകൾ പള്ളിയിലെ ഭണ്ഡാരത്തിലിട്ടു "പ്രമാണിത്വം" കാണിച്ച സമ്പന്നരെ "വിധവയുടെ കൊച്ചുകാശിന്റെ" കഥ പറഞ്ഞു യേശു നിലംപരിശാക്കുകയും ചെയ്തു. മനഃപരിവർത്തനവും സമീപന മാറ്റങ്ങളും വഴി ജീവിതത്തെ നവീകരിക്കാത്തവർക്ക് സ്വർഗ്ഗരാജ്യം അകലെയായിരിക്കുമെന്നു മുന്നറിയിപ്പു നൽകാനും യേശു അശേഷം മടിച്ചതുമില്ല.

താൻ ലോകത്തിലേക്കു വന്നതുതന്നെ ലോകത്തിന്റെ നവീകരണത്തിനുവേണ്ടിയാണെന്ന് പരസ്യമായി പറയുവാനും യേശു മടിച്ചതുമില്ല. ഓരോ പുതുവർഷവും നമ്മോടാവശ്യപ്പെടുന്നത് 'അവനിൽ' നമ്മെ നവീകരിക്കുവാനാണ്. പഴയ മനുഷ്യനെ ഉരിഞ്ഞുകളയുക എന്നതിന്റെ അർത്ഥം മറ്റൊന്നല്ലല്ലോ. എന്നാൽ ഉരിഞ്ഞുകളയൽ അത്ര അനായാസകരമായ ഒരു കാര്യവുമല്ല. നമ്മുടെ ജീവിതത്തിന്റെയും സ്വഭാവത്തിന്റെയും 'തഴക്ക'ങ്ങളെ (habits) യാണ് നാം ഉപേക്ഷിക്കേണ്ടി വരിക. നമ്മുടെ പല രീതികളും ശൈലികളും പ്രായത്തിനൊപ്പം നമ്മിൽ രൂഢമൂലമായവയുമായിരിക്കും. അതിൽനിന്നും വിട്ടുപോരാൻ നമുക്കു അസാമാന്യമായ ഇച്ഛാശക്തിയും വേണ്ടി വരും. ദൈവകൃപയില്ലാതെ അതു സാധ്യമാവുകയില്ല എന്ന യാഥാർത്ഥ്യമാണ് നാം തിരിച്ചറിയേണ്ടത്. "ദൈവകൃപയിൽ ഞാൻ ആശ്രയിക്കു"മെന്നുള്ള ഭക്തി ഗാനവരികൾക്കു വലിയ അർത്ഥതലങ്ങളുണ്ട്. അതു തിരിച്ചറിയുമ്പോഴേ ജീവിതനവീകരണം സാധ്യമാകൂ.

ക്രിസ്തുമസ് കാലം ഈ തിരിച്ചറിവിനുള്ള സമയവും കാലവുമാണ്. "നമുക്കൊരു രക്ഷകൻ പിറന്നിരിക്കുന്നു"വെന്നതാണല്ലോ രണ്ടായിരം വർഷങ്ങൾക്കു മുൻപുണ്ടായ "സദ്വാർത്ത". ഓരോ ക്രിസ്തുമസ്സിനും നാം ആ സദ്വാർത്തയെയാണ് നമ്മുടെയെല്ലാം ചിന്താ-ധ്യാന വിഷയങ്ങളാക്കുന്നതും.

ഒരർത്ഥത്തിൽ പറഞ്ഞാൽ ക്രിസ്തുമസും ന്യൂ ഇയറും പരസ്പരബന്ധിതമാണ്. അവ രണ്ടും പരസ്പരപൂരകങ്ങളുമാണ്. പുതുവർഷം കാലത്തിന്റെ മുന്നോട്ടുള്ള കാൽവെയ്പ്പാണ്. ക്രിസ്തുമസ്സിന്റെ "സന്തോഷവാതിൽ" കടന്നാണ് നാം നവവർഷത്തിലേക്കു പാദമൂന്നുന്നത്. പഴയവഴികൾ വിട്ടു പുതിയ വഴികളിൽ സഞ്ചരിക്കേണ്ടി വരുമെന്നതാണ് നാം മുൻകൂട്ടി കാണേണ്ട കാര്യം. "Today is the first day of the rest of your life" എന്നാണ് പ്രമാണം. ഓരോ നവവത്സരദിനത്തിലും നാം നമ്മോടുതന്നെ ആവർത്തിച്ചു പറഞ്ഞ് ഉറപ്പിക്കേണ്ട തത്വവും സത്യവും കൂടിയാണിത്. യേശുവിനെ കണ്ടു കാഴ്ചകളുമായി വന്ന മൂന്നുപേരും വേദജ്ഞാനികളും മഹാപണ്ഡിതരുമായിരുന്നു. "കിഴക്കുനിന്നുവന്ന ജ്ഞാനികൾ" എന്ന അർത്ഥത്തിലാണല്ലോ "three wise men from the East എന്നു അവരെ വേദപുസ്തകവും വിശേഷിപ്പിച്ചത്. "രക്ഷകനെ" കണ്ടു മടങ്ങുംവഴി ഹെരോദാവിന്റെ അരമനവഴി ചെല്ലണമെന്നായിരുന്നു രാജാവ് പറഞ്ഞിരുന്നത്. അത് അവർ വന്ന വഴിയായിരുന്നു. പക്ഷേ കണ്ടു കാഴ്ചകൾ സമർപ്പിച്ചു മടങ്ങുംനേരം അവർക്കു മാലാഖയുടെ അരുളപ്പാടുണ്ടായത് "നിങ്ങൾ മറ്റൊരു വഴിയെ മടങ്ങിപ്പോകണം" എന്നായിരുന്നു. മാലാഖ പറഞ്ഞ തത്വം നിത്യസംഗതമായ ഒന്നാണ്. നാം "രക്ഷകനെ" കണ്ടു തിരിച്ചറിഞ്ഞാൽ പിന്നെ നമമുടെ ജീവിതത്തിന്റെ വഴി (രീതി) വേറെയാവണമെന്നതാണത്. അവരുടെ മടക്കയാത്രയെക്കുറിച്ച് വേദപുസ്തകത്തിൽ ഒരൊറ്റ വാചകമേയുള്ളൂ. "അവർ മറ്റൊരു വഴിയേ മടങ്ങിപ്പോയി" എന്നാണത്. രക്ഷകനെ കണ്ടു കഴിഞ്ഞാൽപ്പിന്നെ നമുക്കു വഴി പഴയതല്ല. പഴയവഴിയാവാൻ പാടില്ല എന്നുതന്നെയാണ് മാലാഖ പറഞ്ഞ്. മടങ്ങേണ്ടതു "രക്ഷ"യുടെ വഴിയെ ആവണമെന്നു സാരം.

പുതുവർഷത്തിന്റെ പുണ്യമതാണ്. പുണ്യമാകേണ്ടതും അതുതന്നെയാണ്. ക്രിസ്തുമസും ന്യൂ ഇയറും ഒന്നാകുന്നത് അവിടെയാണ്. അതാണു രക്ഷയുടെ വഴി. അതാണ് സ്നേഹത്തിന്റെ വഴി. അത് മറ്റുള്ളവരോടുള്ള കരുതലിന്റെ വഴിയാണ്. അതിരുകളില്ലാത്ത ക്ഷമിക്കലിന്റെ വഴി. പുതുവർഷത്തിന്റെ പുണ്യം ആ വഴിയിലാണ്. അതാണ് വഴിമാറിപ്പോകേണ്ട വഴി. കാലത്തിന്റെ കണക്കു ഗണിതത്തിലെ ന്യൂ ഇയർ - 2023 നമ്മോടു പറയുന്നതും അതു തന്നെയല്ലേ ●

ലേഖനം

# നിത്യമാം പ്രകാശമേ വഴി നടത്തുക



**തോമസ് അലക്സാണ്ടർ**
മുഖത്തല

'ദയാപൂർണ്ണമായ പ്രകാശമേ, എന്നെ നയിക്കുക.
വലയം ചെയ്യുന്ന ഈ അന്ധകാരത്തിനു
നടുവിലൂടെ എന്നെ നീ നയിച്ചുകൊള്ളുക.
ഇരുൾ നിറഞ്ഞ രാത്രി,
ഞാൻ എന്റെ ഭവനത്തിൽനിന്ന്
ദൂരെയായിരിക്കുന്നു, എന്നെ നീ നയിക്കുക.
വിദൂരസ്ഥമായ കാഴ്ചകൾ
ഞാൻ കൊതിക്കുന്നില്ല.
ഒരു ചുവടുമാത്രം മുന്നോട്ടു
വയ്ക്കാനുള്ള വെളിച്ചം മതി.
ഇക്കാലമൊക്കെയും നിന്റെ ശക്തമായ
കരം എന്നെ താങ്ങിനടത്തി.
തീർച്ചയായും അതിനിയുമെന്നെ
നയിച്ചുകൊള്ളും.
രാത്രിയൊടുങ്ങുന്നതുവരെ,
മൈതാനങ്ങളിലൂടെയും,
പാറക്കെട്ടുകളിലൂടെയും,
ചതുപ്പുനിലങ്ങളിൽ കൂടിയും,
ജലപ്രവാഹങ്ങളിൽകൂടിയും,
ആ കരമെന്നെ നയിച്ചുകൊള്ളും.'
(കർദ്ദിനാൾ ന്യൂമാന്റെ അതിപ്രശസ്തമായ 'Lead kindly Light' എന്ന ഗാനത്തിന്റെ വിവർത്തനം)

സംഭവ ബഹുലവും സംഘർഷഭരിതവുമായ ഒരു വർഷം കൂടി നാം പിന്നിട്ടു. നൊമ്പരപ്പെടുത്തുന്ന ഒട്ടേറെ സംഭവങ്ങൾക്ക് പോയവർഷം സാക്ഷ്യം വഹിച്ചു. പിന്നിട്ട നാളുകൾ ദുർഘടമായിരുന്നു എങ്കിലും, വരും നാളുകളെപ്പറ്റിയുള്ള ശുഭപ്രതീക്ഷയിലാണല്ലോ നാമെല്ലാവരും. നിറഞ്ഞ മനസ്സോടെ നമുക്ക് പുതുവർഷത്തെ വരവേൽക്കാം. ആഘോഷങ്ങളിൽ പങ്കുചേരാം.

സർവ്വശക്തനായ ദൈവത്തിന്റെ സന്നിധിയിൽ, നമ്മെത്തന്നെ സ്വയം വിലയിരുത്തുന്നതിനുള്ള സമയം കൂടിയാണിത്. ലഭിച്ച അനുഗ്രഹങ്ങളും അനുഭവിച്ച ദൈവകൃപയും ഓരോന്നായി അനുസ്മരിക്കേണ്ട സമയം. നാം ആഗ്രഹിച്ചതുപോലെ നമുക്കാകുവാൻ സാധിച്ചുവോ? നന്മകൾ ചെയ്വാനറിഞ്ഞിട്ടും അറിയാതെ തിന്മകൾ ചെയ്തുപോയോ? ലഭിച്ച അനുഗ്രഹങ്ങൾ മറ്റുള്ളവരുമായി പങ്കിടുവാൻ കഴിഞ്ഞുവോ? വർഷാരംഭത്തിൽ എടുത്ത തീരുമാനങ്ങൾ, പ്രാവർത്തികമാക്കുവാൻ കഴിയാതെപോയോ? വ്യക്തിജീവിതം, കുടുംബജീവിതം, തൊഴിൽ മേഖല, സാമൂഹിക ജീവിതം, സഭാജീവിതം ഇവിടങ്ങളിലെല്ലാം ദൈവനാമം മഹത്വപ്പെടുത്തുവാൻ കഴിഞ്ഞുവോ? ഇവയെക്കുറിച്ചെല്ലാം ആത്മാർത്ഥമായും സത്യസന്ധമായും ആത്മശോധന വേണ്ടിയിരിക്കുന്നു. നമ്മുടെ വാക്കുകളിൽ, ചിന്തകളിൽ, പ്രവർത്തികളിൽ, ഇടപാടുകളിൽ, നിലപാടുകളിൽ, വ്യക്തി ബന്ധങ്ങളിൽ, സ്വകാര്യജീവിതത്തിൽ വന്നിട്ടുള്ള ഇടർച്ചകളും പാളിച്ചകളും, നമ്മുടെ തിരിഞ്ഞുനോട്ടത്തിൽ നാം കണ്ടെത്തി പരിഹരിക്കേണ്ടിയിരിക്കുന്നു.

പുതിയ പ്രതീക്ഷകളുടെയും പ്രതിജ്ഞകളുടെയും നല്ല നാളുകളാകട്ടെ പുതുവർഷദിനങ്ങൾ. പുതിയ നേട്ടങ്ങൾ കൈവരിക്കുവാനുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിക്കുവാനുള്ള അസുലഭ സന്ദർഭമാണ് കടന്നുവരുന്നത്. ഇന്നലെകളിലെ നഷ്ടങ്ങളെ മറക്കാം. ശുഭപ്രതീക്ഷയോടെ ഒരു നല്ല നാളേയ്ക്കായി കാത്തിരിക്കാം. വരുവാനുള്ള സംവത്സരത്തെ നന്മകൾകൊണ്ട് അലങ്കരിക്കുവാൻ, ദൈവം സംഗതിയാക്കട്ടെ.

ഭഗവദ്ഗീതയുടെ സന്ദേശം ഈ അവസരത്തിൽ ഓർക്കുന്നത് നല്ലതാണ്. വിജയകരമായ ജീവിതത്തിന് അത് വളരെ പ്രയോജനം ചെയ്യും.

"സംഭവിച്ചതെല്ലാം നല്ലതിന്
സംഭവിക്കുന്നതെല്ലാം നല്ലതിന്
ഇനി സംഭവിക്കുവാനുള്ളതും നല്ലതിന്;
നഷ്ടപ്പെട്ടതിനെക്കുറിച്ച് നീ എന്തിന് ദുഃഖിക്കുന്നു,
നഷ്ടപ്പെട്ടതെല്ലാം നീ നേടിയെടുത്തതാണോ?
ലഭിച്ചതിൽ നീ എന്തിനഹങ്കരിക്കുന്നു?
ലഭിച്ചതെല്ലാം നിന്നോടൊപ്പം
മരണത്തിൽ കൂടെ കാണുമോ?
ഇന്നു നീ അനുഭവിക്കുന്നതെല്ലാം
ഇന്നലെ മറ്റാരുടേതോ ആയിരുന്നു.
നാളെ അത് മറ്റാരുടേതോ ആകും;
മാറ്റം പ്രകൃതിയുടെ നിയമമാണ്."
ജീവിതത്തിൽ സംഭവിക്കുന്നതെന്തും നല്ലതിനാണെന്ന് ചിന്തിക്കുവാനും, നിനച്ചിരിക്കാത്ത വേളകളിൽ നേരിടുന്ന വൈഷമ്യങ്ങൾ, അത്യാഹിതങ്ങൾ, വേർപാടുകൾ എന്നിവ ദൈവത്തിന്റെ വരദാനങ്ങളായി കാണുവാനും നമുക്ക് സാധിക്കണം. ആയിരിക്കുന്ന അവസ്ഥയിൽ സംതൃപ്തിയില്ലാത്ത ഒരുവന്, ഒരിടത്തും ഒരിക്കലും സന്തോഷം ലഭ്യമാകയില്ല. 'Expect the unexpected always; Expect the best and prepare for the worst.'

കഴിഞ്ഞ കാലങ്ങളിൽ ദൈവം നടത്തിയ വഴികൾ, വി

ധങ്ങൾ എന്നിവ നാം ഒരിക്കലും മറക്കുവാൻ പാടില്ല. 'എൻ മനമേ, യഹോവയെ വാഴ്ത്തുക; എന്റെ സർവ്വാന്തരംഗവുമേ അവന്റെ വിശുദ്ധ നാമത്തെ വാഴ്ത്തുക. എൻ മനമേ യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്' (സങ്കീ.103:1,2). നമ്മുടെ പ്രാണനെ മരണത്തിൽനിന്നും, കണ്ണിനെ കണ്ണുനീരിൽ നിന്നും കാലുകളെ വീഴ്ചയിൽനിന്നും രക്ഷിച്ച ദൈവത്തിന് എത്ര നന്ദി പറഞ്ഞാൽ മതിയാകും (സങ്കീ. 116:8). 'ജീവനുള്ളവരുടെ ദേശത്ത് നമുക്കു യഹോവയുടെ മുമ്പാകെ നടക്കാം' (സങ്കീ.116:9). 'രക്ഷയുടെ പാനപാത്രം എടുത്ത് യഹോവയുടെ നാമം വിളിച്ചപേക്ഷിക്കാം' (സങ്കീ.116:13). 'യഹോവ നമ്മുടെ പ്രാർത്ഥനകളും യാചനകളും കേട്ടതുകൊണ്ട്, നമുക്ക് ദൈവത്തെ കൂടുതൽ സ്നേഹിക്കാം' (സങ്കീ.116:1).

'നിന്നതല്ല നാം ദൈവം നമ്മെ നിർത്തിയതാം
നേടിയതല്ല ദൈവമെല്ലാം തന്നതല്ലേ
നടത്തിയ വിധങ്ങൾ ഓർത്തിടുമ്പോൾ
നന്ദിയോടെ നാഥനു സ്തുതിപാടിടാം.'

ഇത്രത്തോളം ജയം തന്ന, ഇതുവരെ കരുതിയ ദൈവത്തിനു നമുക്ക് സ്തോത്രം കരേറ്റാം. ഇനിയും കൃപ തോന്നി കരുതിടണേ, ഇനിയും നടത്തണേ തിരുഹിതംപോൽ എന്നു പ്രാർത്ഥിക്കാം.

തടസ്സങ്ങളും ബുദ്ധിമുട്ടുകളും മനുഷ്യജീവിതത്തിന്റെ ഒരു ഭാഗമാണ്. അതു മറികടക്കുവാനുള്ള എളുപ്പ വഴികൾ കണ്ടെത്തുകയാണ് ബുദ്ധിമാന്മാർ ചെയ്യുന്നത്. പുഴയിലെ വെള്ളം വറ്റിച്ച് അക്കരെ കടക്കുന്നതിലും എത്രയോ എളുപ്പമാണ് ഒരു വഞ്ചി പണിയുന്നത്.

പുഴ ഒഴുകുന്നില്ല, ഒഴുകുന്നത് വെള്ളമാണ്. കാലം മൺമറഞ്ഞു പോകുന്നില്ല; മൺമറഞ്ഞു പോകുന്നത് നാം ഓരോരുത്തരുമാണ്. തൊട്ടിലിൽനിന്നു ശവക്കുഴിയിലേക്കും, ശൈശവത്തിൽനിന്നു വാർദ്ധക്യത്തിലേക്കും നാം പ്രയാണം ചെയ്യുന്നു. ചെയ്യേണ്ട കാര്യങ്ങൾ നീട്ടിവയ്ക്കരുത്. ഇന്നു ചെയ്യുവാനുള്ളത് ഇന്നുതന്നെ ചെയ്തു തീർക്കണം. നല്ല ആശയങ്ങൾ ഹൃദയത്തിലുണ്ടാവുമ്പോൾത്തന്നെ, ശരിക്ക് ആലോചിച്ചുറച്ച് വേണ്ടതു ചെയ്യുവാൻ നാം തയ്യാറാകണം. സമയം വിലയേറിയതാണ്. ഒരുനിമിഷംപോലും പാഴാക്കരുത്. വലിയ കാര്യങ്ങൾ, മുൻകൂട്ടി ചിന്തിച്ച്, വേഗത്തിൽ നടപ്പാക്കുവാൻ (Think big, think fast, think ahead) നമുക്കു പുതുവർഷത്തിൽ സാധ്യമാകണം. 'ഉത്സാഹത്തിൽ മടുപ്പില്ലാതെ, ആത്മാവിൽ എരിവുള്ളവരായി, കർത്താവിനെ സേവിക്കുവാൻ നമുക്കു കഴിയണം' (റോമർ 12:11). വ്യത്യസ്തരാകുവാനും (to be different), വ്യത്യസ്തത സൃഷ്ടിക്കുവാനും (to make difference) നാം ധൈര്യപ്പെടുമ്പോഴാണ്, ജീവിതം അർത്ഥസംപുഷ്ടമാകുന്നത്.

മാറ്റം വരുത്തണം നമ്മിലും നാം ഉൾപ്പെട്ടു നിൽക്കുന്ന സമൂഹത്തിലും. ആരോടും വിദ്വേഷം ഉണ്ടാകരുത്. ആകുലചിന്തകളിൽ നിന്നും മനസ്സിനെ വിമുക്തമാക്കണം. ലളിതമായി ജീവിക്കണം. മറ്റുള്ളവരിൽനിന്നും ഒന്നും പ്രതീക്ഷിക്കരുത്. ആവോളം മറ്റുള്ളവർക്ക് ദാനം ചെയ്യണം. ജീവിതത്തെ സ്നേഹംകൊണ്ടു നിറയ്ക്കണം. ജീവിക്കുന്ന ചുറ്റുപാടുകളിൽ, പ്രകാശം വിതറണം. സ്വാർത്ഥത വെടിയണം. മറ്റുള്ളവരെക്കുറിച്ച് ചിന്തയുള്ളവരാകണം. മറ്റുള്ളവർക്കുവേണ്ടി കരുതി കൂട്ടി ക്ലേശങ്ങൾ സഹിക്കുവാൻ, ഉള്ളത്, ദൈവം തന്നത്, മറ്റുള്ളവരുമായി പങ്കിടുവാൻ നാം തയ്യാറാകണം. കുടുംബജീവിതം, ആരാധനാജീവിതം, പ്രാർത്ഥനാജീവിതം, തിരുവചനധ്യാനം എന്നിവ കുറെക്കൂടെ ശക്തിപ്പെടുത്തണം. ആഡംബരഭ്രമം, ഫാഷൻ ഭ്രമം, ധൂർത്ത് എന്നിവ കുറയ്ക്കാം. മിതവ്യയം ശീലിക്കാം. സമ്പാദ്യശീലം വളർത്താം. പ്രകൃതിയെ സംരക്ഷിക്കാം. അങ്ങനെ പുതുവത്സരം നമുക്ക് അർത്ഥപൂർണ്ണവും വിജയപ്രദവുമാക്കിത്തീർക്കാം.

ഓരോ പുതുവത്സരവും നാം മരണത്തോട് കൂടുതൽ അടുക്കുന്നു എന്ന യാഥാർത്ഥ്യവും വിസ്മരിച്ചുപോകരുത്. "ഇന്നു ഞാൻ നാളെ നീ, എന്നും പ്രതിധ്വനിക്കുന്നിതെൻ ഓർമ്മയിൽ" എന്ന കവിവാക്യം, ഓരോ നിമിഷവും ഓർക്കുന്നത് നല്ലതാണ്. 'Just a short life; it will soon be past; what is done for Christ alone will last' (C. T. Studd).

അസീസ്സിയായിലെ വിശുദ്ധ ഫ്രാൻസിസിന്റെ പ്രാർത്ഥനയോടെ, ഈ ധ്യാനം ഉപസംഹരിക്കുന്നു. ഏവർക്കും, സമ്പൽസമൃദ്ധവും ഫലകരവും സന്തോഷപ്രദവുമായ പുതുവത്സരം ആശംസിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

'സർവ്വേശ്വരാ, കർത്താവേ!
എന്നെ അങ്ങയുടെ സമാധാനത്തിന്റെ
ഒരു ഉപകരണമാക്കേണമേ.
വിദ്വേഷമുള്ളിടത്ത് സ്നേഹവും
ദ്രോഹമുള്ളിടത്ത് ക്ഷമയും
സന്ദേഹമുള്ളിടത്ത് വിശ്വാസവും
നിരാശയുള്ളിടത്ത് പ്രത്യാശയും
അന്ധകാരമുള്ളിടത്ത് പ്രകാശവും
സന്താപമുള്ളിടത്ത് സന്തോഷവും
ഞാൻ വിതയ്ക്കട്ടെ;
ഓ! ദിവ്യനാഥാ!
ആശ്വസിപ്പിക്കപ്പെടുന്നതിനെക്കാൾ
ആശ്വസിപ്പിക്കുന്നതിനും
മനസ്സിലാക്കപ്പെടുന്നതിനെക്കാൾ
മനസ്സിലാക്കുന്നതിനും
സ്നേഹിക്കപ്പെടുന്നതിനെക്കാൾ
സ്നേഹിക്കുന്നതിനും
എനിക്കിടയാക്കേണമേ;
എന്തെന്നാൽ കൊടുക്കുമ്പോഴാണ്
ഞങ്ങൾക്കു ലഭിക്കുന്നത്;
ക്ഷമിക്കുമ്പോഴാണ്
ഞങ്ങൾ ക്ഷമിക്കപ്പെടുന്നത്;
മരിക്കുമ്പോഴാണ് ഞങ്ങൾ
നിത്യജീവങ്കലേക്കു ജനിക്കുന്നത്'

Article

# May the light in you not be darkened

'The light shines in the darkness and the darkness has not overcome it' (John:1:5)





**Ginju Elsa Mathew**
Puramattom

'Some days you will be the light for others. Some days you will need some light from them. As long as there is light, there is hope and there is a way.' This is the essence of Christmas. Gabriel the Angel appeared before the shepherds and told them not to be afraid as he brought good news. Shepherds travelled to Bethlehem and saw baby Jesus lying in the manger with Mary and Joseph. They praised God for all they had heard and seen. Then the wise men followed the star to Bethlehem until it stopped over the place where the infant lay. They didn't go back to Herod and chose another path while returning. This is the sweetness of Christmas. When we meet the True Savior, there is hope and new paths will be opened for us.

Our Holy Communion starts with the following prayer :

**In Your Light, we see the light, Jesus, full of light.**

**It's Your Light that shines upon our world, light our minds.**

**May Your Light reveal the sin in our hearts.**

**As we humbly pray, in spirit and truth**

Each word in this prayer represents the power of light in our life. Light is used as a representation of God in the Bible. When God created this beautiful world, there was darkness everywhere and He created light to remove the darkness.

In the Old Testament too, the angel of the Lord appeared to Moses in a blazing fire within a bush, emphasising the importance of light. Isaiah speaks of Christ's birth in Chapter 9 Verse 2, saying 'The people walking in darkness have seen a great light; on those living in the land of deep darkness a light has dawned.' Jesus himself said that I am the light of the world. 1 Peter 2:9 reads, 'But you are a chosen people, a royal priesthood, a holy nation, God's special possession that you may declare the praises of him who called you out of darkness into his wonderful light.' Thus throughout the Bible, light is referred to as a symbol of holiness, hope, goodness, knowledge, grace and revelation. Remember, God is not a kind of light, he is the light itself.

**The Lord is my light**

Christmas is the festival of lights. We decorate our homes with stars and fairy lights to proclaim the good news: 'Do not be afraid. I bring you good news that will cause great joy for all the people. Today in the town of David, a Savior has been born to you; he is the Messiah, the Lord.'

Infant Jesus and the star are the highlights of Christmas. The star guided the three wise men to the manger. Later on, the baby who is the true light became a guide for many that followed him. As Psalm 27 says, 'The Lord is my light'.

And His light changed the world. We all were created in his image and likeness. He put His light in our hearts. When we grew up, so did the light. Our hearts shine brightly when we express love, kindness and forgiveness.

Light has a characteristic called reflection. Let us be the reflectors, to reflect the light and joy to those who are still in darkness. This Christmas beckons you to reflect your light. The world needs it. The purpose of Christmas is to be a torchbearer and as Ella Fitzgerald's song says, 'Brighten the corner where you are'. Every Christmas is a wake-up call to prepare ourselves to shine and welcome the New Year.

**New Year: A wake-up call to the light**

We all set up alarms before going to bed. Its purpose is to wake us up on time and complete our duties before welcoming a new day into our life. Each morning lends us a ray of hope - a hope of freedom, a hope of happiness and a hope of fellowship.

The famous Sanskrit chant goes – "Tamaso Ma Jyotir Gamaya (Lead us from darkness to light). Light is hope. Hope is what we need when we start a New Year. Hope gives us strength, wisdom and goodness to face the problems that we are going to encounter. Each New Year is an opportunity to walk into the truth that we find during Christmas. The Truth is Light and the Light is Christ. So, every New Year is a wake-up call to start our journey towards Christ.

**The journey of Saul to Damascus**

We are aware of the life of Saul in Tarsus. In Acts of the Apostles Chapter 9, we can see the journey of Saul (Paul, the Apostle) to Damascus to torture the followers of Christ. When he came near Damascus, a light shone around him from Heaven. The Verse 3 says, 'And as he journeyed, he came near Damascus: and suddenly there shined round about him a light from heaven.' A conversation was happening between Saul and the Light. The Light was Lord itself. Later in Verse 6, the Lord told Saul, "Arise and go into the city and you will be told what you must do".

Jesus' first appearance before Saul to show that he is alive was through light. He who went out to kill Christians became their protector. Such is the power of light. Light reveals everything; shows a clear path; provides guidance; gives meaning to life and transforms a person completely. The next phase of Saul's life is his journey towards the light he saw. He came out from the darkness. Remember, when you experience darkness it's important to have hope in your heart - to see the light beyond the darkness.

You can be a source of light too by bringing hope to others. The birth of Jesus Christ was not just the fulfillment of prophecies, it was the birth of a new dawn.

**The choice before us**

Many Christians believe the star was a miraculous sign. But being a star is a challenge. Do you wish to become a star?

The star not only showed the way to the manger but also made Herod and the chief priests aware that the Messiah had come, a far greater King than Herod. Thus star reveals a truth. Therefore, it is our duty to preserve the light that has dawned on us.

New Year gives new hope. The light shone by Christmas can keep these hopes alive. Our prayers, fellowships and actions will prepare us to share Christ's light. You are the light of the world. It is the time to let your light shine.

Remember this light is not only for Christmas or for one day, it will last forever•

**മലങ്കര മാർത്തോമ്മാ സുറിയാനി സഭ**

**പ്രതിനിധി മണ്ഡലം 2023**

മലങ്കര മാർത്തോമ്മാ സഭ വാർഷിക പ്രതിനിധി മണ്ഡലയോഗം 2023 ആഗസ്റ്റ് 31, സെപ്റ്റംബർ 1, 2 (വ്യാഴം, വെള്ളി, ശനി) തീയതികളിൽ തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ഓഡിറ്റോറിയത്തിൽ അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ മഹനീയ അദ്ധ്യക്ഷതയിൽ നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്നു.

**റവ. സി. വി. സൈമൺ**
സഭാ സെക്രട്ടറി

ലേഖനം



റവ. കുര്യൻ തോമസ്, മല്ലപ്പള്ളി

# ജീവിക്കുന്ന സഭ!



**സഭ രാജകീയ പുരോഹിതവർഗ്ഗം**

“നിങ്ങളോ അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധ വംശവും സ്വന്തജനവും ആകുന്നു” (1 പത്രോസ് 2:9). മോശെക്കു സീനായ് മലയിൽ ലഭിച്ച കല്പന ജനത്തെ വായിച്ചുകേൾപ്പിക്കുന്നതായി നാം വായിക്കുന്നു. അതു പാലിക്കുന്നവരെ ദൈവജനമെന്നു വിളിച്ചുവന്നു. അതുവരെ അവർ ഒരു ജനക്കൂട്ടം (laos) മാത്രമായിരുന്നു. സഭയും ഒരു ജനക്കൂട്ടമല്ലല്ലോ! സഭ ദൈവജനമത്രേ അഥവാ വിളിച്ചു വേർതിരിക്കപ്പെട്ട ഒരു കൂട്ടമത്രേ. എങ്കിൽ സഭയ്ക്കു ചില ഉത്തരവാദിത്തവും ദൈവവുമായുള്ള ബന്ധത്തിൽ നിർവ്വഹിപ്പാനുണ്ട്. ആ ദൗത്യത്തിൽ നാം പരാജയപ്പെട്ടുവോ? അതോ നാം അതിൽ മുന്നേറുന്നു എന്നു ആത്മാഭിമാനത്തോടെ പറയുവാൻ കഴിയുമോ? ദൈവരാജ്യം വളരുന്നതിന് നാം എത്രമാത്രം ആത്മാർത്ഥത പുലർത്തുന്നു എന്നു ഒരു ആത്മപരിശോധന നടത്തുന്നത് നല്ലതാണ്.

**ഇടവക (സഭ) സംവാദത്തിന്റെയും ആശ്വസിപ്പിക്കലിന്റെയും കൂട്ടായ്മ നിർവ്വഹിക്കുന്ന സമൂഹമായിരിക്കുക**

ഇടവകകൾ ആത്മാർത്ഥതയുള്ള കൂട്ടായ്മ സംഘങ്ങളാകണം. എന്നാൽ ഓരോരുത്തർക്കും താല്പര്യമുള്ളവയും പ്രയാസപ്പെടുത്തുകയും ചെയ്യുന്ന പ്രശ്നങ്ങൾ എത്ര താല്പര്യത്തോടും വാചാലതയോടും അവതരിപ്പിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുന്നതിൽ പലരും തല്പരരത്രേ. എന്നാൽ മറ്റുള്ളവരെ ശ്രദ്ധിക്കുന്നതിനും അവരുടെ കഥകൾ കേൾക്കുന്നതിനും നമുക്കു സമയമില്ല. നമ്മുടെ ഇടവകയിൽ ഒരു വിഭാഗം ആളുകൾ ഒന്നിനും മെനക്കെടാതെ അവരുടെ ജീവിതവ്യാപാരങ്ങളിൽ മാത്രം ശ്രദ്ധ പതിപ്പിക്കുകയും ആരാധനാ ജീവിതത്തിൽ പങ്കാളിത്തം വഹിക്കാതെയും ജീവിക്കുന്നുമുണ്ട്. എന്നാൽ അവരെ നേരിട്ട് കണ്ട് സംഭാഷിക്കുന്നതിൽ ആത്മീയ അനുഭവങ്ങൾ ഉണ്ടെന്നു അഭിമാനിക്കുന്നവർ എത്ര തല്പരരാണ്. കൂടാതെ ആരാധിക്കുന്നവർ തന്നെ എത്രമാത്രം പരിചിതരുമാണ്. ഹലോ! എന്നു പറയുന്ന ബന്ധം മാത്രമല്ല നമ്മിൽ പലരും പരിരക്ഷിക്കുന്നതും. ചിലരൊക്കെ പള്ളിയിൽ വന്നു ദൈവത്തെ കണ്ടേക്കാം! എന്ന ചിന്തയിൽ ദൈവത്തെ പള്ളികളിൽ കുടിയിരുത്തുന്നവരുമത്രേ. പലർക്കും ഇടവകക്കാരുടെ കാര്യസാധ്യത്തിനുള്ള ഒരു ഇടമായ് മാത്രം. പരസ്പരം ആഴമായി അറിയുകയും കൂട്ടായ്മയുടെ മധുരിമ ആസ്വദിക്കുവാൻ പലർക്കും സമയവുമില്ലതന്നെ. ലോകഗതിയുടെ ഒഴുക്കിൽ മുന്നോട്ടു പോയില്ലെങ്കിൽ നാം തള്ളപ്പെട്ടു പോകാ

മെന്നാണ് അവരൊക്കെ ചിന്തിക്കുന്നത്. എന്നാൽ നാം ഏവരും പരദേശികൾ മാത്രമാണെന്നും ഈ പരദേശ പ്രയാണത്തിൽ പ്രത്യാശയുടെ പാട്ടുകൾ പാടി യാത്ര തികയ്ക്കേണ്ടവരാണെന്ന ബോധ്യം നമുക്കുണ്ടാകേണ്ടതല്ലയോ?

ഭൂതഗ്രസ്തനിൽനിന്നു പന്നികളിൽ ഭൂതം കയറി ഓട്ടം തുടങ്ങിയ കഥ രസാവഹമല്ലേ? ഓടുന്ന കൂട്ടത്തിൽ ഒരു പന്നിക്കു സുബോധം തോന്നി മറ്റൊരു കൂട്ടുപന്നിയോട് ചോദിക്കുകയാണ്, നാം എവിടെ പോകയാ? ഇപ്പോൾ ആണോ ചോദ്യം ചോദിക്കാനുള്ള സമയം, 'ഓടെടാ, ഓടിക്കോ. നിക്കാൻ സമയമില്ലതന്നെ.' ഇതുപോലെയത്രേ പലരും. ലക്ഷ്യമില്ലാത്ത ഓട്ടം! എന്നാൽ നാം ദൈവസാദൃശ്യത്തിൽപ്പെട്ടവരാണല്ലോ. ദൈവത്തിൽ ചെന്നെത്തുന്നതാവട്ടെ നമ്മുടെ പരമമായ ലക്ഷ്യം. അതത്രേ സങ്കീർത്തനക്കാരന്റെ ഭാഷ്യം. "കർത്താവേ, നീ തലമുറതലമുറയായി ഞങ്ങളുടെ സങ്കേതമാകുന്നു." അതത്രേ വി. ഒഗസ്റ്റിൻ പറഞ്ഞതും, "ദൈവമേ നീ ഞങ്ങളെ നിനക്കായ് സൃഷ്ടിച്ചു. ഞങ്ങളുടെ ആത്മാക്കൾക്കു നിന്നിലല്ലാതെ സ്വസ്ഥതയില്ല."

നാം ആദ്യമായി സംസാരിക്കേണ്ടത് നമ്മുടെ സഭയിൽപ്പെട്ട സഹോദരങ്ങളോടായിരിക്കട്ടെ. യേശുവിന്റെ ശിഷ്യനായിത്തീർന്ന അന്ത്രയാസ് ആദ്യം ചെയ്തതോ തന്റെ സഹോദരനായ ശീമോനെ ആദ്യം കർത്താവുമായി പരിചയപ്പെടുത്തി എന്നത് ഓർത്തുകൊള്ളാം. നാം കർത്താവിനെ കൊണ്ടുകൊടുക്കുകയല്ല. പിന്നെയോ ആളുകൾ സംഭാഷിക്കുമ്പോൾ ക്രിസ്തു സാന്നിധ്യം അവിടെ സംഗതമായെന്ന ബോധ്യത്തോടെ രണ്ടാളുകളും യേശുവിനെ പുതുതായി ദർശിക്കുകയും അങ്ങനെ യേശുവിനെ പരസ്പരം അനുഭവിക്കുന്നതിനും അതു സംഗതിയാക്കുകയും ചെയ്യും. യേശുവിന്റെ മുമ്പാകെ സകലവും തുറന്നു പറഞ്ഞ മഗ്ദലനക്കാരി തന്റെ ജീവിത രൂപാന്തരീകരണത്തിനു കാരണമാക്കിയ മ്ശിഹായെ സ്വസഹോദരങ്ങളുടെ ഇടയിൽ പരിചയപ്പെടുത്തുന്നതും യേശുവിനും അവിടെ 'രൂപാന്തരം' സംഭവിച്ചു എന്നും എന്റെ ഭാഷയിൽ ഞാൻ പറഞ്ഞുപോകുകയാണ്. വിശപ്പും ദാഹവും ശമിച്ച യേശു, ശിഷ്യന്മാർ ഭക്ഷണമായി മടങ്ങിയെങ്കിലും യേശു പറയുന്നതോ 'നിങ്ങൾ അറിയാത്ത ആഹാരം എനിക്കു ഭക്ഷിപ്പാൻ ഉണ്ട്' എന്നായിരുന്നു.

സംഭാഷണത്തിൽ Creative Listening (സൃഷ്ട്യാന്മുഖശ്രമാം) എന്ന വാക്കാണ് Carl Rogrs എന്ന മനശാസ്ത്രജ്ഞൻ ഉപയോഗിച്ചിരിക്കുന്നത്. എന്റെ ജീവിതകഥയും യേശുവിന്റെ കഥയുമായി സമന്വയിപ്പിക്കുന്നതത്രേ ജീവിതകഥാസംഭാഷണം എന്നതിൽ നാം അർത്ഥമാക്കേണ്ടത്. ഒരു ഇടവകയിലുള്ള എല്ലാ അംഗങ്ങളും ഇങ്ങനെ പരസ്പര ബന്ധിതരാകുന്ന ശുശ്രൂഷയ്ക്ക് ഇടവകകൾ തയ്യാറാകണം. ഇടവകമിഷൻ അംഗങ്ങൾ സീനിയർ സിറ്റിസൺസ് എന്നിവരൊക്കെ ഈ ശുശ്രൂഷ ഭരമേല്ക്കട്ടെ. സമയവും ത്യാഗാത്മകതയും സന്നദ്ധതയുമുള്ള ആളുകൾ മുമ്പോട്ടു വരുകതന്നെ വേണം. ദൈവരാജ്യശുശ്രൂഷയുടെ ഒരു ഭാഗം മാത്രമത്രേ ഇത്.

**ആഴമായ അനുഭവങ്ങളിലേക്ക് ഇറങ്ങുവാൻ നാം അറച്ചു നിൽക്കുന്നുവോ?**

അർത്ഥവും പൊരുളും കണ്ടെത്തുവാൻ പലർക്കും ഒരു വൈമനസ്യം. ഒരിക്കൽ ഒരു ഇടവകമിഷൻ അംഗം മരണകരമായ രോഗത്താൽ അതികഠിനമായി വിഷമിച്ച ഒരു സന്ദർഭത്തിൽ സഹവിശ്വാസികൾ അദ്ദേഹത്തെ ആശുപത്രിയിൽ സന്ദർശിക്കുകയാണ്. സംഭാഷണത്തിൽ നിങ്ങൾ എന്നെ മരണത്തിനായി ഒന്നു ഒരുക്കുവിൻ എന്ന് പറഞ്ഞ രോഗിയോട് അവർ പറയുന്നതോ സ്നേഹിതാ, നീ വേഗം സൗഖ്യമാകട്ടെ. വന്ന് ഇടവകമിഷൻ യോഗത്തിൽ സാക്ഷിക്കുകയും ചെയ്യണം. ആഴങ്ങളിലേക്ക് കടക്കുവാൻ പലരും മടിക്കുന്നു എന്നതാണ് സത്യം. "ദൈവം യേശുക്രിസ്തു മുഖാന്തിരം മനുഷ്യരുടെ രഹസ്യങ്ങളെ എന്റെ സുവിശേഷപ്രകാരം ന്യായം വിധിക്കുന്ന നാളിൽ തന്നെ" (റോമർ 2:16). സാക്ഷ്യം പങ്കിടീലാണ് അതു സംവാദിക്കുകയും സമ്മതിപ്പിക്കുകയുമല്ല.

സുവിശേഷം സശ്രദ്ധം വായിക്കുക. യേശു അഭിമുഖീകരിച്ച വ്യക്തികൾ അവർക്കായി സമയം കണ്ടെത്തുകയും അവരെ ശ്രദ്ധിക്കുകയും ചെയ്യുന്നതായി കാണാം. ജീവിത കഥ മുഴുവൻ വെളിപ്പെടുത്തിയ ശമര്യാക്കാരിയും, വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയും, സകലരാലും വെറുക്കപ്പെട്ട സക്കായിയും, ബർത്തിമായി എന്ന കുരുടനും, രക്തസ്രാവക്കാരി സ്ത്രീയും എല്ലാം വ്യത്യസ്ത തലങ്ങളിൽ ബന്ധപ്പെട്ടവരാണ്. ഓരോരുത്തരിലും താല്പര്യമെടുത്ത യേശു നമ്മിലും തല്പരനത്രേ. ഒരഭിമുഖീകരണമാണ് യഥാർത്ഥ ജീവിതമെന്നു മാർട്ടിൻലൂഥറും പറഞ്ഞിട്ടുണ്ട്.

ജീവിതകഥ ശ്രദ്ധിക്കുന്നതും പങ്കിടുന്നതും ഒരുവനെ യഥാർത്ഥമായി അഭിമുഖീകരിക്കുകയാണ്. ഒരു വാക്കിൽ അവന്റെ കഥ ഉണ്ടെന്നതാണ് വാസ്തവം. അതു പുറത്തു വരേണ്ടതത്രേ. അതിനെ മൂടിവയ്ക്കുന്നവരാണ് പലരും. കർത്താവിലൂടെ എന്റെ ജീവിതത്തിൽ എന്തു സംഭവിച്ചു എന്നു പറയുന്നത് മറ്റൊരുവനിൽ സ്വാധീനം ചെലുത്തുവാൻ പര്യാപ്തമത്രേ. ചിലർ സുവിശേഷകരായി ശോഭിക്കുന്നത് "അവരുടെ കഥകൾ തുറന്നു പറയുന്നതിൽ അവർ വിമുഖരല്ല തന്നെ." അതു മറ്റുള്ളവരെ സ്വാധീനിക്കുവാൻ സഹായകരമാകാം. അതേ സമയം ആയുസ്സ് മുഴുവനും ആരെയും സ്വാധീനിക്കുവാൻ കഴിവില്ലാതെ ജീവിതം അവസാനിപ്പിക്കേണ്ടവരും ഇല്ലാതില്ല. നാം ഒരു ജനക്കൂട്ടമല്ലെന്ന് ഓർക്കണം. നാം ദൈവജനമത്രേ. നാമോ ദൈവത്തിന്റെ വകയും! നാം ആയുസ്സിൽ ചെയ്തു തീർ

ക്കേണ്ട കടമ ചെയ്തേ മതിയാവൂ! ഒഴിഞ്ഞു മാറാതിരിക്കാൻ ശ്രദ്ധിക്കുമല്ലോ.

**അനുബന്ധം**

1) ഇടവകയിൽ സന്മനസ്സും അനുഭവങ്ങൾ പങ്കിടുവാൻ തല്പരരുമായവരെ കണ്ടെത്തി ഒരു പരിശീലന ക്ലാസ്സും ഒരുക്കപ്രാർത്ഥനയും അനിവാര്യമത്രേ. സാധാരണയായ ഇടവക സന്ദർശനംപോലെയൊന്നല്ല ഇതെന്നു ഓർമ്മയുണ്ടായിരിക്കണം. കഴിയുമെങ്കിൽ ദമ്പതികളുടെ ഗ്രൂപ്പുകളും സമാനമായ മറ്റു ഗ്രൂപ്പുകളും ഉണ്ടാകണം. വീടുകളിൽ ചെന്നാൽ ഉടൻ വിഷയങ്ങൾ അവതരിപ്പിക്കാതിരിക്കണം. നിരീക്ഷണത്തിൽകൂടെ സംഭാഷണ വിഷയങ്ങൾ കണ്ടെത്താൻ കഴിവുണ്ടാകണം. അങ്ങനെ ക്രമേണ അവരുമായി ഒരു rapport ഉണ്ടായശേഷം ഭർത്താവ് ഗൃഹനാഥനോടും ഭാര്യ ഗൃഹനാഥയോടും ആത്മീയ അനുഭവങ്ങളും സ്വന്തം അനുഭവങ്ങളും പങ്കുവെച്ചുതുടങ്ങുക. അതുപോലെ ഗൃഹനാഥനും തന്റെ ചില അനുഭവങ്ങൾ പങ്കുവയ്ക്കുവാനുണ്ടാവും. അതു ശ്രദ്ധയോടെ കേൾക്കുകയും അവസാനം പ്രാർത്ഥനയോടെ സന്ദർശനം അവസാനിപ്പിക്കുകയും ചെയ്ക. പള്ളി ആരാധനയിൽ സംബന്ധിക്കുന്നതിൽ വൈമനസ്യമുള്ളവരായിരിക്കാം ചിലരൊക്കെ. അവരെ ഇടവകയിലെ ചില കൂട്ടങ്ങളിലേക്കും ആരാധനയിലേക്കും ക്ഷണിക്കാവുന്നതുമാണ്. നാം ഒരു കൂട്ടായ്മയുടെ ഭാഗമെന്നു അവരെ ഓർമ്മിപ്പിക്കുകയും ചെയ്ക. ഇതു ധൃതഗതിയിൽ അവസാനിപ്പിക്കേണ്ട ശുശ്രൂഷ അല്ലതന്നെ. പ്രതിബദ്ധതയുള്ളവർ മടികൂടാതെ വേല ചെയ്യുന്നവരാകണം.

2) നമ്മുടെ പ്രാർത്ഥനാകൂട്ടങ്ങളിൽ ക്രമമായി സംബന്ധിക്കാത്ത ഒരു വിഭാഗം ആളുകൾ ഉണ്ടല്ലോ. പ്രാർത്ഥനാ യോഗാംഗങ്ങൾ കുടുംബംകുടുംബമായി ഒരു ഗ്രൂപ്പിലുള്ള ഭവനങ്ങൾ ഇടയ്ക്കിടെ സന്ദർശിക്കുന്നതിനും സമയം കണ്ടെത്താവുകയും ചെയ്യാം. അതു സൗഹൃദ കൂട്ടായ്മ ആയിരിക്കട്ടെ. ബുദ്ധിമുട്ടിലിരിക്കുന്നവരും ഏകാന്തത അനുഭവിക്കുന്നവരും രോഗികളും ഒക്കെ അവരിൽ ഉണ്ടാകാം. തദനുസൃതമായ സന്ദർശനവും കരുതലും ആവശ്യമുള്ള രംഗങ്ങളോടു പ്രതികരിക്കുവാനും നാം തയ്യാറാവണം. അവരും നാമും ഒരു കൂട്ടായ്മയുടെ ഭാഗമാണെന്ന ചിന്തയോടെ പെരുമാറുകയും വേണം.

ചില വ്യക്തികൾ പള്ളിയിൽ പോകാൻ മടി കാണിക്കുന്നവരാകാം. ഒരിക്കൽ നിർബന്ധിച്ച് നമ്മോടൊപ്പം കൊണ്ടുപോകാൻ ഉത്സാഹിക്ക. ചിലർക്ക് അടുത്ത യാഴ്ചയും പോകണമെന്ന താല്പര്യം ഉണ്ടായെന്നും വരാം. ദൈവരാജ്യം നമ്മിലും നമ്മുടെ ഇടയിലും എന്ന ചിന്ത വളരുമാറാകട്ടെ. നമ്മുടെ ഇടവകകൾ പതിവു കൂട്ടങ്ങൾ മാത്രമാകാതെ സജീവതയുള്ള ജീവനുള്ള കൂട്ടായ്മ സംഘങ്ങളായി മുന്നേറുവാൻ സർവ്വശക്തനായ ദൈവം കൃപ ചെയ്യട്ടെ!

## മലങ്കര മാർത്തോമ്മാ സുറിയാനി സഭ

## സഭാ ഭരണഘടന പരിഷ്ക്കരണം സംബന്ധിച്ച അറിയിപ്പ്

പ്രിയ മണ്ഡലാംഗങ്ങളെ,

**2022 സെപ്റ്റംബർ 13 മുതൽ 15 വരെ** സമ്മേളിച്ച സഭാ പ്രതിനിധി മണ്ഡലം; സഭാ ഭരണഘടനയ്ക്ക് കാലോചിതമായ പരിഷ്ക്കരണം ആവശ്യമാകയാൽ സമഗ്രമായി പഠിച്ച് ആവശ്യമായ ഭേദഗതികൾ അടുത്തു കൂടുന്ന മണ്ഡലത്തിൽ അവതരിപ്പിക്കുന്നതിനായി സഭാ കൗൺസിലിനെ ചുമതലപ്പെടുത്തിയിരുന്നു. ഈ വിഷയം പഠിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനായി സഭാ കൗൺസിൽ ഒരു ഉപസമിതിയെ നിയോഗിക്കുകയും നടപടികളിലേക്ക് പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്.

സഭാ ഭരണഘടനയുടെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് കാലോചിതമായ പരിഷ്ക്കരണം നിർദ്ദേശിക്കുന്നതിന് താൽപര്യമുള്ള മണ്ഡലാംഗങ്ങൾക്ക്, സഭാ ഭരണഘടന നിലവിലിരിക്കുന്ന വകുപ്പും അതിനു നിർദ്ദേശിക്കുന്ന ഭേദഗതിയും പുതുതായി നിർദ്ദേശിക്കുന്ന വകുപ്പും രേഖാമൂലം 2023 ജനുവരി 31-ാം തീയതിക്കകം തപാലിലൂടെയോ (സഭാ സെക്രട്ടറി, മാർത്തോമ്മാ സഭാ ഓഫീസ്, തിരുവല്ല - 689101, കേരളം) e-mail (sabhaoffice@marthoma.in) ലൂടെയോ അറിയിക്കാവുന്നതാണ്.

സഭാ ഭരണഘടനയ്ക്ക് കാലോചിതമായ പരിഷ്ക്കരണം രൂപപ്പെടുത്തുന്ന ഈ സുപ്രധാന പ്രക്രിയയിൽ മണ്ഡലാംഗങ്ങളുടെ സഹകരണം പ്രതീക്ഷിക്കുന്നു.

ഭരണഘടന പരിഷ്ക്കരണ ഉപസമിതിക്കുവേണ്ടി,

**റവ. സി. വി. സൈമൺ**
സഭാ സെക്രട്ടറി

**റവ പി. ജെ. വർഗീസ്**
കൺവീനർ



# The time has come for you to wake up from your sleep...

**Andrew M. Idichandy**
St. John's MTC, Thalavady

“You must do this, because you knew that the time has come for you to wake up from your sleep. For the moment when we will be saved is closer now than it was when we first believed ” Romans 13: 11. Finally the calendar has flipped and we have begun a magnificent New Year. The past year 2022 – where we experienced a rollercoaster of emotions – with its mix of joys and sorrows, goals met and goals missed, relationships met and relationships lost- is behind us.

What is left with us is reality of today and a hope for tomorrow. For many, New Year is just another holiday to spend with friends, family. For others, it’s deep reflection, both on the past year and on the one ahead. But for us, followers of Jesus Christ, TIME is a gift from God Almighty. It’s wakeup call for us to forget about the darkness and look forward to the eternal light that will guide us to eternity.

John’s gospel, talks about how light represents the good and darkness represents the evil. It also talks how light will take over darkness to matter what. Sometimes it is hard to explain what light is! For example, John 3: 19- 21 it talks about “ If someone believes the darkness their work will be evil and non existent. If someone believes in the light, their work can be seen to God”. It's talking about people’s personality how if someone is evil or believe in the darkness. Their faith will be evil and God won’t see any good of that person’s faith. If someone is good or believe in the light, God will see the good things that they do for others because they have a lot of faith. Choosing the path of light and staying back in the darkness means either choose Jesus or reject Jesus respectively.

**Created in the image of God**

In reading the holy Bible, it is very clear that God did not abolish darkness at creation. God added light. But for many, darkness symbolizes all that is negative, evil and fearful. God gave equal importance and prominence to darkness and light and all life, including human, life begins and develops in the dark. It is significant that at some point man choose darkness over the eternal light. Genesis 1: 27, make it clear that “God created man in his own image”... this scriptural passage does not mean that God is in the human form, but rather, that human are in the image of God in their moral, spiritual, intellectual nature. Since we are made in the image of God, we are all born with abundant goodness. Humans differ from all other creatures because of their rational structure- their capacity for deliberation and free decision making. This freedom gives human a centeredness and completeness which allows the possibility for self actualization and participation in a sacred reality.

However, this same freedom which manifest man in estrangement from God.

**Choosing Jesus Or Rejecting Jesus.**

In John 1:19- 23, it talks about how John had to prove himself that Jesus is the light. Some people do believe and some people don't believe him. In John 1:29-34, John didn't believe that Jesus is the son of God, but he believed there is someone who is ranked higher than him. He didn't think it was Jesus. Until Jesus, said he was the spirit coming down. In John 6:60-71, a lot of Jesus's disciples didn't accept Jesus so they return back to their normal life. Even Jesus knew they didn't believe in him from the start. Only Simon Peter believes in Jesus because Jesus has the guidance to eternal life so he stayed with Jesus.

**To live in light means to live in faith and holiness**

To live in light means to live in faith and holiness for that we must believe in God. The believers must do live in the light is to produce fruit consistent with light namely goodness, righteousness and truth. " For it is light that makes everything visible ..." To live in trust and faith, one must believe in God as David believed in God. In Psalm 27:1 it says that, " The lord is my light and my salvation; whom shall I fear? The lord is the stronghold of my life; of whom shall I be afraid..." Penned in a time of distress, David reaffirms his faith in his God by doing so he is strengthening himself by the strength of God. By having trust in the Lord, he has seen first hand on many occasions the faithfulness of God towards those whose hearts are fully devoted to him. God helped him slay the lion when his sheep were under threat (1 Samuel 17:37). God helped him slay the gaint who defined God's armies, the philistines and all other oppositions.

The only true threat to David was his own weakness. For Christian, we have such a hope that we can trust our God in any circumstance. When times are good, we can thank God and trust him to always protect us and provide us with what we need, just remember what we have now is the grace of God to bless the work of our own hands. When times are difficult, we thank God, we trust in him who is sovereign and does absolutely everything for our good.

When we are in need, the Lord is our salvation, when we are full of his abundant blessing, the lord is still our salvation. God has promised to bless us, we have only to look to him in faith. One thing we must not do, is fear, for " the Lord is the stronghold of my life..." God knows everything we are doing every now and then. He knows the best way to handle every situation so we get the best possible outcome and we need to trust him with that. We need to follow his path and trust that he knows best, because he does. But you and I have to keep in mind is, without faith or without doing our part, we couldn't expect that things would turn out all right for us no matter what the situation might be. Faith is as important as the air we breathe. While the oxygen in the air nourishes the body, similarly faith nourishes the heart and the soul.

Paul clearly calls for Christians to preach to those who are asleep. The actions and words of Christians should speak to unbelievers – encouraging them to repent and follow Christ. He did encouraged to speak to unbelievers but also to believers, as there are many believers living a lifestyle of darkness, who need to repent. So encourage oneself to live in the path of light leading to eternal life •

## ഭദ്രാസന കൺവൻഷൻ 2023

**അടൂർ: ജനുവരി 4–8, റാന്നി നിലയ്ക്കൽ: ജനുവരി 8–15, തിരുവനന്തപുരം കൊല്ലം: ജനുവരി 5–8**

**കോട്ടയം കൊച്ചി: ജനുവരി 11–15, നിരണം മാരാമൺ: ജനുവരി 19–22, കുന്ദംകുളം മലബാർ: ജനുവരി 22–29**

**കൊട്ടാരക്കര പുനലൂർ: ജനുവരി 29–ഫെബ്രുവരി 5, ചെങ്ങന്നൂർ മാവേലിക്കര: ജനുവരി 25–29**

(ഭദ്രാസന കൺവൻഷനുകൾ നടക്കുന്ന സ്ഥലങ്ങളിൽ സഭാതാരക വരിക്കാരാകുന്നതിനും വരിസംഖ്യ പുതുക്കുന്നതിനുമുള്ള സൗകര്യം ഉണ്ടായിരിക്കും. ഇംഗ്ലീഷ് താരകയ്ക്കും വരിസംഖ്യ സ്വീകരിക്കുന്നതാണ്. വാർഷിക വരിസംഖ്യ 200 രൂപ, ആയുഷ്കാലം 3500 രൂപ)

മനഃശാസ്ത്രം

# വാർദ്ധക്യത്തിലെ മാനസിക പ്രശ്നങ്ങൾ



**റവ. ഡോ. ഡാനിയേൽ മാമ്മൻ**
തിരുവല്ല

ലോകാരോഗ്യ സംഘടനയുടെ നിർവചനപ്രകാരം 65 വയസ്സിനു മേൽ പ്രായമുള്ളവരെയാണ് 'വൃദ്ധർ' അഥവാ 'വയോജനങ്ങൾ' എന്നു വിശേഷിപ്പിക്കുന്നത്. ലോകത്തിലെ മൊത്തം ജനസംഖ്യയുടെ 12 ശതമാനം വൃദ്ധജനങ്ങളാണെന്നു കണക്കുകൾ സൂചിപ്പിക്കുന്നു. വികസിത രാഷ്ട്രങ്ങളുടേതിനു സമാനമായ ആയുർദൈർഘ്യമുള്ള കേരളത്തിൽ, മൊത്തം ജനസംഖ്യയുടെ 15 ശതമാനത്തോളം വയോജനങ്ങളാണെന്നു പഠനങ്ങൾ സൂചിപ്പിക്കുന്നു.

വാർദ്ധക്യകാലത്ത് ശാരീരിക രോഗങ്ങളോടൊപ്പം വിവിധ മാനസിക രോഗങ്ങളും വ്യക്തികളെ ബാധിക്കാറുണ്ട്. തലച്ചോറുൾപ്പെടെയുള്ള ആന്തരിക അവയവങ്ങളുടെ പ്രവർത്തനങ്ങളിൽ കാലാനുസൃതമായി സംഭവിക്കുന്ന വ്യതിയാനങ്ങൾ മാനസിക രോഗങ്ങൾക്കു കാരണമാകാറുണ്ട്. ഇതോടൊപ്പം വാർദ്ധക്യത്തിൽ സംഭവിക്കുന്ന സാമൂഹ്യമായ ഒറ്റപ്പെടൽ, ശാരീരിക അവശതകൾ, ജോലി ചെയ്യാൻ കഴിയാത്ത അവസ്ഥ, യുവതലമുറയുമായുള്ള പൊരുത്തക്കേടുകൾ എന്നിവയൊക്കെ മാനസിക പ്രശ്നങ്ങൾക്ക് വഴിവച്ചേക്കാം.



വൃദ്ധജനങ്ങളിൽ 25 ശതമാനത്തോളം വിവിധതരം മാനസികാസ്വാസ്ഥ്യങ്ങൾകൊണ്ട് ബുദ്ധിമുട്ടുന്നവരാണ്. മാനസിക രോഗങ്ങൾ ചികിത്സിക്കപ്പെടാതെ പോകുന്നത്, ശാരീരിക രോഗങ്ങൾ വഷളാകാനും ആയുർദൈർഘ്യം കുറയാനും വരെ കാരണമാകുന്നുണ്ട്. വൃദ്ധജനങ്ങളിലെ മാനസികാരോഗ്യ പ്രശ്നങ്ങളെ വാർധക്യത്തിന്റെ സ്വാഭാവിക പ്രശ്നങ്ങളായി കണക്കിലെടുത്ത് അവഗണിക്കുന്നത്

സ്ഥിതിഗതികൾ വഷളാകാൻ മാത്രമേ സഹായിക്കാറുള്ളൂ.

വൃദ്ധജനങ്ങളിൽ കാണുന്ന പ്രധാന മാനസികാരോഗ്യ പ്രശ്നങ്ങൾ ഇവയാണ്

1. **മേധാക്ഷയം** (Dementia)
2. **വിഷാദരോഗം** (Depression)
3. **ലഹരി വസ്തുക്കളുടെ ദുരുപയോഗം** (Substance use disorders)
4. **ഉൽകണ്ഠരോഗങ്ങൾ** (Anxiety disorders)
5. **സ്കീസോഫ്രീനിയയും മറ്റ് വിഭ്രാന്തിരോഗങ്ങളും** (Schizopherenia and other psychotic disorders)
6. **മനോജന്യ ശാരീരിക രോഗങ്ങൾ** (Somatoform disorders)

**മേധാക്ഷയം** (Dementia)

മസ്തിഷ്കത്തിന്റെ പ്രവർത്തനങ്ങൾ ക്രമേണ ക്ഷയിക്കുന്നതുമൂലം ഉണ്ടാകുന്ന ഓർമ്മക്കുറവ്, ചിന്താവൈകല്യങ്ങൾ, പെരുമാറ്റ വ്യത്യാസങ്ങൾ എന്നിവ ലക്ഷണങ്ങളായുള്ള രോഗാവസ്ഥയാണ് മേധാക്ഷയം. 80 വയസ്സിനുമേൽ പ്രായമുള്ളവരിൽ അഞ്ച് ശതമാനം പേർക്ക് മേധാക്ഷയമുണ്ട്. 65 വയസ്സിനുമേൽ പ്രായമുള്ളവരിൽ 40 ശതമാനത്തോളം പേർക്ക് മേധാക്ഷയമുണ്ടെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. വളരെ സാവധാനമാണ് മേധാക്ഷയത്തിന്റെ ലക്ഷണങ്ങൾ വർധിച്ചുവരുന്നത് വിവിധതരം മേധാക്ഷയങ്ങൾ വൃദ്ധജനങ്ങളിൽ കാണാറുണ്ട്.

1. **അൽഷൈമേഴ്സ് മേധാക്ഷയം** (Alzheimer's Dementia)
2. **വാസ്കുലർ മേധാക്ഷയം** (Vascular Dementia)
3. **ഫ്രോൺടോ ടെംപറൽ ഡെമൻഷ്യ** (Fronto Temporal Dementia)
4. **ഭേദപ്പെടുത്താവുന്ന മേധാക്ഷയങ്ങൾ.** ഉദാ. തൈറോയിഡ് ഗ്രന്ഥിയുടെ പ്രവർത്തനക്കുറവ് (Hypothyroidism) തലച്ചോറിൽ വെള്ളം കെട്ടുന്ന തകരാർ (Normal Pressure Hydrocephalus)

**അൽഷൈമേഴ്സ് മേധാക്ഷയം**

ഏറ്റവും സാധാരണയായി കണ്ടുവരുന്ന തരം മേധാക്ഷയമാണ് അൽഷൈമേഴ്സ് മേധാക്ഷയം. മേധാക്ഷയമുള്ളവരിൽ 50 ശതമാനത്തോളം പേർക്ക് ഈ രോഗമാണുള്ളത്. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളിൽ കൂടുതലായി കാണപ്പെടുന്ന ഈ രോഗം 65 വയസ്സ് കഴിഞ്ഞവരിൽ നാല് ശതമാനം ആളുകളിൽ കണ്ടുവരുന്നുണ്ട്. ഈ അവസ്ഥയുടെ പ്രധാന ലക്ഷണങ്ങൾ ഇവയാണ്.

* അടുത്ത കാലത്ത് ചെയ്ത പ്രവൃത്തികൾ വേഗം മറന്നുപോകുക, രാവിലെ ഭക്ഷണം കഴിച്ച് മിനിറ്റുകൾ കഴിയുമ്പോൾതന്നെ 'എനിക്ക് ഭക്ഷണം തന്നില്ലല്ലോ. എനിക്ക് ഉടനെ ഭക്ഷണം വേണം എന്നു പറയുക. പൈസയോ മറ്റ് വിലപ്പെട്ട വസ്തുക്കളോ എവിടെയെങ്കിലും സൂക്ഷിച്ച് വച്ചശേഷം അധികനേരം കഴിയുംമുമ്പുതന്നെ അത് തിരഞ്ഞു നടക്കുക എന്നീ ലക്ഷണങ്ങൾ വളരെ സാധാരണമാണ്. ചെയ്ത കാര്യങ്ങൾ ചുരുങ്ങിയ സമയത്തിനിടെ തന്നെ ഇവർ മറന്നുപോകുന്നു. എന്നാൽ ചെറുപ്പത്തിലെ സംഭവങ്ങളും മറ്റും രോഗത്തിന്റെ തുടക്ക കാലത്ത് ഓർമ്മ കാണുകയും ചെയ്യും.

*സ്ഥിരമായി ഉപയോഗിക്കുന്ന വസ്തുക്കളുടെ പേർ മറന്നുപോകുക. കണ്ണട, പേന, മൊബൈൽ ഫോൺ തുടങ്ങിയ നിത്യോപയോഗ സാധനങ്ങളുടെ പേര് ഇവർ വേഗം മറന്നുപോകുന്നു. വീടിനുള്ളിൽ ഏതോ കാര്യം തിരഞ്ഞു നടക്കുന്ന അൽഷൈമേഴ്സ് രോഗിക്ക്, താൻ എന്താണ് അന്വേഷിച്ചുകൊണ്ടിരിക്കുന്നതെന്ന് മറ്റുള്ളവരോട് പറയാൻ കഴിയുന്നില്ല. സാധനങ്ങളുടെ പേരോർക്കാൻ കഴിയാതെ വരുമ്പോൾ ഇവർ പെട്ടെന്ന് ക്ഷോഭിക്കാറുണ്ട്.

* രോഗം വഷളാകുന്നതോടെ, നേരത്തെ അനായാസം ചെയ്യാൻ കഴിഞ്ഞിരുന്ന പ്രവൃത്തികളും മറന്നു തുടങ്ങുന്നു.

* അസുഖം വഷളാകുന്നതോടെ, പഴയ സംഭവങ്ങളും ഓർമ്മയിൽ നിന്ന് മാഞ്ഞു തുടങ്ങുന്നു. അടുത്ത ബന്ധുക്കളെപ്പോലും തിരിച്ചറിയാൻ ബുദ്ധിമുട്ടാകുന്ന അവസ്ഥയുണ്ടാകുന്നു.

* അകാരണമായി ദേഷ്യപ്പെടുന്നു. ചിലപ്പോൾ ബന്ധുക്കളെയും പരിചയക്കാരെയും ഉപദ്രവിക്കുന്ന അവസ്ഥപോലും ഉണ്ടാകാറുണ്ട്.

*അസുഖം വളരെയധികം വർധിക്കുന്നതോടെ ചില രോഗികൾ ഭയത്തിന്റെ ലക്ഷണങ്ങൾ കാണിച്ചു തുടങ്ങുന്നു. 'വീട്ടിൽ ആരോ അതിക്രമിച്ചു കയറിയിട്ടുണ്ട്. 'തന്നെ ആരോ കൊല്ലാൻ വരുന്നു' തുടങ്ങിയ മിഥ്യാവിശ്വാസങ്ങൾ (delusions) ഈ ഘട്ടത്തിൽ രോഗി പ്രദർശിപ്പിച്ചു തുടങ്ങുന്നു.

*ഒറ്റയ്ക്കിരിക്കുമ്പോൾ ചെവിയിൽ ആരോ സംസാരിക്കുന്ന തരത്തിലുള്ള അശരീരികൾ (hallucination) കേൾക്കുന്നു. പലപ്പോഴും രോഗിയെ വഴക്കു പറയുന്ന രീതിയിലുള്ള അശരീരികളായിരിക്കും അവർ കേൾക്കുക. ഈ അശരീരികൾക്ക് ഇവർ മറുപടി പറയുമ്പോഴാണ് ഇവർ ഒറ്റയ്ക്കിരുന്ന് സംസാരിക്കുന്നത്. പലപ്പോഴും ഒറ്റയ്ക്കിരുന്ന് അസഭ്യങ്ങൾ പറയുകയും ആംഗ്യങ്ങൾ കാണിക്കുകയും ചെയ്യുന്നതായും കണ്ടുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി രോഗികൾ അക്രമാസക്തരാകുന്നതും വിരളമല്ല.

*രോഗം ഏറെ മൂർച്ഛിക്കുന്നതോടെ മുറിക്ക് പുറത്തിറങ്ങാൻ കഴിയാത്ത അവസ്ഥയിലേക്ക് രോഗി എത്തിച്ചേരുന്നു. ഉറക്കക്കുറവ്, വിശപ്പില്ലായ്മ തുടങ്ങിയ

ലക്ഷണങ്ങളും ശക്തമാകുന്നു. തീരെ ഭക്ഷണം കഴിക്കാത്ത അവസ്ഥയിലെത്തുന്ന രോഗി, ശാരീരികാരോഗ്യം നശിച്ച് ശയ്യാവലംബിയായിത്തീരുന്നു. ശരീരത്തിലെ ജലാംശവും ലവണങ്ങളും കുറയുകയും അണുബാധപോലെയുള്ള പ്രശ്നങ്ങൾ സംഭവിക്കുകയും ചെയ്യുന്നതിന്റെ ഫലമായി രോഗി മരണത്തിന് കീഴ്പ്പെടുന്നു.

രോഗിയുടെ പരിചരണത്തിൽ ബന്ധുക്കൾ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ

* രോഗിയെ ഒറ്റപ്പെടുത്താതിരിക്കുക. ആരെങ്കിലും സംസാരിക്കാനുണ്ടെങ്കിൽ രോഗിക്കത് ഏറെ ആശ്വാസകരമാകും.

* രോഗിയെ സൂര്യപ്രകാശം കയറുന്ന മുറിയിൽ താമസിപ്പിക്കുക.

* രോഗിക്ക് കാണാവുന്ന സ്ഥലത്ത് ക്ലോക്ക്, കലണ്ടർ തുടങ്ങിയവ സ്ഥാപിക്കുക.

* വീട്ടിൽ അതിഥികൾ ആരെങ്കിലും വന്നാൽ അവരെ പേരുപറഞ്ഞ് രോഗിക്ക് പരിചയപ്പെടുത്തിക്കൊടുക്കുക. മറിച്ച്, രോഗിയുടെ ഓർമ്മശക്തി പരീക്ഷിക്കാനായി 'ഇതാരാണെന്നു മനസിലായോ'? എന്ന മട്ടിലുള്ള ചോദ്യം ചെയ്യൽ ഒഴിവാക്കുക.

* രോഗിയുടെ ജീവിതശൈലി ക്രമീകരിക്കാൻ സഹായിക്കുക, കൃത്യസമയത്ത് ഉറങ്ങുക, കൃത്യസമയത്ത് ഭക്ഷണം കഴിക്കുക എന്നിവയൊക്കെ ആവശ്യമാണ്.

* രോഗിയുടെ ശാരീരികാരോഗ്യം അനുവദിക്കുന്ന രീതിയിലുള്ള വ്യായാമങ്ങൾ ചെയ്യാൻ പ്രേരിപ്പിക്കുക.

* ബന്ധുക്കളുടെ സഹായത്തോടെ വീടിനു പുറത്തു നടക്കാൻ പ്രേരിപ്പിക്കുക.

* ഓർമ്മക്കുറവ് മൂലമുണ്ടാകുന്ന പ്രശ്നങ്ങളോട് രോഷാകുലമായി പ്രതികരിക്കാതിരിക്കുക.

* ശയ്യാവലംബിയായ രോഗിയെ ഇടക്കിടെ തിരിച്ചു കിടത്തുക. പുറത്ത് വലിയ വ്രണങ്ങൾ (bed soar) ഉണ്ടാകുന്നതു തടയാൻ ഇതു സഹായകമാകും

ആരംഭത്തിൽ തന്നെയുള്ള ചികിത്സയിൽ ബന്ധുക്കളുടെ സ്നേഹപൂർവ്വമായ പരിചരണമുണ്ടെങ്കിൽ അൽഷൈമേഴ്സ് രോഗികളുടെ ജീവിതനിലവാരം തീർച്ചയായും മെച്ചപ്പെടുത്താൻ കഴിയും. 'അൽഷൈമേഴ്സ് ആൻഡ് റിലേറ്റഡ് ഡിസോർഡേഴ്സ് സൊസൈറ്റി ഓഫ് ഇന്ത്യ' (ARDSI) എന്നൊരു സന്നദ്ധ സംഘടന കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്.

**വിഷാദരോഗം**

65 വയസ്സിനുമേൽ പ്രായമുള്ളവരിൽ രണ്ട് ശതമാനം പേർക്ക് വിഷാദരോഗമുണ്ടെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളിലാണ് വിഷാദരോഗസാധ്യത കൂടുതൽ. ദീർഘകാലമായി ശരീരരോഗങ്ങൾ അനുഭവിക്കുന്നവരിൽ 20 ശതമാനത്തോളം പേർക്ക് വിഷാദരോഗമുണ്ട്. വിഷാദരോഗത്തിന്റെ പ്രധാന ലക്ഷണങ്ങൾ താഴെ പറയുന്നവയാണ്.

* ദിവസത്തിന്റെ ഏറിയ സമയവും മനസ്സ് സ്ഥായിയായി വിഷമിച്ചിരിക്കുക

* മുൻകാലങ്ങളിൽ ആസ്വദിച്ചു ചെയ്തിരുന്ന പല കാര്യങ്ങളിലും താൽപര്യമില്ലാതെവരിക, പത്രം വായിക്കുക, പാട്ട് കേൾക്കുക, മറ്റുള്ളവരോട് സംസാരിക്കുക, ടിവി കാണുക തുടങ്ങിയവയിലൊന്നും താൽപര്യമില്ലാതെ വരിക.

* ശരീരഭാരത്തിൽ കാര്യമായ വ്യത്യാസം വരിക. ഒരു മാസത്തിനുള്ളിൽ അഞ്ച് ശതമാനത്തിലേറെ കൂടുകയോ കുറയുകയോ ചെയ്യുക. വിശപ്പ് തീരെ കുറയുകയോ അമിതമായി വർദ്ധിക്കുകയോ ചെയ്യുക.

* ഉറക്കക്കുറവോ അമിതമായി ഉറക്കമോ ഉണ്ടാവുക.

* ശരീരത്തിന് കാര്യമായ ഉന്മേഷക്കുറവ്, നിസ്സാര കാര്യങ്ങൾക്ക് ദേഷ്യപ്പെടുക

* അകാരണമായ ക്ഷീണം, വിട്ടുമാറാത്ത ശരീരവേദനയും പെരുപ്പും

* അമിതമായ കുറ്റബോധവും നിരാശയും

* ചിന്തിക്കാനും ശ്രദ്ധ കേന്ദ്രീകരിക്കാനുമുള്ള കഴിവില്ലായ്മ

* ആവർത്തിച്ചുള്ള ആത്മഹത്യാപ്രവണത

വാർദ്ധക്യത്തിൽ പലപ്പോഴും കടുത്ത ശാരീരിക രോഗങ്ങളുമായി ബന്ധപ്പെട്ടാണ് വിഷാദരോഗമുണ്ടാകുക. ഹൃദയാഘാതം, തൈറോയിഡ് ഗ്രന്ഥിയുടെ പ്രവർത്തനക്കുറവ് തുടങ്ങിയവ പലപ്പോഴും വിഷാദരോഗത്തിന് വഴിവയ്ക്കാറുണ്ട്. വിഷാദരോഗം മറ്റ് ശാരീരിക അവശതകൾ വഷളാകുന്നതിനും കാരണമാകാറുണ്ട്.

**ഒഴിയുന്ന കൂടുകൾ**

കേരളത്തിലെ നാട്ടിൻപുറങ്ങളിലും നഗരപ്രാന്തപ്രദേശങ്ങളിലും പല വലിയ വീടുകളിലും പ്രായമായ ഭാര്യാഭർത്താക്കന്മാർ മാത്രമാണ് താമസിക്കുന്നത്. ജോലിയുമായി ബന്ധപ്പെട്ട് മക്കൾ അന്യസംസ്ഥാനങ്ങളിലോ വിദേശത്തോ ചേക്കേറുന്നതോടെ, അച്ഛനമ്മമാർ വീട്ടിൽ ഒറ്റപ്പെടുന്നു. വിവിധതരം ശാരീരികരോഗങ്ങൾ അലട്ടുന്ന ഇവർ സമ്പദ്സമൃദ്ധിയുടെ നടുവിലും അനാഥത്വമനുഭവിക്കുന്നവരാണ്. ധാരാളം ധനം മക്കൾ ഇവർക്ക് നൽകുന്നുണ്ടെങ്കിലും മക്കളുടെ സാമിപ്യമില്ലാത്തത് ഈ വൃദ്ധജനങ്ങളെ ഏറെ പ്രയാസപ്പെടുത്താറുണ്ട്. ഇതിനിടെ, ദമ്പതികളിലൊരാൾ മരിച്ചുപോയാലോ, ജീവിച്ചിരുന്നയാൾ കടുത്ത ഏകാന്തതയിലേക്ക് എത്തിച്ചേരുന്നു. ഇത്തരത്തിൽ കൂടുകൾ ഒഴിയുന്ന സാമൂഹ്യാവസ്ഥ (empty nest syndrome) വിഷാദരോഗം വൃദ്ധജനങ്ങളിൽ വർധിച്ചു വരാൻ കാരണമാകുന്നുണ്ട്. തങ്ങൾ വളർത്തി വലു

താക്കിയ മക്കളിൽ നിന്നുള്ള അവഗണന വൃദ്ധജനങ്ങളുടെ മാനസികാവസ്ഥയെ ദോഷകരമായി ബാധിക്കാറുണ്ട്.

**ഉത്ക്കണ്ഠരോഗങ്ങൾ** (Anxiety disorders)

വൃദ്ധജനങ്ങളിൽ അഞ്ച് ശതമാനത്തോളം പേർ ഉത്കണ്ഠാരോഗങ്ങൾ അനുഭവിക്കുന്നവരാണ്. ഹൃദ്രോഗം പോലെയുള്ള ശാരീരികരോഗങ്ങൾ ബാധിച്ച വൃദ്ധജനങ്ങളിൽ 30 ശതമാനത്തോളം പേർ ഉത്ക്കണ്ഠാരോഗം ഉള്ളവരാണ്. ആവർത്തന സ്വഭാവമുള്ള അസ്വസ്ഥതയുളവാക്കുന്ന ചിന്തകൾ, തോന്നലുകൾ, ചിത്രങ്ങൾ, അവ യാഥാർത്ഥ്യമല്ല എന്നറിയാമെങ്കിലും നിയന്ത്രിക്കാൻ കഴിയാതെ വരുന്ന അവസ്ഥ (Obsessive Compulsive Disorder)

**മനോജന്യ ശാരീരിക രോഗങ്ങൾ** (Psychosomatic Disorders)

മാനസിക സംഘർഷത്തെത്തുടർന്നുണ്ടാകുന്ന ശാരീരിക രോഗലക്ഷണങ്ങളെയാണ് ഈ പേരിൽ വിശേഷിപ്പിക്കുന്നത്. മാറി മാറി വരുന്ന ശാരീരികരോഗലക്ഷണങ്ങൾ, ചില പ്രത്യേകതരം രോഗങ്ങളുണ്ടെന്ന സംശയം, വിട്ടുമാറാത്ത നടുവേദന, വയറൊഴിച്ചിൽ, കഴുത്തുവേദന തുടങ്ങിയവയൊക്കെയുണ്ടാകാം.

**വിഭ്രാന്തി രോഗങ്ങൾ** (Psychotic Disorders)

അകാരണമായ ഭയങ്ങൾ, സംശയങ്ങൾ, അമിത ദേഷ്യം തുടങ്ങിയ ലക്ഷണങ്ങളാണ് വിഭ്രാന്തി രോഗങ്ങളുടേത്. മനസിൽ വേരിറങ്ങിയ തെറ്റായ വിശ്വാസങ്ങൾ - അവ തെറ്റാണെന്ന് വ്യക്തമാക്കുന്ന തെളിവുകൾ ലഭിച്ചാൽ പോലും, ആ വിശ്വാസങ്ങൾ മാറുന്നില്ല എന്നതാണ് മിഥ്യാവിശ്വാസങ്ങൾ. സ്രോതസ്സില്ലാതെയുണ്ടാകുന്ന തെറ്റായ അനുഭവങ്ങളെ മിഥ്യാനുഭവങ്ങൾ (Hallucination) എന്നു വിളിക്കുന്നു.

**ഉറക്കക്കുറവ്**

വയോജനങ്ങളിൽ പകുതിയോളം പേർ പലവിധ കാരണങ്ങൾകൊണ്ട് ഉറക്കക്കുറവ് അനുഭവിക്കുന്നവരാണ്. ഉറക്കത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കുന്ന ജീവിതശൈലി ക്രമീകരണങ്ങളെയാണ് 'നിദ്രാശുചിത്വം' (Sleep Hygene) എന്നു വിളിക്കുന്നത്.

വാർദ്ധക്യം വീട്ടിലേക്കൊതുങ്ങിക്കൂടി ജീവിക്കേണ്ട ഒരു സാഹചര്യമല്ല. വാർദ്ധക്യം പ്രസാദാത്മകമാക്കാനുള്ള ശ്രമങ്ങൾ അവനവനിൽ നിന്നു തന്നെ ആരംഭിക്കണം. ആരോഗ്യകരമായ വാർദ്ധക്യത്തിനുള്ള തയ്യാറെടുപ്പുകൾ യൗവ്വനത്തിലും മധ്യവയസിലും തുടങ്ങിവയ്കേണ്ടതുണ്ട്. ചിട്ടയായ ജീവിതം, വ്യായാമം, ഭക്ഷണക്രമീകരണം, ലഹരിവസ്തുക്കൾ ഉപേക്ഷിക്കുക എന്നിവയൊക്കെ ആരോഗ്യകരമായ വാർദ്ധക്യത്തിന് അനിവാര്യമാണ്. യുവതലമുറയുമായി പരസ്പര ബഹുമാനത്തിലധിഷ്ഠിതമായ ബന്ധം നിലനിർത്താനും ശ്രദ്ധിക്കേണ്ടതുണ്ട്. വായനയും, സാമൂഹികപ്രവർത്തനവും ശരീരം അനുവദിക്കുന്ന രീതിയിലുള്ള ജോലികൾ ചെയ്യുന്നതും വാർദ്ധക്യം ആഹ്ലാദകരമാക്കാൻ ഉപകരിക്കും ●


## ധർമ്മ ജ്യോതി വിദ്യാപീഠ്, ഫരീദാബാദ്

ഫരീദാബാദ് ധർമ്മ ജ്യോതി വിദ്യാപീഠ് സെമിനാരിയുടെ 2023-ൽ ആരംഭിക്കുന്ന പുതിയ BD (റഗുലർ4 വർഷവും ഇന്റഗ്രേറ്റഡ് 5 വർഷവും) കോഴ്സിലേക്കുള്ള അഡ്മിഷന് യോഗ്യതയുള്ള യുവതിയുവാക്കളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. നാലു വർഷ റഗുലർ കോഴ്സിനുള്ള അപേക്ഷകർ ഏതെങ്കിലും വിഷയത്തിൽ ബിരുദം അല്ലെങ്കിൽ തത്തുല്യ വിദ്യാഭ്യാസ യോഗ്യത നേടിയവരോ, B.Th പാസ്സായവരോ ആയിരിക്കണം. അഞ്ചു വർഷ ഇന്റഗ്രേറ്റഡ് കോഴ്സിനുള്ള അപേക്ഷകർ +2 പാസ്സായവരോ അല്ലെങ്കിൽ തത്തുല്യ വിദ്യാഭ്യാസ യോഗ്യതയുള്ളവരോ ആയിരിക്കണം.

അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി **2023 ഫെബ്രുവരി മാസം 10** ആണ്.

അപേക്ഷകർക്കായി പ്രവേശന പരീക്ഷ ഉണ്ടായിരിക്കുന്നതാണ്. പരീക്ഷ തീയതിയും സമയവും അപേക്ഷകരെ നേരിട്ട് അറിയിക്കുന്നതാണ്.

വിശദ വിവരങ്ങൾക്ക് djvpprincipal@gmail.com എന്ന ഇമെയിൽ വിലാസത്തിലോ താഴെ പറയുന്ന ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

Application form can be down loaded from the website www.djvp.org

Please send scanned application and copies of certificates to the above email address and the original should be sent to the Seminary address by Speed Post only.

**Rev. Dr. Sunni E. Mathew**
Principal
+91 9447515061
+91 9995498407



# ജ്ഞാനം വിളിച്ചു പറയുന്ന അനുഭവങ്ങൾ

**റവ. റെജി ഡാൻ കെ. ഫിലിപ്പോസ്**
കോഴഞ്ചേരി

2022-ലെ ഏറ്റവും അനുഗൃഹീതമായ ദിവസം ഏതായിരുന്നു എന്നു ചോദിച്ചാൽ അത് നവംബർ 27-ാം തീയതിയായിരുന്നെന്ന് പറയും. പുൽപ്പിറ്റ് ചേഞ്ചിന്റെ ഭാഗമായി പ്രയാർ സെഹിയോൻ ഇടവകയിലായിരുന്നു എനിക്കു പോകാനുണ്ടായിരുന്നത്. ആ ദൈവാലയം പെയിന്റടിച്ച് പുതുമയോടെ സൂക്ഷിച്ചിരിക്കുന്നത് ഒരു നല്ല കാഴ്ചയായി. പെയിന്റിംഗിന് ഇത്രയും നവ്യചാരുത പകരാനാകുമെന്ന് ആ ദൈവാലയം കാട്ടിത്തന്നു. മറ്റൊന്ന് ലഭ്യമായ കോഡ്‌ലെസ് മൈക്കിന്റെ പ്രവർത്തനക്ഷമതയാണ്. മദ്ബഹായിൽ വച്ചിരിക്കുന്ന സ്പീക്കറിലൂടെ ഞാൻ ചൊല്ലുന്ന പ്രാർത്ഥനകൾ വളരെ സുവ്യക്തതയോടെ കേൾക്കുമ്പോൾ ഞാനെത്ര ശ്രദ്ധയോടെ ചൊല്ലണമെന്ന് തോന്നുകയുണ്ടായി. മൂന്നാമതായി മദ്ബഹായിൽ ശുശ്രൂഷ ചെയ്ത ഒരാളിന്റെ സാന്നിധ്യമാണ് എനിക്ക് വളരെ സന്തോഷം പകർന്നത്. അത് ഷിനോ ഉമ്മൻ എന്ന ഒരു യുവാവിന്റെ സാന്നിധ്യം. ആത്മായ ശുശ്രൂഷകനോടൊപ്പം അദ്ദേഹവും വായനാഭാഗങ്ങൾ വായിക്കുന്നു, അനുബന്ധ ശുശ്രൂഷകളൊക്കെ ചെയ്യുന്നു. ഭിന്നശേഷിക്കാരനായ കുട്ടിയാണ് ഷിനോ. പിന്നീടി തിരക്കിയപ്പോഴാണ് അറിഞ്ഞത് മുപ്പത്തിമൂന്ന് വയസ്സുള്ള യുവാവാണ് എന്ന്. പ്ലസ് ടു പാസ്സായിട്ടുണ്ട്. സഭയുടെ വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്തിട്ടുണ്ട്. കോവിഡിന്റെ വ്യാപനത്തെ തുടർന്ന് പിന്നീട് എങ്ങും പോയിട്ടില്ല. സമൂഹത്തിന്റെ മുഖ്യധാരയിൽ ഭിന്നശേഷിക്കാർക്ക് എത്തിപ്പെടാനാവുന്ന മേഖലകൾ വളരെയാണ് എന്ന് കഴിഞ്ഞവർഷത്തെ വിവിധ അനുഭവങ്ങൾ പകർന്നുതന്നു.

**ഓർമ്മകളുടെ സാംകുട്ടൻ**

സാം ജോൺ എന്ന സാംകുട്ടന്റെ ഏഷ്യൻ ബുക്ക് ഓഫ് റിക്കോർഡ്സിലും ഇന്ത്യ ബുക്ക് ഓഫ് റിക്കോർഡ്സിലും ചിലരെങ്കിലും പരിചയപ്പെട്ടിട്ടുണ്ടാവും. കോന്നി പൂവൻപാറ ശാലേം മാർത്തോമ്മാ ഇടവകാംഗമായ സാം ജോൺ ഇതിനോടകം ഹീബ്രു അക്ഷരമാല, എഴുപത്തിരണ്ട് മേള കർത്താ രാഗങ്ങളുടെ പേര്, പീരിയോഡിക് ടേബിളിലെ രാസവസ്തുക്കളുടെ പേരും സംഖ്യയും ഓരോ വേദപുസ്തകത്തിലെ ഓരോ പുസ്തകങ്ങളിൽ നിന്നുള്ള ഓരോ വാക്യങ്ങൾ അതും മലയാളത്തിലും ഇംഗ്ലീഷിലും ചൊല്ലുവാൻ അങ്ങനെ പല കാര്യങ്ങളും ചെയ്യാൻ സാധിക്കുന്ന ഭിന്നശേഷിക്കാരനായ വ്യക്തിയാണ്. ക്രിസ്തീയ കീർത്തനങ്ങളിലെ വിവിധ ഗീതങ്ങളും സാം ജോണിന് ഹൃദിസ്ഥമാണ്. അദ്ദേഹത്തിന്റെ പിതാവ് എന്റെ സഹപാഠി ആയിരുന്നു. ഓർമ്മയുടെ കാര്യത്തിൽ ദൈവം സാംകുട്ടന് ഗ്രാന്റ് മാസ്റ്റർ പദവി നൽകി ആദരിച്ചിരുന്നു (പ്രിൻസ് ഫിലിപ്പ് സന്ദർശിനി, ജൂലൈ-സെപ്റ്റംബർ 2022 പുറം 30).

**റോൾ 'മോഡലു'കൾ!**

2022 ഒക്ടോബർ 15-22 ലക്കം, വനിതയിൽ റിസ റെജി, ഗബ്രിയേൽ ഫ്രാൻസിസ്, കരിഷ്മ അൻവർ

എന്നീ വ്യക്തികളെപ്പറ്റി ടെൻസി ജേക്കബ് എഴുതിയിരുന്നു. തങ്ങളുടെ പൈതൽ ഭിന്നശേഷിക്കാരിയാണ് എന്നറിഞ്ഞപ്പോൾ അവളെ ഉൾക്കൊണ്ടു മാത്രമേ പോകൂ എന്ന തീരുമാനത്തിലായിരുന്നു റെജി, അനിതാ ദമ്പതികൾ. ഒരു വീഴ്ചയെ തുടർന്ന് ശാരീരിക വൈകല്യങ്ങൾ വർദ്ധിച്ച റിസ ജീവിതത്തിൽ നടത്തിയ പോസിറ്റീവ് ഫൈറ്റിനെപ്പറ്റിയാണ് മാതാവിന് പറയാനുള്ളത്. ലൈഫ് സ്കിൽ, വൊക്കേഷൻ സ്കിൽ ഇവയൊക്കെ റിസയ്ക്ക് നൽകുന്നുണ്ട്. പൊതുപരിപാടികളിൽ നിന്നൊന്നും റിസയെ ഒഴിവാക്കാറില്ല. അവരെ അവരായി ജീവിക്കാൻ അനുവദിക്കുക, മാതാപിതാക്കൾ തന്നെ അവരെ അംഗീകരിക്കണം. ഇവയൊക്കെ ആ ഫീച്ചറിലുള്ള മാതാപിതാക്കൾ പറയുന്ന മൊഴിമുത്തുകളാണ്. കരിഷ്മ അൻവൻ തിരുവനന്തപുരത്ത് ഗോപിനാഥ് മുതുകാട് നടത്തുന്ന ഡിഫറന്റ്‌ലി ആർട്ട് സെന്ററിന്റെ ഭാഗം കൂടിയാണ്.

**മാജിക്കല്ല, ജീവിതം, കരുണയാണ്!**

നവംബർ ആറാം തീയതിയിലെ മനോരമയുടെ ഞായറാഴ്ചയിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്കുവേണ്ടി അത്തരമൊരു സ്ഥാപനം തുടങ്ങുവാൻ ഇടയായ സാഹചര്യത്തെപ്പറ്റി പറയുന്നുണ്ട്. നവംബറിന്റെ നേട്ടം എന്നാണ് ആ ലേഖനത്തിന്റെ തലക്കെട്ട്. ഇന്ദ്രജാല പരിപാടികളിൽ മുഴുകിയിരുന്ന മജീഷ്യൻ മുതുകാട് ഓട്ടിസവും സെറിബ്രൽ പാൾസിയും ഡൗൺസിൻഡ്രോമും മറ്റ് ബൗദ്ധിക വെല്ലുവിളികളും ന്യൂറോ രോഗങ്ങളും പഠന വൈകല്യവുമുള്ള കുട്ടികൾക്കായി എന്തെങ്കിലും ക്രിയാത്മകമായി ചെയ്യുന്നതിനാണ് ഈ സ്ഥാപനം ആരംഭിച്ചത്. അങ്ങനെ ഡിഫറന്റ് ആർട്ട് സെന്ററും തോട്ട് സെന്ററും തുറന്നതിലൂടെ അനേക മാതാപിതാക്കൾക്ക് അവരുടെ ഭിന്നശേഷിക്കാരായ കുട്ടികളുടെ നിലവാരം കണ്ടെത്താനും ആശ്വസിക്കാനും ഇടയായി. സഹതപിച്ച് മടങ്ങിപ്പോരുന്നതിനെക്കാൾ അവർക്കായി ഗോപിനാഥ് ജീവിതം സമർപ്പിക്കുകയായിരുന്നു.

**പ്രതിഭകളുടെ മിന്നലാട്ടങ്ങൾ**

2022 മാതൃഭൂമി ആഴ്ചപ്പതിപ്പ് ഡിസംബർ 4–10 ലക്കത്തിൽ (പുറം 97) രാം മോഹൻ പാലിയത്ത് വെബിനേശം എന്ന കോളത്തിൽ മുൻപുപറഞ്ഞ റീസു ഒരു മുൻപന്തിയിൽ നിൽക്കുന്ന സ്വർണ്ണവ്യാപാര സ്ഥാപനത്തിലെ മോഡലായി മാറിയ വാർത്ത 'ആഡ് ജീവിതം' എന്ന ലേഖനത്തിൽ കൊടുത്തിട്ടുണ്ട്. പരസ്യരംഗത്ത്, പാചകവേദികളിൽ ഷെഫായി, കലാവേദികളിൽ പ്രകടനവുമായി എന്തിന് വിവിധ മൾട്ടിനാഷണൽ കമ്പിനികളിലെ ഐ.ടി.പാർക്കുകളിലെ തൊഴിലിടങ്ങളിൽ വരെ ഭിന്നശേഷിക്കാരായ വ്യക്തികൾ എത്തിപ്പെട്ടതിനെപ്പറ്റി.... മനോരമ ഓൺലൈനിൽ (സെപ്റ്റംബർ 25) ജോജി സൈമൺ ഒരു ഫീച്ചർ കൊടുത്തിട്ടുണ്ട്. ഗ്ലോബൽ ഡെലിവറി സർവീസായ ഇ ആന്റ് വൈയിൽ പെയ്ഡ് ഇന്റണിയായ ലിയ, സെന്റർ ഫോർ ഓട്ടിസം ആൻഡ് അദർ ഡിസബിലിറ്റീസ് റിഹാബിലിറ്റേഷൻ റിസർച്ച് ആൻഡ് എഡ്യൂക്കേഷൻ (കേഡർ) എന്ന സ്ഥാപനത്തിലൂടെ നേടിയ അംഗീകാരത്തെപ്പറ്റി പറയുന്നു.

**വെല്ലുവിളികളുടെ പെരുമഴ നനഞ്ഞ്...**

റീസുവിനെപ്പറ്റിയും ഗബ്രിയേലിനെപ്പറ്റിയും വനിതയിൽ എഴുതിയ ടെൻസി ജേക്കബിന്റെ ജീവിതത്തെപ്പറ്റി ദീപാ നിശാന്ത് ഫേസ്ബുക്കിൽ നവംബർ 3-ന് ഒരു പോസ്റ്റ് ഇട്ടിരുന്നു. ടെൻസിയുടെ മകൻ തോമസും ഭിന്നശേഷിക്കാരനായ കുട്ടിയാണ്. പത്താംക്ലാസ്സ് പാസായിട്ട് ഇപ്പോൾ പ്ലസ് ടുവിന് പഠിക്കുന്നു. ദീപാനിശാന്ത് ഒക്ടോബർ ഒന്നാം തീയതി ഇത്തരം വ്യക്തികൾക്കായി തൃശൂരിൽ നടത്തുന്ന സ്ഥാപനത്തെ (AMHA, കാര്യാട്ടുകര) പ്പറ്റിയും അതിന് നേതൃത്വം കൊടുക്കുന്ന ശ്രീ. കേരളവർമ്മ കോളേജിലെ ഡോ. പ്രൊഫ.പി.ഭാനുമതി ടീച്ചറിനെപ്പറ്റിയും പറഞ്ഞിട്ടുണ്ട്. 25 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു ആ സ്ഥാപനം. ആർദ്രതയുള്ളവരാകാനും കാര്യങ്ങളുടെ ഗൗരവത്തെ കാര്യകാരണസഹിതം മനസ്സിലാക്കുവാനും എല്ലാവരും തയ്യാറാകണമെന്നാണ് ഡോ.പി. ഭാനുമതി ടീച്ചറിന്റെ അഭിപ്രായം.

**സാർത്ഥകമായ ദർശനങ്ങൾ**

ശ്രീ.മുരളി തുമ്മാരുകുടി, ആസ്പേർജേഴ്സ് സിൻഡ്രോം ബാധിച്ച തന്റെ മകനായ സിദ്ധാർത്ഥിനെപ്പറ്റി 2022 മെയ് 20-ന് മാതൃഭൂമി.കോമിൽ പങ്കുവച്ചിരുന്നു. ഭിന്നശേഷിക്കാരനായ തന്റെ മകന്റെ വളർച്ചയിൽ അദ്ദേഹം അതിശയം പ്രകടിപ്പിക്കുന്നുണ്ട്. പത്താം ക്ലാസ് കടന്നുകൂടുമോ എന്ന ആശങ്കയിലായിരുന്ന മകന്റെ ജൈത്രയാത്ര ബി.കോം.ബിരുദധാരിയായും, ഉദ്യോഗസ്ഥനായതിന്റെയും ചരിത്രം അദ്ദേഹം രേഖപ്പെടുത്തുന്നു.

**പരിപാലിക്കാൻ ഒരിടം!**

തൃശൂരിൽ തന്നെ സൊലെസ് എന്ന സ്ഥാപനം നടത്തുന്ന ഷീബ അമീറും തന്റെ പ്രവർത്തനപന്ഥാവിലെ വിവിധ അനുഭവങ്ങൾ മാതൃഭൂമി.കോമിൽ 2022 ജൂൺ 7-ന് ചേർത്തിട്ടുണ്ട്. ഒക്യുപേഷണൽ തെറാപ്പി സെന്ററുകൾ കേരളത്തിൽ ഇനിയും കൂടുതൽ തുടങ്ങേണ്ടുന്ന ആവശ്യകതയെപ്പറ്റി ഒന്നോ രണ്ടോ ദിവസം ഭിന്നശേഷിക്കാരായ വ്യക്തികളെ പരിപാലിക്കാൻ ഏല്പിച്ചിട്ട് പോകാനുള്ള സ്ഥാപനം എന്നിവ ഇന്നിന്റെ ആവശ്യകതയായി പറയുന്നു.

'ഒരൊറ്റ സ്പർശം, അതിലൂടെ സൗഖ്യം!' എന്ന ആത്മീയതയെയാണ് നമ്മിൽ പലരും ആഗ്രഹിക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതും. പുതിയ വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ പരിഭവങ്ങളും സഹതാപങ്ങളും മാത്രമല്ലാതെ സജീവമായ സുവാർത്തകൾ, പ്രവർത്തനങ്ങൾ ചെയ്യാൻ ദൈവം നമ്മെ സഹായിക്കട്ടെ ●

അനുദിന ജീവിതത്തിൽ മനുഷ്യൻ നേരിടുന്ന ഒരു വെല്ലുവിളിയാണ് മറവി രോഗം. ഒരു വ്യക്തിയുടെ ശാരീരികവും മാനസികവുമായ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്ന തലച്ചോറിന് രോഗബാധ ഉണ്ടാകുമ്പോൾ അതിന്റെ ഫലമായി ഓർമ്മശക്തി കുറയുന്നു, സംസാരശേഷി നശിക്കുന്നു, വസ്തുതകൾ തിരിച്ചറിയുവാനുള്ള കഴിവുകൾ നഷ്ടപ്പെടുന്നു, പരിസര ബോധം ഇല്ലാതെ വരുന്നു, ദേഷ്യം ഉണ്ടാകുന്നു, മൗനിയായി പോകുന്നു. ഇതെല്ലാം ഒരു രോഗാവസ്ഥയാണ്. മറവി രോഗങ്ങളെപറ്റി ബോധവാന്മാർ ആകണം. സെപ്റ്റംബർ 21-ാം തീയതി ലോക അൽഷിമേഴ്സ് ദിനമായി ആചരിച്ചു.

# മറവി
## ഒരു രോഗമോ...





**റവ. സുരേഷ് വർഗ്ഗീസ്**
ഡയറക്ടർ, സ്മൃതി അൽഷിമേഴ്സ്
റീഹാബിലിറ്റേഷൻ സെന്റർ, പുനലൂർ

**അൽഷിമേഴ്സ് രോഗം**

1906 ൽ അലോയ്സ് അൽമർ എന്ന ജർമ്മൻ ഡോക്ടറാണ് രോഗം ആദ്യമായി വിശദീകരിച്ചത്. തലച്ചോറിലെ നാഡീകോശങ്ങളിൽ ഒരു പ്രത്യേകതരം പ്രോട്ടീൻ കടന്നാക്രമണം നടത്തി പ്രവർത്തന രഹിതമാക്കുന്നു. ഈ രോഗം ഭേദമാക്കുന്നതിന് ഇന്നുവരെ പ്രതിവിധി മരുന്നുകളൊന്നും കണ്ടുപിടിക്കപ്പെട്ടിട്ടില്ല. ഈ രോഗത്തിന്റെ യഥാർത്ഥകാരണം

> **രോഗിക്ക് പറ്റുന്ന അത്രയും കാലം സ്വയം പരിചരണത്തിന് പ്രോത്സാഹിപ്പിക്കുകയാണ് ആവശ്യം. അതുപോലെ ഈ രോഗിയേയും രോഗത്തിന്റെ അവസ്ഥയേയും സ്വഭാവ വൈകല്യങ്ങളെയും മനസിലാക്കി പരിചരിച്ചാൽ ദേഷ്യവും സങ്കടവും പരിഹരിക്കുവാൻ സാധിക്കും.**

അജ്ഞാതവുമാണ്. അമയിലോയിഡിന്റെ പാടകൾ അടിഞ്ഞുകൂടി നാഡീകോശങ്ങളെ ചുറ്റിപ്പിണയുന്ന പ്രക്രിയ നടക്കുമ്പോൾ അസറ്റയിൽകോളിൻ എന്ന രാസവസ്തുവിന്റെ അളവ് കുറയും ഇതിന്റെ ഫലമായി വിവരങ്ങൾ കോശങ്ങളിലേക്ക് കൃത്യമായിട്ടെത്താതെ വരികയും ഓർമ്മക്കുറവ് മുതലായ പ്രശ്നങ്ങൾ ഉണ്ടാവുകവും ചെയ്യുന്നു.

**എങ്ങനെ തിരിച്ചറിയാം, ഡോക്ടറെ കാണേണ്ടത് എപ്പോൾ?**

1. വർദ്ധിച്ചുവരുന്ന ഓർമ്മക്കുറവ്.
2. കാര്യനിർവ്വഹണത്തിന് ഉള്ള സാവധാനത.
3. സംസാരിക്കുമ്പോൾ വാക്കുകൾ വിട്ടുപോകുക.
4. പറഞ്ഞകാര്യം തന്നെ ആവർത്തിക്കുക.
5. സ്ഥലകാല ബോധമില്ലാതെ വരിക.
6. പരിചിത സ്ഥലത്ത് പോലും വഴിതെറ്റിപോകുക.
7. അടുത്ത ബന്ധുക്കളുടെ പേരും വിശേഷ ദിവസങ്ങളും മറന്നുപോവുക.
8. ഇന്ദ്രിയങ്ങളുടെ ഉത്തേജനങ്ങൾ തിരിച്ചറിയുവാനുള്ള കഴിവ് കുറഞ്ഞുപോവുക.

ഈ രോഗത്തെ തിരിച്ചറിയുവാനുള്ള ചില ലക്ഷണങ്ങൾ മാത്രമാണ് ഇവ.

**എങ്ങനെ പരിചരിക്കാം**

രോഗിയുടെ കുറവുകൾക്ക് സഹായകരമാകുന്നതോടൊപ്പം അവരുടെ കാര്യ നിർവ്വഹണശേഷി വർദ്ധിപ്പിച്ച് എടുക്കുക. അവർക്ക് വേണ്ട സഹായവും സ്നേഹവും പരിലാളനവും നൽകി കൊടുക്കുക. രോഗിയുടെ ചില പെരുമാറ്റത്തിലുള്ള മാറ്റങ്ങൾ മനസിലാക്കി സംഭാഷണങ്ങളിലൂടെയും മൗനമായും ബുദ്ധിപൂർവ്വം അവരോട് ഇടപെടുക. ദൈനംദിനം ചെയ്യേണ്ട കാര്യങ്ങൾ മറന്നുപോകുന്നതുകൊണ്ട് തന്നെ ഓരോ ദിവസത്തെയും പ്രവർത്തനം ശ്രദ്ധിച്ച് അതിലെ അപാകതകൾ പരിഹരിച്ച് മെച്ചപെടുത്തുവാൻ പരിചരണം നൽകുന്നവർ ശ്രദ്ധിക്കുക. രോഗിക്ക്, പറ്റുന്ന അത്രയും കാലം സ്വയം പരിചരണത്തിന് പ്രോത്സാഹിപ്പിക്കുകയാണ് ആവശ്യം. അതുപോലെ ഈ രോഗിയേയും രോഗത്തിന്റെ അവസ്ഥയേയും സ്വഭാവ വൈകല്യങ്ങളെയും മനസ്സിലാക്കി പരിചരിച്ചാൽ ദേഷ്യവും സങ്കടവും പരിഹരിക്കുവാൻ സാധിക്കും.

**രോഗത്തിന്റെ വിവിധ ഘട്ടങ്ങൾ**

ഘട്ടം ഘട്ടമായാണ് രോഗം മൂർച്ഛിക്കുന്നത്. ഒന്നിനോടും താത്പര്യമില്ലായ്മ, പ്രത്യേകിച്ച് വീട്ടുകാര്യങ്ങൾ, വിനോദങ്ങൾ ഇവയോടുള്ള താത്പര്യം കുറയുന്നു. അതുപോലെ ആശയവിനിമയത്തിനുള്ള സാമർത്ഥ്യവും സ്ഥലകാല ബോധവും ഇല്ലാതെയാകുന്നു. സാഹചര്യങ്ങളോട് പൊരുത്തപ്പെടുവാൻ വളരെ പ്രയാസം ഉണ്ടാകുന്നു. തീരുമാനങ്ങൾ എടുക്കുവാൻ പ്രയാസമാണ്. സാധനങ്ങൾ സൂക്ഷിച്ചുവച്ചിട്ട് മറന്നു പോവുക, അത് മോഷ്ടിച്ചെന്ന് മറ്റുള്ളവരെ കുറ്റപ്പെടുത്തുക എന്നിവ സംഭവിക്കാം. തൊട്ടടുത്ത കാര്യങ്ങൾ മറന്നുപോകുന്നു. അതുപോലെ അലഞ്ഞു തിരിയുക, വീട്ടിൽ നിന്ന് പുറത്തേക്ക് പോകുവാനുള്ള പ്രവണത എന്നിവ വർദ്ധിക്കുന്നു. ഇത് മറവിയിൽ നിന്ന് ഉത്ഭവിക്കുന്നതാണെന്ന് മനസിലാക്കി അവർക്ക് താത്പര്യമുള്ള വിഷയങ്ങളിൽ ശ്രദ്ധ തിരിക്കുകയാണ് പരിചരിക്കുന്നവർ ചെയ്യേണ്ടത്. ഇവർ അവരുടെ പഴയകാലത്ത് ജീവിക്കുന്നു എന്നറിഞ്ഞ് പെരുമാറുക. അവർ സംസാരിക്കുന്ന വിഷയത്തിൽ അവരോടൊപ്പം പങ്കുചേരുക.

**രോഗി അനുഭവിക്കുന്ന മറ്റു ബുദ്ധിമുട്ടുകൾ**

ഉറക്കക്കുറവ്, മറ്റ് രോഗങ്ങൾ, ദാഹം, വിശപ്പ്, മലമൂത്ര വിസർജ്ജനത്തിനുള്ള അസ്വസ്ഥത, വിഷാദരോഗം, ഭയം, ഏകാന്തത, മാനസിക രോഗം എന്നീ പല അസ്വസ്ഥതകളിലൂടെ ഈ രോഗം കടന്നു പോകുന്നു. അവരുടെ മാനസിക അവസ്ഥ മനസ്സിലാക്കി അവർക്ക് വേണ്ട വൈദ്യസഹായവും പരിചരണവും നൽകുകയാണ് ആവശ്യം.

**മറവിരോഗത്തെ എങ്ങനെ പ്രതിരോധിക്കാം?**

രക്തസമ്മർദ്ദം, പ്രമേഹം, കൊളസ്ട്രോൾ തുടങ്ങിയവ പ്രത്യേകിച്ച് മുപ്പത് വയസ്സിനുശേഷം യഥാസമയങ്ങളിൽ പരിശോധിച്ച് ആവശ്യമുള്ള ചികിത്സ ഉറപ്പുവരുത്തുക.

- കൊഴുപ്പ് അധികമുള്ള ഭക്ഷണങ്ങൾ കുറയ്ക്കുക, പഴങ്ങളും പച്ചക്കറികളും ഭക്ഷണത്തിൽ കൂടുതൽ ഉൾപ്പെടുത്തുക.
- കൃത്യമായ വ്യായാമങ്ങളിൽ ഏർപ്പെടുക.
- മാനസിക പിരിമുറുക്കം ലഘൂകരിക്കുക, ആരോഗ്യപരമായ സാമൂഹിക പങ്കാളിത്തം, സൗഹൃദം എന്നിവ നിലനിർത്തുക.

പുതിയ അറിവുകൾ നേടുക, വായന, പദപ്രശ്നങ്ങൾ തുടങ്ങിയവ മാനസിക വ്യായാമങ്ങളിൽ ഏർപ്പെടുക. ഈ രോഗത്തെ പൂർണ്ണമായി ചികിത്സിച്ച് മാറ്റുവാൻ മാർഗങ്ങൾ ഇന്ന് നിലവിലില്ല. എന്നാൽ സമർപ്പണ ബോധവും അനുകമ്പയും നിബന്ധനകളില്ലാത്ത സ്നേഹവുമാണ് ഇങ്ങനെയുള്ള രോഗികളെ പരിചരിക്കുന്നതിന് ആവശ്യം ●

കവിത

# മഴ നനയുമ്പോൾ

മഴ നനയുമ്പോൾ കുടയാകുവാൻ
ഓടി വന്നു ചിലർ
ഇനിയും നനയുന്ന മഴയിലെങ്ങോ
പോയ് മറഞ്ഞവർ
വേനലിന്റെ കൊടും ചൂടിൽ
കാറ്റാകുവാൻ വന്നവർ
വിയർപ്പിൽ കുളിച്ച എന്നെ മെല്ലെ
വിട്ടകന്നവർ ഒന്നൊന്നായി

തീരത്തണഞ്ഞ എൻ പാദങ്ങൾക്ക്
തിരയാകുവാൻ വന്നവർ
മാറാതെ നിന്ന എൻപാദങ്ങളെ
മണ്ണിലാഴ്ത്തിയവർ
നെഞ്ചു നുറുങ്ങിയ രാവുകളിൽ
കൂട്ടിരിക്കാൻ വന്നവർ
ഇരുട്ടിന്റെ നൊമ്പരങ്ങളിലെപ്പോഴോ
അകന്നു പോയവർ പാദങ്ങൾ

തിരകളിൽ പാദമിടറാതിരിക്കാൻ
കൂമന്റെ മൂളലിൽ പതറാതിരിക്കാൻ
മഴ നനയുമ്പോൾ ഒപ്പം ചേർന്നിരിക്കാൻ
കൂട്ടിനായി നീ വരുമോ എന്നും



റവ. ഡോ. രഞ്ജൻ നെല്ലിമൂട്ടിൽ

കവിത

# പാപിനി

പൌരുഷമുള്ള പുരുഷന്മാർ ചുറ്റിലും
പാപിനിയാമവളേകാകിയായ്
പണ്ടൊരു നാൾനിന്നു ക്രിസ്തുവിൻ സന്നിധൗ
പണ്ഡിതന്മാരവരൊത്തുകൂടി!

പാപിനിയാണിവൾ ഞങ്ങൾ പിടികൂടി
പാപകർമ്മത്തിൽ വ്യഭിചാരിയെ
നീവിധി കൽപ്പിക്കയിക്ഷണം സൽഗുരോ
ജീവിക്കരുതിനി മേലിലിവൾ !.

കല്ലെറിഞ്ഞിന്നു കൊല്ലേണമിവൾക്കില്ല
തെല്ലോരവകാശം ജീവിക്കുവാൻ
ന്യായപ്രമാണ മനുശാസിക്കുന്നോരു
ന്യായമായുള്ള വിധിയിതുതാൻ

പാപമില്ലാത്ത പരിശുദ്ധസംഘത്തിൻ
പാവനമായുള്ള വാക്കുകേട്ടാ
പാപവിനാശകൻ മെല്ലവേ മേലോട്ട്
പാപിനിതൻ മുഖത്തേക്ക് നോക്കി!
പാപഭാരത്താൽ വിതുമ്പിതയായ് മുഖം
താഴ്ത്തി വിറച്ചു വിറച്ചു നിൽക്കും
വിശ്വമനസാക്ഷിയിൻ ക്ഷതമേറ്റൊരാ
വിശ്വാസിനിയോടലിവുതോന്നി

വീണ്ടും മുഖംതിരിച്ചാവിശുദ്ധന്മാരോ
ടായിട്ടുരച്ചവനാജ്ഞപോലെ
നിങ്ങളിൽ പമില്ലാത്തവനാദ്യമായ്
കല്ലെറിയട്ടെയീ പാപിനിയെ!

തൽക്ഷണം കല്ലുകളോരോന്നായ് താഴേക്കു
വീണു മണ്ണിന്റെ മാറിൽപ്പതിച്ചു
സ്വന്ത വിശുദ്ധിയെക്കാണുവാൻ തങ്ങൾ
ക്കൊരുവാക്കുമാത്രം മതിയായിപോൽ !



**ചാക്കോ ഇട്ടിച്ചെറിയ**
St.Thomas Mar Thoma Church
Lombard, Chicago. U S A



## അറിയിപ്പ്

ഉപരിപഠനത്തിന് എപ്പിസ്ക്കോപ്പൽ സിനഡ് അനുവദിച്ചിട്ടുള്ള പട്ടക്കാർ അഭി. മെത്രാപ്പോലീത്തായുടെ സർക്കുലർ നം. 35 പ്രകാരം സിനഡിനു നൽകുന്ന സാമ്പത്തിക സഹായത്തിനുള്ള അപേക്ഷ 2023 ജനുവരി 16 - നകം **sabhasecretary@marthoma.in** എന്ന ഇമെയിലിൽ അയണ്ടേണ്ടതാണ്. അപേക്ഷാ ഫോം സഭയുടെ വെബ്സൈറ്റിൽ (**https://marthoma.in/wp-content/uploads/2021/12/Application-for-clergy-Higher-Education-Financial-Aid-1.pdf**) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**റവ. സി. വി. സൈമൺ**
സഭാ സെക്രട്ടറി

## മലങ്കര മാർത്തോമ്മാ സുറിയാനി സഭ

## അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത പട്ടത്വ സുവർണ്ണ ജൂബിലി പ്രോജക്ട്.

അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ പട്ടത്വ സുവർണ്ണ ജൂബിലിയുടെ ഭാഗമായി സഭാ കൗൺസിൽ തീരുമാനിച്ച പ്രകാരം താഴെപ്പറയുന്ന രണ്ട് പുതിയ ജീവകാരുണ്യ പദ്ധതികളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു:

1. അഭയം: സ്വന്തമായി ഭവനം ഇല്ലാവർക്കും കിടപ്പാടമില്ലാത്തവർക്കും (Homeless and Landless) പാർപ്പിടം ഒരുക്കുന്ന പദ്ധതിയാണ് അഭയം. ഒരു ഭവനത്തിന് 7.5 ലക്ഷം രൂപ നിർമ്മാണ ചെലവ് പ്രതീക്ഷിക്കുന്നു. ജാതിമത ഭേദമെന്യേ അതത് ഇടവക വികാരിമാരുടെ സാക്ഷ്യ പത്രത്തോടൊപ്പം ലഭിക്കുന്ന അപേക്ഷകളിൽ നിന്നും അർഹരായവരെ തിരഞ്ഞെടുക്കും. ഭവന നിർമ്മാണത്തിന് ഓരോ ഘട്ടം പൂർത്തിയാക്കുമ്പോൾ ഗഡുക്കളായി 5 ലക്ഷം രൂപവരെ നൽകും. ബാക്കി തുക അപേക്ഷകരോ, സ്പോൺസർ ചെയ്യുന്ന ഇടവകകളോ നൽകി നിശ്ചിത സമയത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്.
2. ലക്ഷ്യ: 12-ാം ക്ലാസ് പൂർത്തിയാക്കി സാമ്പത്തിക പരിമിതികൾ മൂലം ഉപരിപഠനം തുടരാനാകാത്ത സമർത്ഥരായ വിദ്യാർത്ഥികൾക്കു തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിക്കുന്നതിന് 5 ലക്ഷം രൂപ വരെ സഹായധനം നൽകുന്ന പദ്ധതിയാണ് ലക്ഷ്യ. തിരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകരോ സ്പോൺസർ ചെയ്യുന്ന ഇടവകയോ ഒരു വർഷത്തെ ഫീസ് നൽകേണ്ടതാണ്.

അപേക്ഷാ ഫോറം സഭാ ആഫീസിൽ നിന്നും നേരിട്ടും സഭയുടെ വെബ്സൈറ്റ് www.marthoma.in (downloads) ൽ നിന്നും ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷ ലഭിക്കേണ്ട അവസാന തീയതി **2023 ഫെബ്രുവരി 15.**

അപേക്ഷ അയയ്ക്കേണ്ട വിലാസം

***സഭാ സെക്രട്ടറി, മാർത്തോമ്മാ സഭാ ആഫീസ്, തിരുവല്ല - 689101, പത്തനംതിട്ട, കേരളം***

**വെരി റവ. ജോർജ്ജ് മാത്യു**
കൺവീനർ

### Late Prof. V. Titus Varghese Memorial Fund

### APPLICATIONS INVITED FOR SCHOLARSHIP

Applications invited for financial assistance for the following causes:

1. Support to individual scholars who undertake biographic research into the lives and witness of Mar Thoma Church Metropolitans.
2. Support to Post Graduate/PhD students pursuing value - adding research into the history of Mar Thoma Church.

The application with required particulars should reach the Sabha Secretary, Mar Thoma Sabha Office, Thiruvalla, Kerala - 689101, before January 31, 2023. Applications should contain bio-data, details of institutions where studies/work are being pursued. Attach the first page of the Bank Passbook of the applicant.

**Rev. C.V. Symon**, Sabha Secretary

### പ്രാദേശിക ഇടവകകളുടെ ശാക്തീകരണം ദർശനം രീതിശാസ്ത്രം പ്രയോഗം




മാർത്തോമ്മാ ചർച്ച് ആനിമേഷൻ സെന്റർ പ്രസിദ്ധീകരിച്ച ഈ പുസ്തകം വളരെ വിലപ്പെട്ടതാണ്. ഇടവകകളെ ശാക്തീകരിക്കുവാൻ ആഗ്രഹിക്കുന്ന എല്ലാ പട്ടക്കാർക്കും ആത്മായ നേതാക്കൾക്കും ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു കൈപുസ്തകമാണ്. ഓരോ ഇടവകയും എന്തായിരിക്കണം എങ്ങനെ വളരണം എന്നതിനെ പ്പറ്റി വ്യക്തമായ ഒരു കാഴ്ചപ്പാട് രൂപപ്പെടുത്താൻ ഈ പുസ്തകം ഏറെ സഹായകരമാണ്. പ്രാദേശിക ഇടവകയുടെ ദർശന പരമായ ചട്ടക്കൂട് സവിസ്തരമായി പ്രതിപാദിക്കുന്നതോടൊപ്പം ആ ദർശനങ്ങൾ എങ്ങനെ പ്രാവർത്തികമാക്കാം എന്നതും ഈ പുസ്തകത്തിന്റെ അന്വേഷണ വിഷയമാണ്. "പാരിഷ്മാപ്പിംഗ് അതിന്റെ വിശകലനം, പ്രയോഗം എന്നീ കാര്യങ്ങൾ എല്ലാവർക്കും ഏറ്റം പ്രയോജനകരമാണ്. ഇടവകതല ശാക്തീകരണത്തിൽ ശ്രദ്ധിക്കേണ്ട മേഖലകൾ ഈ പുസ്തകം ചൂണ്ടിക്കാണിക്കുന്നുണ്ട്. ഈ പുസ്തകം അവസാനിക്കുന്നത് ജനപങ്കാളിത്തത്തോടെ ചെയ്യേണ്ട പ്രായോഗിക വഴികളുടെ ചിത്രം അവതരിപ്പിച്ചുകൊണ്ടാണ്. ഈ പുസ്തകത്തിലെ ഉൾക്കാഴ്ചകൾ പ്രാദേശിക, സെന്റർ തലത്തിൽ ചർച്ചചെയ്ത് പ്രായോഗികമാക്കുമെങ്കിൽ അത് സഭയുടെ ആകമാന വളർച്ചയ്ക്ക് വളരെ സഹായകരമാകും. ഈ കൈപുസ്തക പ്രസിദ്ധീകരണത്തിൽ മുൻകൈ എടുത്ത ആനിമേഷൻ സെന്ററിനെ അഭിനന്ദിക്കുന്നു.

**റവ. ഡോ. എബ്രഹാം പി. അത്യാൽ**

---

### ജനനം...ജീവിതം...നിത്യത




കഥകൾ രസകരമായി പറയാനാണ് മനുഷ്യജന്മം. തന്മാത്രകൾ കൊണ്ടല്ല കഥകൾ കൊണ്ടാണ് ലോകം നിർമ്മിച്ചിരിക്കുന്നതെന്ന് ആലങ്കാരികമായി പറയാറുണ്ട്.കഥപറച്ചിലിന്റെ വരദാനം എല്ലാവർക്കുമില്ല. എന്നാൽ ഭാഷാവരം കൊണ്ട് കാലം അനുഗ്രഹിച്ച വ്യക്തിയാണ് കുറിയന്നൂർ എം. ടി. ഹൈസ്കൂൾ മുൻ അധ്യാപകൻ പി. വി.തോമസ്. വായനക്കാരെ ഏതാണ്ട് 150 വർഷത്തെ ഓർമ്മചരിത്രത്തിലൂടെയാണ് ആനയിക്കുന്നത്. തടിയൂർ പണിക്കന്റേത്ത് കുഞ്ഞോമ്മാ എന്ന പൂർവസൂരിയായ മുത്തച്ഛന് സമർപ്പിക്കുന്നത് മുതൽ അഞ്ച് മാർത്തോമ്മാ മെത്രാപ്പോലീത്തമാരെ സഭക്ക് നൽകിയ പാലക്കുന്നത്ത് തറവാട്ടിലെ ജോസഫ് മാർത്തോമ്മായെ വരെ സ്മരിക്കുന്നതിലൂടെയാണിത്. നാം ഏറ്റവും ഭയപ്പെടുന്നതും നേരിടാൻ നമുക്ക് യാതൊരു പരിശീലനവും ഇതുവരെയും കിട്ടാത്തതുമായ മരണം എന്ന യാഥാർത്ഥ്യത്തിനു വേണ്ടി ഏകദേശം 14 അധ്യായങ്ങളാണ് ലേഖകൻ വേർ തിരിച്ചിരിക്കുന്നത്. മാർത്തോമ്മാ സഭയുടെ ചരിത്രത്തിലൂടെ ക്രൈസ്തവ വിശ്വാസത്തെ ധന്യമാക്കിയ മാത്യൂസ് മാർ അത്താനാസിയോസും കാണ്ടമ്മ കൊച്ചമ്മയുമൊക്കെ ഇതിനിടെ ഇടം പിടിക്കുന്നു എന്നതാണ് ഈ ഗ്രന്ഥത്തിന്റെ മറ്റൊരു സവിശേഷത.ആസ്വാദനത്തിന്റെ വസന്തമായി ഈ സൃഷ്ടി മാറട്ടെ.

**പി. വി. തോമസ്
പണിക്കന്റേത്ത്**

**വർഗീസ് സി.തോമസ്**

## അനുസ്മരണം



മാരാമൺ മാർത്തോമ്മാ ഇടവകാംഗമായ **റവ. വി. എം. മാത്യു (78)** 2022 ഒക്ടോബർ മാസം 15-ാം തീയതി നിര്യാതനായി. 9 വർഷം ഡി. എസ്. എം. സി. ഡയറക്ടറായിരുന്നു. അച്ചൻ ഒരു നല്ല ഗായകനും, ഗാനരചിതാവും ആയിരുന്നു. 41 വർഷം സഭാ ശുശ്രൂഷയിൽ പ്രവർത്തിച്ചു. 2009 ജൂൺ 16 ന് സജീവസേവനത്തിൽ നിന്ന് വിരമിച്ചു. ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലിത്ത, ഡോ. ഏബ്രഹാം മാർ പൗലോസ്, ഡോ.ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എന്നി അഭിവന്ദ്യ തിരുമേനിമാർ സംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നല്കി. ബസ്ക്യാമ കരിക്കാട്ടൂർ അമ്പാട്ട് മോളി, മക്കൾ: ക്രിസ്റ്റി, ക്രിസ്റ്റോസ് മരുമക്കൾ: ഡെയ്സി, അനിത.

**റവ. ജോർജ്ജ് ഏബ്രഹാം**
വികാരി

**റവ. വി. എം. മാത്യു**



മാരാമൺ മാർത്തോമ്മാ ഇടവകാംഗമായ **റവ. ജി. യോഹന്നാൻ (74)** 2022 നവംബർ മാസം 24-ാം തീയതി നിര്യാതനായി. 38 വർഷം സഭാ ശുശ്രൂഷയിൽ പ്രവർത്തിച്ചു. 2013 മാർച്ച് 30 ന് സജീവസേവനത്തിൽ നിന്ന് വിരമിച്ചു. പടിഞ്ഞാറേ കല്ലട ഇമ്മാനുവേൽ ഇടവകാംഗമായിരുന്നു. (ബസ്ക്യാമ: പേരയം കുളങ്ങര പൊന്നമ്മ മക്കൾ: വത്സൻ, നിസ്സി മരുമക്കൾ : ഗ്രേസ്, റവ. ഐസക് മാത്യു (രാമപുരം മാർത്തോമ്മാ ഇടവക വികാരി). ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത, തോമസ് മാർ തീമത്തിയോസ്, ഡോ. ഐസക് മാർ ഫീലക്സിനോസ്, ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ്, ഡോ. ഏബ്രഹാം മാർ പൗലോസ് എന്നി അഭിവന്ദ്യ തിരുമേനിമാർ സംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

**റവ. ജോർജ്ജ് ഏബ്രഹാം**
വികാരി

**റവ. ജി. യോഹന്നാൻ**

**MAR THOMA INSTITUTE OF INFORMATION TECHNOLOGY**

Owned and managed by Mar Thoma Educational Technical Training and Research Centre , Mar Thoma Kendram Mannanthala, Trivandrum
An ISO 9001-2015 Certified Institution, Affiliated to the University of Kerala , Approved by the AICTE
Chadayamangalam PO, Kollam, Kerala, 691534

www.miitayur.org, Email : principal@miitayur.org

**WANTED**

**Asso. Professors, Asst. Professors**

**Innovative, Inspiring and Dedicated faculties for MBA specialized in Finance / Accountancy and Marketing**

Send your Application and CV by Post to The Principal
or E mail to principal@miitayur.org
Mob No. 9400585010

Courses Offered

**MBA**

**MCA**

For Admission enquiries
94 47 04 66 37


# അപേക്ഷകൾ ക്ഷണിക്കുന്നു

മാർത്തോമ്മാ സഭയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന യുവതീയുവാക്കൾക്ക് താഴെപ്പറയുന്ന കോഴ്സുകൾക്ക് സാമ്പത്തിക സഹായം നൽകുന്നതാണ്:-

1. Engineering and Medical Entrance Examination: 2-ാം വർഷ +2 ക്ലാസുകളിൽ പഠിക്കുന്ന 5 വിഷയത്തിലെങ്കിലും B+ Grade or above 70% ൽ കൂടുതൽ മാർക്കോടെ S. S. L. C./Equivalent പരീക്ഷ പാസ്സായവർക്കും അല്ലെങ്കിൽ 65% മാർക്കോടെ Plus II പരീക്ഷ പാസ്സായി മേൽപ്പറഞ്ഞ പരീക്ഷ എഴുതുന്നവർക്ക് അപേക്ഷിക്കാവുന്നതാണ്. പരമാവധി സാമ്പത്തിക സഹായം 10,000 രൂപ.
2. JRF, NET, SET: 60% മാർക്കോടെ M.A./M.Com അല്ലെങ്കിൽ 65% മാർക്കോടെ M.Sc. പരീക്ഷ പാസ്സായവർക്ക് അപേക്ഷിക്കാവുന്നതാണ്. പരീക്ഷാഫലം കാത്തിരിക്കുന്നവർക്ക് 1-ാം വർഷ പരീക്ഷയിൽ മേൽപ്പറഞ്ഞ രീതിയിൽ മാർക്ക് ലഭിച്ചിട്ടുണ്ടെങ്കിലും അപേക്ഷിക്കാവുന്നതാണ്. പരമാവധി സാമ്പത്തിക സഹായം 15,000 രൂപ.
3. Civil Services: B.A./B.Com പരീക്ഷകൾ 60% മാർക്കോടെ അല്ലെങ്കിൽ B.Sc പരീക്ഷ 65% മാർക്കോടെ പാസ്സായവർക്ക് അപേക്ഷിക്കാവുന്നതാണ്. Preliminary പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നവർക്കും പരീക്ഷ പാസ്സായവർക്കും അപേക്ഷിക്കാവുന്നതാണ്. പരമാവധി സാമ്പത്തിക സഹായം 20,000 രൂപ.
4. Management Studies: 60% മാർക്കോടെ Arts/Commerce പരീക്ഷയും 65% മാർക്കോടെ Science/ Engineering പരീക്ഷയും പാസ്സായ, ഇപ്പോൾ മാനേജ്മെന്റ് സ്റ്റഡീസ് വിദ്യാർത്ഥികളുമായവർക്ക് അപേക്ഷിക്കാവുന്നതാണ്. പരമാവധി സാമ്പത്തിക സഹായം 10,000 രൂപ.
5. CA Foundation Course: Institute of Chartered Accountants in India നടത്തിയ Intermediate of CA പരീക്ഷ പാസ്സായവർക്ക് അപേക്ഷിക്കാവുന്നതാണ്. പരമാവധി സാമ്പത്തിക സഹായം 15,000 രൂപ.

രക്ഷിതാക്കളുടെ വാർഷിക വരുമാനം 2 ലക്ഷത്തിൽ കൂടുതൽ ഉള്ളവർ അപേക്ഷിക്കേണ്ടതില്ല. അപേക്ഷാ ഫോറം സഭാ ആഫീസിൽ നിന്നും നേരിട്ടും സഭയുടെ വെബ്സൈറ്റ് www.marthoma.in (downloads) ൽ നിന്നും ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 2023 ജനുവരി 31. അപേക്ഷകന്റെ ബാങ്ക് പാസ്സ് ബുക്ക് ഒന്നാം പേജിന്റെ കോപ്പി അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ്.

അപേക്ഷ അയയ്ക്കേണ്ട വിലാസം

സഭാ സെക്രട്ടറി, മാർത്തോമ്മാ സഭാ ആഫീസ്, തിരുവല്ല - 689101, പത്തനംതിട്ട, കേരളം.

**റവ. സി.വി. സൈമൺ**
സഭാ സെക്രട്ടറി

# CHRISTUKULA MISSION INSTITUTIONS FOR EDUCATION

Mahadeva P.O, Patheri, Satna, Madhya Pradesh – 485001.

Managed by the: **MAR THOMA EVANGELISTIC ASSOCIATION, THIRUVALLA**



**CHRISTUKULA MISSION HIGHER SECONDARY SCHOOL** (Estd. 1966)
A Co-Educational School, affiliated to CISCE, New Delhi from Classes 1 to 12.

**WANTED TRAINED TEACHERS FOR**
**ENGLISH, PHYSICS, CHEMISTRY, COMPUTER, MATHS & SOCIAL SCIENCES**

School Correspondence for submitting Application:
Mob: **6265325720, 9301305838**
email: **ckm_s@yahoo.co.in**

## CHRISTUKULA MISSION ENGLISH MEDIUM DEGREE COLLEGE (Co-Education) & CHRISTUKULA MISSION B. Ed COLLEGE

(Affiliated to Awadesh Pratap Singh (APS) University, Rewa, Madhya Pradesh)
Established as Golden Jubilee Projects of the Christukula Mission Higher Secondary School in 2016 - 2017.

UG COURSES: **BBA, BCA, B. Com Honours/Economics/Computer Applications, B. Sc (Microbiology-Biotechnology-Chemistry), B. Sc (Physics-Chemistry-Maths), B.A (English-History-Philosophy)**
PG COURSES: **M. Com – Management/Accountancy/Commerce, B. Ed: Two-Year Course**

### Requirement for Post of Principal & Asst. Professor

As per UGC Guidelines and NCTE norms, we need faculty to teach in the B.Ed. College in the disciplines of: **Science & its Pedagogy, Social Sciences & its Pedagogy**

Candidates applying for the post of Principal must have Ph.D. in Education along with M.Ed. and minimum qualification for Asst. Professor is M.Ed.

College Correspondence for Admission & Job Application:
Mob: **9755729130** (Degree) / **7509821500** (B.Ed. College)
email: ckm_c2016@yahoo.com

Promoted By **CHRISTU BANDHU KULAM ASHRAM. SATNA** (Estd.1952)
• Serene Atmosphere with Natural Landscape • Christian Community & Prayer Fellowships
• Ashram Hostel for Women and Quarters for Men Staff along with Mess facility • Integrated Farming & Livestock Rearing



**ഡൽഹി ഭദ്രാസന ക്രിസ്തുമസ് ആഘോഷം**
**Gloria in Excelsis -2022**



**ഡൽഹി ഭദ്രാസന യൂത്ത് കോൺഫറൻസ്, സത്ന**




**ഡൽഹി ഭദ്രാസന സേവികാസംഘം വാർഷിക പഠന സമ്മേളനം**



**ഡോ. ഐസക് മാർ ഫീലക്സിനോസ് എപ്പിസ്കോപ്പ അമേരിക്കൻ എപ്പിസ്കോപ്പൽ ചർച്ച് പ്രിസൈഡിംഗ് ബിഷപ്പ് മൈക്കിൾ ക്യാരി മറ്റ് ബിഷപ്പുമാർ എന്നിവരോടൊപ്പം 53–ാം സൗത്ത് ഫ്ളോറിഡ എപ്പിസ്കോപ്പൽ കൺവെൻഷനിൽ**



**ഡെറാഡൂൺ വെച്ച് നടന്ന ഡൽഹി ഭദ്രാസന വാർഷിക വൈദിക സമ്മേളനം**

Registered with the Registrar of Newspapers of India under Licence No.7958/57 Postal Registration No. KL/TLA/13/2021-23 Licenced to post without prepayment of postage

Published on 01-01-2023

Licence No. KL/TLA/WPP/22/2021-23

MALANKARA SABHA THARAKA



## HAVE YOU READ THE LATEST SABHA THARAKA?

Key Features

- Metropolitan's Note
- Bishop's Note
- Relevant Monthly Themes
- Biblical Studies
- Theme Based Articles
- Mar Thoma Sabha News Updates

**SUBSCRIBE TODAY & BE UPDATED!**

**Annual Membership** - Rs. 200/-
**Life Membership** - Rs. 3500/- (25 years)

**To subscribe:** Make your payment online/cheque & send payment details/ screenshot along with name, address, phone and email to *sabhatharaka@yahoo.com*

**Bank Details** :
A/c Name : Malankara Sabha Tharaka
Bank : Federal Bank, Thiruvalla
A/c# 10290100032932 IFSC: FDRL0001029

## അടുത്ത ലക്കങ്ങളിലെ ചിന്താവിഷയങ്ങൾ

2023 ഫെബ്രുവരി: **ജീവന്റെ ഉറവകൾ തേടി വചന തീരത്ത്**

2023 February**: In search of life streams at the sandbed of Word**

2023 മാർച്ച്: **നോമ്പ്: ജീവോന്മുഖ യാത്ര**

2023 March**: Lent: Journey towards life**

2023 ഏപ്രിൽ: **ഉത്ഥാനം – സാദ്ധ്യതകളിലേക്കുള്ള തുറവി**

2023 April**: Resurrection - Openness towards possibilities**

Printed and Published by Rev. Mammen Samuel on behalf of the Malankara Sabha Tharaka, Tiruvalla. Owned by The Mar Thoma Syrian Church and printed at Mar Thoma Press, Thiruvalla - 689 101 and published at Mar Thoma Sabha Office, Thiruvalla - 689 101, Kerala. Chief Editor: Rev. Dr. Easow Mathew